മക്കരപ്പറമ്പ ഗ്രാമപഞ്ചായത്ത്



ജനകീയാസൂത്രണ പ്രസ്ഥാനം

സമഗ്ര വികസന റിപ്പോർട്ട്

ഉന്നത സഭകളിൽ
മക്കരപ്പറമ്പിന്റെ പ്രാതിനിധ്യം

ലോകസഭ

ജി.എം. ബനാത്ത്‌വാലാ സാഹിബ്

നിയമ സഭ



കെ. പി. എ. മജീദ് സാഹിബ്

ജില്ലാ പഞ്ചായത്ത്



സലീം കരുവമ്പലം

ബ്ലോക്ക് പഞ്ചായത്ത്

കെ. ആമിന ടീച്ചർ.

മലപ്പുറം ജില്ല



ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

മക്കരപ്പറമ്പ ഗ്രാമപഞ്ചായത്ത്

വികസന സെമിനാർ

23 - 11 - 1996

സമഗ്ര വികസന റിപ്പോർട്ട്

" ഇന്ത്യയിലുള്ള എല്ലാം എ
ന്നെ ആകർഷിക്കുന്നു. ഉന്നതാഭി
ലാഷമുള്ള ഏതൊരു മനുഷ്യജീ
വിക്കും വേണ്ടതെല്ലാം ഇവിടെയു
ണ്ട്. അമ്മയുടെ മാറിടത്തിൽ പറ്റി
പ്പിടിച്ചിരിക്കുന്ന ഒരു ശിശുവി
നെപ്പോലെ ഞാൻ ഇന്ത്യയെ ആ
ശ്ലേഷിക്കുന്നു. കാരണം അത്
ആത്മീയ ആഹാരം നൽകുന്നതാ
യി എനിക്ക് അനുഭവപ്പെടുന്നു."

- മഹാത്മാ ഗാന്ധി

എഡിറ്റോറിയൽ ബോർഡ്

എഡിറ്റർ
സി.പി. സൈതലവി

എഡിറ്റോറിയൽ സ്റ്റാഫ്
കെ.കെ. ആബിദ് ഹുസൈൻ തങ്ങൾ
സി. അബു മാസ്റ്റർ
പി. മുഹമ്മദ് മാസ്റ്റർ
കെ. വാസുദേവൻ മാസ്റ്റർ
എം. ഹസ്സൻ
പി. മൊയ്തീൻ കുട്ടി മാസ്റ്റർ
വി. വിജയൻ

Design, Layout & Type Setting
ZAINUDHEEN MADATHIL
D.T.P & Printing
DATAFLEX DTP & OFFSET
City tower, Pandikkad Road,
MANJERI

"കർമ്മപഥത്തിൽ കാലടികൾ
വെക്കുന്നവരെയാണ്
പ്രകൃതി അനുഗ്രഹിക്കുന്നത്
പ്രകൃതിയുടെ സ്ഥിരമായ നിയമമാണത്
ചരിത്രത്തിന്റെ വഴങ്ങാത്ത നിയമമാണ്"

- അല്ലാമാ മുഹമ്മദ് ഇഖ്ബാൽ

ഉള്ളടക്കം

1. ആമുഖം
2. പഞ്ചായത്ത്: പൊതുവിവരണം
3. സാമൂഹിക-സാംസ്കാരിക ചരിത്രം
4. ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവം
5. സാമൂഹിക സാമ്പത്തിക മേഖലകൾ
   - 5-1. കൃഷിയും ജലസേചനവും
   - 5-2. മൃഗസംരക്ഷണവും മത്സ്യബന്ധനവും
   - 5-3. വ്യവസായം
   - 5-4. വിദ്യാഭ്യാസം
   - 5-5. കുടിവെള്ളവും പൊതുജനാരോഗ്യവും
   - 5-6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
   - 5-7. പാർപ്പിടവും സാമൂഹ്യക്ഷേമവും
   - 5-8. സംസ്കാരം
   - 5-9. വനിത
   - 5-10. സഹകരണം
   - 5-11. പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം
   - 5-12. വിഭവസമാഹരണം
6. ഉപസംഹാരം

മക്കരപ്പറമ്പ്
ഗ്രാമപഞ്ചായത്ത് ഭരണസമിതി

കെ.കെ.എസ്. തങ്ങൾ (Late)
(സ്ഥാപക പ്രസിഡൻറ്)

വി.പി. മുഹമ്മദ്
(മുൻ പ്രസിഡൻറ്)

കെ.കെ. ആബിദ്ഹുസൈൻ തങ്ങൾ
(പ്രസിഡൻറ്)

സി. അബുമാസ്റ്റർ
(വൈസ് പ്രസിഡൻറ്)

പി. ഹസ്സൻ
(സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ)

പി. വിജയൻ
[illegible]

പി. മുഹമ്മദ് മാസ്റ്റർ
(ജനകീയാസൂത്രണ പ്രസിഡൻറ്)

അംഗങ്ങൾ

പി. നഫീസ

പി. കദീജ

കെ. സുലൈഖ

പി.പി. മൊയ്തു

പി.പി. സുധാകരൻ

ഒന്ന്

ആമുഖം

അധികാരം ജനങ്ങളിലേക്ക് എന്ന, ജനാധിപത്യത്തിന്റെ അടിസ്ഥാനപ്രമേയം സാക്ഷാൽക്കരിക്കാൻ നമ്മുടെ രാജ്യത്ത് നടന്ന എണ്ണമറ്റ പ്രക്രിയകളിൽ ഏറ്റവും പുതിയ ചുവടുവെപ്പാണ് ജനകീയ ആസൂത്രണ പരിപാടി. നൂറ്റാണ്ടുകൾ നീണ്ട സമരപരമ്പരകളിലൂടെ വിദേശഭരണത്തിനറുതി വരുത്തിയ ശേഷം നമ്മുടെ രാജ്യത്ത് ജനാധിപത്യ ഭരണക്രമം സ്ഥാപിക്കപ്പെട്ടു. വികസിതരാഷ്ട്രങ്ങളുമായുള്ള താരതമ്യത്തിൽ നൂറ്റാണ്ടുകളുടെ ദൂരം പിറകിലായിരുന്നു സ്വാതന്ത്ര്യപിറവിയുടെ മുഹൂർത്തത്തിൽ ഇന്ത്യ.

ദീർഘവീക്ഷണവും ഭരണതന്ത്രജ്ഞതയുമുള്ള രാഷ്ട്രനേതൃത്വം പഞ്ചവത്സരപദ്ധതികളിലൂടെയും, സാമൂഹ്യ വികസന പരിപാടികളിലൂടെയും രാജ്യപുരോഗതിയുടെ പുതിയ പാത തുറന്നു. മതേതരത്വവും സോഷ്യലിസവും നമ്മുടെ ജനാധിപത്യ വ്യവസ്ഥിതിയോട് ചേർന്നതോടെ ഇന്ത്യയുടെ മുഖഛായ മാറി. മതങ്ങളും ദർശനങ്ങളും ചിന്താപ്രസ്ഥാനങ്ങളും പ്രാചീനശീലങ്ങളും പുതിയ രാഷ്ട്രിയ സംഹിതകളും പരസ്പരം ഇഴകിച്ചേർന്ന് ഇന്ത്യയിൽ ഒരു നവസംസ്കാരം രൂപപ്പെട്ടു. കേരളപ്പിറവിയോടെ മലയാള ഭാഷ സംസാരിക്കുന്നവരിൽ ഒരു പ്രാദേശിക ഐക്യം സൃഷ്ടിക്കപ്പെടുകയും സംസ്ഥാനവളർച്ച എന്ന ദൗത്യത്തിലേക്ക് കൂടി ജനകീയ പ്രസ്ഥാനങ്ങളും മുൻകൈ എടുക്കുകയും ചെയ്തു.

ജനങ്ങൾക്ക് വേണ്ടി ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്ന ജനങ്ങളുടെ സർക്കാർ എന്ന ആശയം ജനാധിപത്യത്തിന്റെ മുദ്രയായി നിന്നെങ്കിലും അധികാരം മുകൾപരപ്പിൽ തളംകെട്ടി നിൽക്കുന്ന അവസ്ഥ തന്നെയായിരുന്നു ഏറെക്കാലവും.

ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണെന്ന മഹാത്മജിയുടെ ചിന്തക്ക് പ്രായോഗിക രൂപം നൽകാൻ രാജ്യത്ത് പലപ്പോഴും ഉദ്യമങ്ങളുണ്ടായി. പക്ഷെ ഇതിന് ശക്തവും ഭദ്രവും ഫലപ്രദവുമായ ഒരു ചട്ടക്കൂടും പരിപാടിയും തയ്യാറാക്കാനും 'അധികാര വികേന്ദ്രീകരണം' എന്ന പഞ്ചയാത്ത് രാജ് സ്വപ്നം പ്രായോഗികമാക്കാനും പരേതനായ എം.പി.എം. അഹമ്മദ് കുരിക്കളാണ് ആദ്യം മുന്നിൽ വന്നത്. 1967 ൽ ഇ.എം.എസ്. മുഖ്യമന്ത്രിയായ സപ്തമുന്നണി മന്ത്രിസഭയിൽ തദ്ദേശഭരണവകുപ്പ് മന്ത്രിയായിരുന്ന അഹമ്മദ് കുരിക്കളുടെ പദ്ധതി ദേശീയ തലത്തിൽ തന്നെ പുതുമ പകർന്നു. പക്ഷെ അധികാര ഘടനയുടെ സ്വാഭാവികമായ ഫയൽ നിദ്രയിൽ ഇത് കുരുങ്ങി കിടന്നു. യശശ്ശരീരനായ രാജീവ്ഗാന്ധി പ്രധാനമന്ത്രിയായിരിക്കെ ഭരണഘടനയുടെ 73,74 ഭേദഗതികളിലൂടെ പഞ്ചായത്തീരാജ് സഗരപാലികാ നിയമം ത്രിതല പഞ്ചായത്ത് സംവിധാനം വഴി അധികാരം താഴെതട്ടിലേക്ക് എന്ന സ്വപ്നത്തിന് വീണ്ടും സാധ്യത തെളിഞ്ഞു.

തെരഞ്ഞെടുപ്പ് പ്രക്രിയക്ക് ശേഷം 1995 ഒക്ടോബർ 2 ന് ഗാന്ധി ജയന്തി ദിനത്തിൽ നമ്മുടെ സംസ്ഥാനത്ത് ആദ്യമായി ത്രിതല പഞ്ചായത്ത് സംവിധാനത്തിലൂടെ ജനങ്ങളിലേക്ക് അധികാരം കൈമാറി. ഇതോടെ ആസൂത്രണവും താഴെതട്ടിലേക്ക് വന്നു തുടങ്ങി. സർക്കാറിൽ നിന്നുള്ള ധനസഹായത്തോടൊപ്പം ജനകീയ പങ്കാളിത്തവും കൂടി ചേരുന്നതോടെ പഞ്ചായത്തുകൾ ഇന്ന് അഭിമുഖീകരിക്കുന്ന വികസന പ്രതിസന്ധിക്ക് ഒട്ടൊക്കെ പരിഹാരം കാണാൻ ജനകീയാസൂത്രണ പരിപാടി എന്ന പുതിയ യജ്ഞത്തിന് കഴിയും.

മനുഷ്യവിഭവശേഷി വികസന പ്രവർത്തനങ്ങൾക്ക് ആസൂത്രിതമായി പ്രയോജനപ്പെടുത്തുന്നതിന് ഈ പരിപാടി സഹായകമാകും. രാഷ്ട്രീയ, യുവജന, സന്നദ്ധ പ്രവർത്തകരെയും സാമൂഹ്യ സേവന രംഗത്ത് തൽപരരായവരേയും ഒരുമിച്ച് ചേർത്ത് വികസന സംരംഭങ്ങൾക്കൊപ്പം ജനകീയ ഐക്യത്തിന്റെ വേദി ഒരുക്കാനാവും. ഈ കൂട്ടായ്മ മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ സംസ്കാരത്തിനും അഭിവൃദ്ധിക്കും പകരുന്ന ഊർജ്ജം, വരുംകാലത്തിന്റെ മാതൃകയും ഭാവി പുരോഗതിയുടെ അടിസ്ഥാന ശിലയുമാകും എന്ന് പ്രത്യാശിക്കാം.

"എല്ലാം വിടർന്ന് പരിമളം തൂകട്ടെ
എല്ലാം ചിതറട്ടെ വർണശോഭ"

- കുമാരനാശാൻ

രണ്ട്

പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	:	മക്കരപ്പറമ്പ ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	:	വടക്കാങ്ങര
ബ്ലോക്ക് പഞ്ചായത്ത്	:	മങ്കട
താലൂക്ക്	:	പെരിന്തൽമണ്ണ
ജില്ല	:	മലപ്പുറം
അസംബ്ലി മണ്ഡലം	:	മങ്കട
വിസ്തീർണ്ണം	:	11.17 ച.കി.മീ.
അതിരുകൾ	:	വടക്ക് - കുട്ടിലങ്ങാടി പഞ്ചായത്ത്
		കിഴക്ക് - മങ്കട പഞ്ചായത്ത്
		തെക്ക് - പുഴക്കാട്ടിരി പഞ്ചായത്ത്
		പടിഞ്ഞാറ് - കുറുവ പഞ്ചായത്ത്
ജനസംഖ്യ	:	13,792
പുരുഷന്മാർ	:	6,738
സ്ത്രീകൾ	:	7,054
ജനസാന്ദ്രത	:	1,235
സാക്ഷരർ	:	79 ശതമാനം
വാർഡുകൾ	:	8
പ്രസിഡൻറ്	:	കെ.കെ. ആബിദ് ഹുസൈൻ തങ്ങൾ
വൈസ് പ്രസിഡൻറ്	:	ചോലക്കൽ അബു മാസ്റ്റർ
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ	:	മുണ്ടേടൻ ഹസ്സൻ

"എത്ര പൂങ്കാവനങ്ങളും
നീരുറവകളും അവർ
ഉപേക്ഷിച്ചു പോയി ?
എത്രയെത്ര വിളഭൂമികളും
അമൂല്യമായ വസതികളും
അവർ രസിച്ചു പോന്ന
എന്തെന്ത് അനുഗ്രഹങ്ങൾ ?
അങ്ങനത്തന്നെ അതെല്ലാം
മറ്റൊരു സമൂഹത്തിന് നാം
അനന്തരാവകാശമായി നൽകി
ആകാശവും ഭൂമിയും
അവരെയോർത്ത് കരഞ്ഞില്ല "

- വിശുദ്ധ ഖുർആൻ

മൂന്ന്

സാമൂഹ്യ സാംസ്കാരിക ചരിത്രം

ചരിത്രപഴമയുടെ സ്വർണ്ണസിംഹാസനത്തിൽ മയങ്ങുന്ന പഴയ വള്ളുവനാടിന്റെ രാജരഥ്യയാണ് മക്കരപ്പറമ്പ്. പോർവിളികളിലൂടെ അധികാര കൈമാറ്റത്തിന് അരങ്ങൊരുക്കുന്ന, പൂർവ്വ കേരളീയ മാതൃകയായ 'മാമാങ്ക' മഹോത്സവത്തിന്റെ കാറ്റ് വീശിയ മണ്ണ്. കലയുടേയും സാഹിത്യത്തിന്റേയും ദേശാന്തര ഖ്യാതി നേടിയ വള്ളുവനാടിന്റെ സംസ്കാരധാരയിൽ അലിഞ്ഞു ചേർന്ന ഈ ചെറിയ ഭൂഭാഗം, വള്ളുവനാട്ടിൽ അലയടിച്ച ദേശീയ സ്വാതന്ത്ര്യസമര മുന്നേറ്റങ്ങളുടേയും ചൂടും ചൂരും ഏറെ അനുഭവിച്ചതാണ്. താലൂക്കിന്റെ അതിരിനോട് ചേർന്ന ഈ മണ്ണിൽ ഏറനാടൻ രണസൂരതയുടെ പെരുമ്പറ മുഴക്കങ്ങളും പ്രകമ്പനം കൊണ്ടു. സമരപുളകങ്ങളുടെ ഉള്ളിൽ വിരിഞ്ഞ പ്രകൃതിയുടെ അനുഗ്രഹീതമായ തുരുത്ത്. പഴയ വള്ളുവനാട്ടിലെ വടക്കാങ്ങര അംശമാണ് കാലപ്രവാഹത്തിന്റെ ഈ അതിരിൽ മക്കരപ്പറമ്പ പഞ്ചായത്തായത്. ഇന്നത്തെ മക്കരപ്പറമ്പ പഞ്ചായത്തും ക്കൊള്ളുന്ന അവിഭക്ത മങ്കട പഞ്ചായത്തിലെ കടന്നമണ്ണ, ആയിരനാഴി, മങ്കട കോവിലകങ്ങളും അരിപ്ര കോവിലകവും ചേർന്ന സഹോദര ശൃംഗലയിൽ നിന്ന് മൂപ്പ് കിട്ടുന്ന വ്യക്തിയായിരുന്നു രാജ്യഭാരം നടത്താനുള്ള വള്ളു

വക്കോനാതിരി എന്ന വള്ളുവനാട് രാജാവ്. മലബാറിൽ സാമൂതിരിയെ വെല്ലാൻ പോന്ന ഏക അധികാര ശക്തിയായ വള്ളുവനാട് രാജാവിന്റെ ആസ്ഥാനമായ കുറുവ കോവിലകം മക്കരപ്പറമ്പ അങ്ങാടിക്കരികിൽ മുക്ത്യാർകുണ്ട് പുഴക്കരയിലായിരുന്നു. ഇപ്പോഴും പുനർനിർമ്മിച്ച ക്ഷേത്രം ഉൾകൊള്ളുന്ന സ്ഥലത്ത് രാജാവിന്റെ അധികാരാരോഹണമായ 'അരിയിട്ട് വാഴ്ച' നടത്തിയിരുന്നതും കുറുവ കോവിലകത്ത് തന്നെ. ഇതിനായി പല്ലക്കിലേറി രാജാവിന്റെ എഴുന്നള്ളത്തുണ്ടാകേണ്ടത് സ്വന്തം സ്ഥലത്ത് കൂടിയായിരിക്കണമെന്നുള്ളത് നിർബന്ധം. എഴുന്നള്ളത്തിന്റെ മാർഗ്ഗത്തിൽ ഏതെങ്കിലും സ്ഥലം പണ്ടാരം (കോവിലകം) വകയല്ല എന്ന് പറഞ്ഞാൽ ഉടൻ ചെമ്പോല വരുത്തി ആ ഭാഗം പണ്ടാരം വക തന്നെയാക്കും. (കോവിലകം ജന്മത്തിലായ പ്രസ്തുത സ്ഥലം പിന്നീട് ഉടമക്ക് തീർ വാങ്ങാവുന്നതാണ്.) രാജകൊട്ടാരമായ കുറുവ കോവിലകം നിൽക്കുന്നതിന്റെ അക്കരെ പറമ്പായി കിടക്കുന്ന സ്ഥലം 'അക്കരപ്പറമ്പ്' എന്നറിയപ്പെടുകയും ഇത് കാലക്രമത്തിൽ 'മക്കരപ്പറമ്പ്' ആയിത്തീരുകയും ചെയ്തുവെന്നാണ് ഈ സ്ഥലനാമത്തിന്റെ ഒരു ചരിത്രനിഗമനം. കോവിലകം വഴിയായി 'ചേരിക്കല്ല്' എന്നറിയപ്പെടുന്ന രണ്ട് 'കളങ്ങളും' (പാട്ടമായി കിട്ടുന്ന നെല്ലിന്റെ സംഭരണ കേന്ദ്രം) മക്കരപ്പറമ്പിൽ തൊണ്ടിയിൽ കടവിനോട് ചേർന്നും (അങ്ങാടിയുടെ പാർശ്വത്തിലുള്ള കോലോത്തൊടി) സുമാർ ഇരുനൂറ് മീറ്ററോളം അപ്പുറത്തു (ഇവിടെ പിന്നീട് രാജാവിന്റെ ഇളയപുത്രൻ കൊളപ്പുറത്ത് വാസുനായർ വന്ന് താമസിച്ചു)മായി സ്ഥാപിച്ചിരുന്നു. സമീപദശകങ്ങളിൽ രാജസ്ഥാനം കയ്യാളിയിരുന്ന 'മൂപ്പ് കിട്ടിയ തമ്പുരാന്റെ പുത്രൻ' കൊളപ്പുറത്ത് കേശവൻ നായരുടെ ആസ്ഥാന കാര്യാലയവും മക്കരപ്പറമ്പിലായിരുന്നു. രാജഭരണത്തിനേറയും ബ്രിട്ടീഷ് ഭരണത്തിനേറയും കാലങ്ങളിൽ പൂർണ്ണമായും ജന്മിത്വത്തിന്റെ മേലാപ്പിന് കീഴിലായിരുന്നു ഈ പ്രദേശത്തേയും സാമൂഹ്യജീവിതം. അധ്വാനിക്കുന്ന മണ്ണിലും കുടിപാർക്കുന്ന തുണ്ട് ഭൂമിയിൽ പോലും അവകാശമില്ലാത്ത ജനങ്ങൾ പകലന്തിയോളം കുടുംബം മുഴുനവനിറങ്ങി പണി ചെയ്താലും രണ്ട് നേരത്തെ കഞ്ഞിക്ക് മാത്രം തികയുന്ന നെല്ല് ആയിരുന്നു പ്രതിഫലം. കൂലി കൂടുതൽ ചോദിച്ചാലും ജന്മിത്വത്തിന്റെ നേരമ്പോക്കുകളെ എതിർത്താലും മൃഗീയമായ പീഡനവും കുടിയിറക്കും ഏറ്റുവാങ്ങേണ്ടിവരുന്ന ദുരന്തം. വിദ്യാഭ്യാസമില്ല, ചികിത്സാ സൗകര്യമില്ല, പലർക്കും ദൂരയാത്രകൾ പോലും ഒരു അനാവശ്യമായിരുന്ന കാലം. ഭാവിയെ കുറിച്ചുള്ള സ്വപ്നങ്ങൾ പോലും നിഷേധിക്കപ്പെട്ട ഒരു ജനത. വഴി നടക്കാനുള്ള സ്വാതന്ത്ര്യം പോലും കീഴാളർക്ക് അനുവദിച്ച് കൊടുക്കാത്ത ജന്മിത്വത്തിന്റെ കൗര്യമായിരുന്നു ഗ്രാമങ്ങളുടെ പതിവ് മുഖം. പെരുന്നാളും ഓണവും വന്നാലും വയർ നിറച്ച് ഭക്ഷണം കിട്ടാത്ത ആ ദരിദ്രകാലത്തിന്, 'സമൃദ്ധി ' കേട്ടറിവ് മാത്രം. മൗലീദ് പരിപാടിയും ആണ്ടടിയന്തിരങ്ങളും നേർച്ചകളും ആചാരങ്ങൾക്കൊപ്പം സുഭിക്ഷതയുടെ 'ഒരു നേരമെങ്കിലും' ആയിരുന്നു.

പ്രസിദ്ധമായ കാച്ചിനിക്കാട് മുത്തൻവേല മക്കരപ്പറമ്പിന്റെ ചരിത്ര-സാംസ്കാരിക പഥമയിലേക്കുള്ള ദൂരദർശിനിയാണ് - അടിച്ചമർത്തപ്പെട്ട അധഃസ്ഥിത ജനതയുടെ ഉത്സവത്തിമർപ്പ്. എല്ലാ തമ്പുരാക്കന്മാരേയും വെറും കാഴ്ചക്കാരായി നിർത്തി ഉത്സവ മേധാവിത്തവും നാടിന്റെ പൊതു ശ്രദ്ധയും കീഴാള ജനതയിൽ നിക്ഷിപ്തമാക്കുന്ന ദിവസം. ഈ കാർഷിക കോത്സവം അധഃസ്ഥിത ജനതയുടെ ഉയിർത്തെഴുന്നേൽപ്പിന്റെ സൂചകമാണ്. പരിസര ദേശങ്ങളിലൊന്നും ഇത്ര വിപുലമായ ഒരു ഉത്സവം അധഃസ്ഥിത ജനതയുടേതായി നടക്കുന്നില്ല. 'ശ്രീമുത്തൻ' കാച്ചിനിക്കാട് എന്ന കർഷക ഗ്രാമത്തിൽ പ്രതിഷ്ടിക്കപ്പെട്ടത് ഐതീഹ്യമാണ്. മമ്പുറത്ത് നിന്ന് പുഴ മാർഗ്ഗം ഇവിടെ കുടിയേറി എന്നും പറയപ്പെടുന്നു. ഇന്ന് സാമ്പത്തിക സമത്വത്തിന്റെറയും ജാതി വിവേചനത്തിന്റെറയും ഒരു നിറവും കലരാതെ എല്ലാ വിഭാഗവും കൈകോർത്ത് നേതൃത്വം നൽകുന്ന ദേശത്തിന്റെ ഉത്സവമായി ഇത് മാറിയിരിക്കുന്നു. ഉത്സവത്തിന്റെ നടത്തിപ്പിൽ തദ്ദേശിയരായ നാല് കുടുംബങ്ങൾക്ക് മുകൈ വേണമെന്ന പൂർവ്വീക ശാസന മതസൗഹാർദ്ദത്തിന്റെ സ്നേഹ പുഷ്പങ്ങൾ വിരിയിക്കുന്ന ഉദാത്ത മാതൃകയാണ്.

1921 ലെ മലബാർ കലാപത്തോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചതിലൂടെ ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രത്തിനൊപ്പം നിങ്ങാനും ഈ പ്രദേശത്തിന് കഴിഞ്ഞു. സ്വാതന്ത്ര്യസമര രക്തസാക്ഷികളുടെ ബന്ധുക്കളായ നിരവധി പേർ ഇവിടെയുണ്ട്. ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ ധീരനേതാവും മലബാർ ഡിസ്ട്രിക്ട് ബോർഡ് വൈസ് പ്രസിഡൻറുമായിരുന്ന കട്ടിലശ്ശേരി മുഹമ്മദ് മുസ്ല്യാരുടെ പ്രധാന പ്രവർത്തന കേന്ദ്രങ്ങളിലൊന്ന് ഈ പഞ്ചായത്തിലെ 'പുണർപ്പ' യായിരുന്നു.

മുന്നൂറ് വർഷത്തിലേറെ പഴക്കം കരുതുന്ന ആറങ്ങോട്ട് ശിവക്ഷേത്രവും, വടക്കാങ്ങര പഴയ ജുമാ മസ്ജിദും ഈ പഞ്ചായത്തിലെ പുരാതന ആരാധനാലയങ്ങളാണ്.

സൂഫിയായി കരുതപ്പെട്ടിരുന്ന ബീരാൻ ഔലി

യായും മക്കരപ്പറമ്പ് ജുമാ മസ്ജിദ് സ്ഥാപനത്തിന് നേതൃത്വം നൽകിയ കൊയിലാണ്ടി തങ്ങളും ഗാന്ധി ശിഷ്യനും സബർമതി ആശ്രമവാസിയുമായിരുന്ന രാമപിഷാരടിയും പണ്ഡിതനായ എം.സി.സി ഹസ്സൻ മൗലവിയും ഈ പഞ്ചായത്തിലെ ജനങ്ങളുടെ ചിന്താധാരയിൽ ഏറെ സ്വാധീനം ചെലുത്തിയവരാണ്. പ്രസിദ്ധ ചിത്രകാരനായിരുന്ന നാരായണ പിഷാരടിയും മക്കരപ്പറമ്പിന്റെ സംഭാവനയായിരുന്നു. പിഷാരടിയുടെ ചിത്രങ്ങളിൽ ആകൃഷ്ടനായ, കോട്ടക്കൽ ആര്യ വൈദ്യശാല സ്ഥാപകൻ വൈദ്യരത്നം പി.എസ്. വാരിയർക്ക്, എല്ലാ ദിവസവും ചിത്രം വരച്ച് എത്തിക്കുന്നത് പതിവായിരുന്നു. നൂറ്റാണ്ട് പഴക്കമുള്ള അഞ്ച് എലിമന്ററി സ്കൂളുകളും ഒരു അംശത്തിൽ മാത്രം സ്ഥാപിക്കപ്പെട്ട ഈ പഞ്ചായത്തിൽ അര നൂറ്റാണ്ടോളം പ്രായമുള്ള വായനശാലയും ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബുകളുമുണ്ട്. 1970 കളുടെ മധ്യത്തിൽ ഗൾഫ് രാഷ്ട്രങ്ങളിലേക്ക് തൊഴിൽ സമ്പാദനത്തിന്റെ വാതിൽ തുറന്നതോടെയാണ് മക്കരപ്പറമ്പിന്റെ സാമൂഹ്യജീവിതത്തിലും പ്രതീക്ഷയുടെ നാമ്പ് കിളിർത്തത്.

അവികസിതവും ദരിദ്രവും പിന്നോക്കവുമായിരുന്ന ഈ പ്രദേശത്തെ വളർച്ചയുടെ പടവുകളിലേക്ക് കൈ പിടിച്ചുയർത്തിയ പരേതനായ കെ.കെ.എസ് തങ്ങൾ ആണ് ആധുനിക മക്കരപ്പറമ്പിന്റെ ശിൽപി. രാഷ്ട്രീയ ബോധത്തോടൊപ്പം അഭിപ്രായ ഭേദമന്യേ ജനങ്ങളിൽ വികസന സംസ്കാരവും അതിനൊത്ത ചിന്തയും രൂപപ്പെടുത്തുന്നതിൽ അദ്ദേഹം പ്രകടമാക്കിയ ശുഷ്കാന്തി കൃതജ്ഞതാ പൂർവ്വം സ്മരിക്കേണ്ടതാണ്. എം.എൽ.എ. എന്ന നിലയിൽ സംസ്ഥാന തലത്തിൽ ലഭിച്ച അംഗീകാരവും ഭരണ സൗകര്യങ്ങളും പരിചയവും അദ്ദേഹം ഈ യജ്ഞത്തിനായി വിനിയോഗിച്ചു.

ചരിത്ര സമ്പന്നവും വിശാലവുമായ മങ്കട പഞ്ചായത്തിന്റെ പ്രസിഡന്റായിരിക്കെയാണ് കെ.കെ.എസ്. തങ്ങൾ, പ്രസ്തുത പഞ്ചായത്തിലെ കാച്ചിനിക്കാട്, വടക്കാങ്ങര, മക്കരപ്പറമ്പ്, പുണർപ്പ ദേശങ്ങളുൾക്കൊള്ളുന്ന മൂന്ന് വാർഡുകൾ ചേർത്ത് മക്കരപ്പറമ്പ പഞ്ചായത്ത് രൂപീകരണത്തിന് നേതൃത്വം നൽകിയത്.

പഞ്ചായത്ത് പ്രദേശത്ത് മക്കരപ്പറമ്പ ഗവ. ഹൈസ്കൂളിനേറെയും വടക്കാങ്ങര ഹൈസ്കൂളിനേറെയും വടക്കാങ്ങര യു.പി. സ്കൂളിനേറെയും, കുഴിപറമ്പ് എൽ.പി. സ്കൂൾ, വടക്കാങ്ങര ബാഫക്കി സ്മാരക അറബിക് കോളേജ്, വടക്കാങ്ങര യതീംഖാന തുടങ്ങിയവയുടേയും നേതൃത്വം വഹിച്ച കെ.കെ.എസ്. തങ്ങൾ പഞ്ചായത്തിൽ സ്ത്രീ വിദ്യാഭ്യാസ പ്രോത്സാഹനത്തിനായി ഗ്രാമങ്ങൾ തോറും പദയാത്ര ചെയ്തു. ജപ്പാൻ മാതൃക നെൽകൃഷി വിപ്ലവം മക്കരപ്പറമ്പ പഞ്ചായത്തിന്റെ ഗ്രാമങ്ങളിൽ സാധ്യമാക്കാൻ അദ്ദേഹം വയലുകളിൽ ഇറങ്ങി നേതൃത്വം നൽകി. ലക്ഷംവീട് പദ്ധതി പ്രകാരമുള്ള മുഴുവൻ വീടുകളും ജില്ലയിൽ ആദ്യമായി പൂർത്തിയാക്കിയ പഞ്ചായത്ത് എന്ന ബഹുമതി നേടിയതിനാൽ പ്രസിഡൻറ് തങ്ങളുടെ അദ്ധ്യക്ഷതയിലാണ് അവിഭക്ത മങ്കട പഞ്ചായത്തിലെ വടക്കാങ്ങരയിൽ ലക്ഷംവീടുകളുടെ ജില്ലാതല ഉൽഘാടനം നടന്നത്.

മങ്കട പഞ്ചായത്ത് വിഭജിച്ച് 1977 ൽ മക്കരപ്പറമ്പ് പഞ്ചായത്ത് നിലവിൽ വരുമ്പോൾ ഈ പഞ്ചായത്ത് പ്രദേശത്തെ മൂന്ന് വാർഡുകളിൽ നിന്നുള്ള മെമ്പർമാരെയും നോമിനേറ്റ് ചെയ്യപ്പെട്ട ഒരു വനിതാ മെമ്പറേയും ഉൾപ്പെടുത്തി അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി രൂപീകരിക്കുകയായിരുന്നു.

1. **കെ.കെ.എസ്. തങ്ങൾ** (പ്രസിഡൻറ്)
2. **തയ്യിൽ കുഞ്ഞഹമ്മദ് ഹാജി.**
3. **വി.പി. മുഹമ്മദ് എന്ന കുഞ്ഞാപ്പ.**
4. **വി.സി. ഖദീജക്കുട്ടി**

എന്നിവരായിരുന്നു അംഗങ്ങൾ.

1979 ലാണ് ആദ്യതെരഞ്ഞെടുപ്പ് നടന്നത്. വിജയികളായ പി.വി. മുഹമ്മദ് എന്ന കുഞ്ഞാപ്പ, 2. എ. രാധാകൃഷ്ണൻ, 3. കെ.കെ.എസ്. തങ്ങൾ, 4. കെ.പി. ബാപ്പുട്ടിഹാജി, 5. വി.എം. കുഞ്ഞാൻ, 6. ഇ. ആമിന, 7. പി. ചന്ദ്രശേഖരൻ, 8. സി. അബുമാസ്റ്റർ എന്നീ അംഗങ്ങളിൽ നിന്ന് കെ.കെ.എസ്. തങ്ങൾ പ്രസിഡൻറും വി.പി. മുഹമ്മദ് എന്ന കുഞ്ഞാപ്പ വൈസ് പ്രസിഡൻറുമായി തെരഞ്ഞെടുക്കപ്പെട്ടു. 1984 ൽ കെ.കെ.എസ്. തങ്ങളുടെ നിര്യാണത്തെ തുടർന്ന് വി.പി. മുഹമ്മദ് എന്ന കുഞ്ഞാപ്പ പ്രസിഡൻറായും കെ.പി. ബാപ്പുട്ടിഹാജി വൈസ് പ്രസിഡൻറായും തിരഞ്ഞെടുക്കപ്പെട്ടു.

1988 ൽ നടന്ന തെരഞ്ഞെടുപ്പിൽ 1. വി.പി. മുഹമ്മദലി, സി.പി. മുഹമ്മദ് മാസ്റ്റർ, 3. കെ. പാത്തുമ്മ, 4. കെ.കെ. ആബിദ് ഹുസൈൻ തങ്ങൾ, 5. വി. കദീജ, 6. പി. ചെള്ളി, 7. സി.എച്ച്. അബൂബക്കർ, 8. ടി.പി. മുഹമ്മദ് ഹാജി എന്നിവർ അംഗങ്ങളായി. കെ.കെ. ആബിദ് ഹുസൈൻ തങ്ങൾ പ്രസിഡൻറായും സി.പി. മുഹമ്മദ് മാസ്റ്റർ വൈസ് പ്രസിഡൻറായും തെരഞ്ഞെടുക്കപ്പെട്ടു.

1995 സെപ്റ്റംബർ 25 ന് തിങ്കളാഴ്ച നടന്ന ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിലാണ് നിലവിലുള്ള ഗ്രാമപഞ്ചായത്ത് സമിതി രൂപീകരിച്ചത്. 4-ാം വാർഡ് മെമ്പർ കെ.കെ. ആബിദ് ഹുസൈൻ തങ്ങൾ പ്രസി

ഡൻറും എട്ടാം വാർഡ് മെമ്പർ സി. അബുമാസ്റ്റർ വൈസ് പ്രസിഡൻറും രണ്ടാം വാർഡ് മെമ്പർ എം. ഹസ്സൻ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാനുമാണ്. വാർഡ് 1. പി. നഫീസ, 3. പി. കദീജ, 5. കെ. സുലൈഖ, 6. എം. മൊയ്തു, 7. എം.പി. സുന്ദരൻ എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ട മറ്റു അംഗങ്ങൾ.

വിസ്തൃതിയിലും ജനസംഖ്യയിലും ഏറ്റവും ചെറിയ ഗ്രാമപഞ്ചായത്താണ് മക്കരപ്പറമ്പ ഗ്രാമപഞ്ചായത്ത് എങ്കിലും ദേശീയ രാഷ്ട്രീയത്തിൻെറ കേന്ദ്രബിന്ദുവായ ഡൽഹിയിലും ഈ മണ്ണിൻെറ സാന്നിധ്യമുണ്ട്. മുൻപ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിയുടെ അന്ത്യവിശ്രമസ്ഥലമായ 'ശക്തിസ്തലിൽ' സ്ഥാപിച്ച കൂറ്റൻശിലകളിലൊന്ന് മക്കരപ്പറമ്പ് പഞ്ചായത്തിലെ വടക്കാങ്ങരയിൽ നിന്ന് ഡൽഹിയിൽ എത്തിച്ചതാണ്.

വികസനരംഗം :

അവിഭക്ത മങ്കട പഞ്ചായത്തായിരിക്കെ മക്കരപ്പറമ്പിലുള്ള വില്ലേജ് ഓഫീസ്, സർവ്വീസ് സഹകരണ ബാങ്ക്, പോസ്റ്റ് ഓഫീസ്, ഗവ. ഹൈസ്കൂൾ, സബ് രജിസ്ട്രാർ ഓഫീസ് തുടങ്ങിയ പൊതുസ്ഥാപനങ്ങൾക്ക് ശേഷമുള്ളതെല്ലാം മക്കരപ്പറമ്പ് പഞ്ചായത്ത് രൂപീകരണത്തിന് ശേഷമാണ് ഇവിടെ സ്ഥാപിതമായത്. മക്കരപ്പറമ്പ് ടെലഫോൺ എക്സ്ചേഞ്ച്, സബ്ട്രഷറി, മാവേലി സ്റ്റോർ, റൂറൽ ഡിസ്പൻസറി, രണ്ട് ഐ.പി.പി. സെൻററുകൾ, ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്, കൃഷി ഭവൻ, മൃഗാസ്പത്രി, 12 അംഗൻവാടികൾ, ഖാദി നൂൽനൂൽപ്പ് കേന്ദ്രം, പഞ്ചായത്ത് ഓഫീസ് കെട്ടിടം, സാംസ്കാരിക നിലയം, പഞ്ചായത്ത് യു.പി. സ്കൂളിൻെറ പുതിയ കെട്ടിടം, മക്കരപ്പറമ്പ ഗവ. ഹൈസ്കൂളിൻെറ ഇരുനില ബ്ലോക്കുകൾ, ഗവ. വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂൾ IHRD യുടെ കീഴിൽ ഗവ. ഹൈസ്കൂളിലുള്ള കംമ്പ്യൂട്ടർ സെൻറർ, പഞ്ചായത്ത് നഴ്സറി സ്കൂൾ തുടങ്ങിയവ ഇതിൽ പെടും.

മക്കപ്പറമ്പ ശുദ്ധജല വിതരണപദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങൾ, 12 ഓളം കുഴൽ കിണറുകൾ, കുറുവ-മക്കരപ്പറമ്പ റോഡും പാലവും, ഹൈസ്കൂൾപടി - OLHS കോളനി റോഡ്, കാളാവ് - രാമപുരം റോഡ്, കാച്ചിനിക്കാട് - വെള്ളില റോഡ്, മക്കരപ്പറമ്പ് - കോഴിക്കോട്ടുപറമ്പ് റോഡ്, വടക്കാങ്ങര - രാമപുരം റോഡ്, വടക്കാങ്ങര നഴ്സറി സ്കൂൾ റോഡ്, കുന്നത്ത് ചോല റോഡ്, വടക്കെകുളമ്പ് റോഡ്, വടക്കാങ്ങര - പോത്തുകുണ്ട് റോഡ്, പള്ളിപ്പടി - ചെട്ടിയാർപടി റോഡ്, ഇരിക്കപ്പറമ്പ് റോഡ്, കടുവക്കുത്ത് റോഡ്, പിലാപറമ്പ് റോഡ്, സോഡിയം വേപ്പർ ലാമ്പിൻെറ സ്ഥാപിക്കൽ, പത്തോളം നടപ്പാലങ്ങളുടെ നിർമ്മാണം, കൃഷി സംരക്ഷണാർത്ഥം പുഴയുടേയും തോടിൻേറയും പാർശ്വഭിത്തി കെട്ടൽ, കനാൽ നിർമ്മാണം, മിച്ചഭൂമി വിതരണം, ദുർഭല വിഭാഗങ്ങൾക്ക് ഭവനനിർമ്മാണം, ജീവിനോപാധി വിതരണം, പുര കെട്ടിമേയാൻ ധനസഹായം, നിർദ്ധന വിദ്യാർഥികൾക്ക് സ്കോളർഷിപ്പ്, യൂണിഫോം വിതരണം, താഴ്ന്ന വരുമാനക്കാർക്ക് കിണർ നിർമ്മിക്കുന്നതിനുള്ള സഹായം, പട്ടികജാതി കോളനി വൈദ്യുതീകരണം തുടങ്ങിയ വിവിധ പദ്ധതികൾ പഞ്ചായത്ത് രൂപീകരണ ശേഷം നടപ്പിൽ വന്നവയിൽ പ്രധാനപ്പെട്ടവയാണ്.

നാല്

ഭൂപ്രകൃതി ജനപ്രകൃതി ജലവിഭവം

കലിക്കറ്റ് - മദ്രാസ് റോഡിൽ മലപ്പുറത്ത് നിന്ന് 7 കി.മീ. മുന്നോട്ട് പോയാൽ മലപ്പുറം ജില്ലയിലെ ഏറ്റവും ചെറിയ പഞ്ചായത്തായ മക്കരപ്പറമ്പ ഗ്രാമപഞ്ചായത്തിലെത്താം. കാച്ചിനിക്കാട്, മക്കരപ്പറമ്പ, വടക്കാങ്ങര, പൂണ്ടർപ്പ എന്നീ മുഖ്യപ്രദേശങ്ങൾ ചേർന്ന പഞ്ചായത്തിലെ ഒന്ന്, രണ്ട്, എട്ട് വാർഡുകളുടെ അതിർത്തിയായി ഒഴുകുന്ന മക്കരപ്പറമ്പ ചെറുപുഴ കൂട്ടിലങ്ങാടിയിൽ വെച്ച് കടലുണ്ടി പുഴയിൽ ചേരുന്നു. 11.17 ച.കി.മീ വിസ്തൃതിയിൽ വ്യാപിച്ചു കിടക്കുന്ന പഞ്ചായത്തിന്റെ പ്രദേശത്തിന്റെ കിഴക്ക് മങ്കട പഞ്ചായത്തും തെക്ക് പുഴക്കാട്ടിരി പഞ്ചായത്തും പടിഞ്ഞാറ് കുറുവ പഞ്ചായത്തും വടക്ക് കൂട്ടിലങ്ങാടി പഞ്ചായത്തും അതിരിടുന്നു.

ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്ത് പ്രദേശത്തെ ഏഴ് മേഖലകളിൽ ഉൾപ്പെടുത്താം.

	ഭൂപ്രകൃതി മേഖലകൾ	വിസ്തൃതി (ഹെക്ടറിൽ)	ശതമാനം
1.	ഉയർന്ന സമതലം	223.00	19.96
2.	ചെറു ചെരിവ്	279.00	24.98
3.	തട ചെരിവ്	58.00	5.19
4.	സമതലം	446.00	39.93
5.	താഴ്വര	67.00	6.00
6.	വെള്ളം കയറുന്ന മേഖല	22.00	1.97
7.	ചെറുപുഴ	22.00	1.97
	ആകെ	1117.00	100.00

കോട്ടക്കുന്ന്, വേഴുംകുന്ന്, കണ്ടംപറമ്പ്, ആലുംകുന്ന്, ചോലേമ്പാറ, കുമ്മിണിപറമ്പ്, വെള്ളാട്ടുപറമ്പ്, താണിക്കോട് എന്നിവയാണ് പഞ്ചായത്തിലെ പ്രധാന കുന്നിൻപ്രദേശങ്ങൾ.

ഉപരിതല മൺതരങ്ങളെ അടിസ്ഥാനപ്പെടുത്തി പഞ്ചായത്ത് പ്രദേശത്തെ ചെമ്മൺ പ്രദേശം, ചെങ്കൽ പ്രദേശം, കരിമ്പാറ പ്രദേശം, നദീതട എക്കൽമണ്ണ് പ്രദേശം എന്നിങ്ങനെ നാലായി തരംതിരിക്കാം.

ഉപരിതല മൺതരങ്ങൾ	വിസ്തൃതി ഹെക്ടറിൽ	ശതമാനം
ചെമ്മണ്ണ് പ്രദേശങ്ങൾ	520	46.55
ചെങ്കൽ പ്രദേശങ്ങൾ	267	23.90
കരിമ്പാറ പ്രദേശങ്ങൾ	110	9.85
നദീതട എക്കൽമണ്ണ്	220	19.70
ആകെ	**1117**	**100.00**

ജനപ്രകൃതി

1991 ലെ സെൻസസ് പ്രകാരം മക്കരപ്പറമ്പ് പഞ്ചായത്തിലെ ജനസംഖ്യ 13792 ആണ്. ഇതിൽ 6738 പുരുഷന്മാരും 7054 സ്ത്രീകളുമാണ്. മൊത്തം ജനസംഖ്യയിൽ 863 പേർ പട്ടികജാതിയിൽ പെടുന്നു.

1996 ലെ വാർഡുതല ജനസംഖ്യാ പട്ടിക:

വാർഡ്	പുരുഷന്മാർ	സ്ത്രീകൾ	ആകെ	പട്ടിക ജാതി കുടുംബങ്ങൾ
1.	946	994	1940	8
2.	939	1015	1954	22
3.	972	1068	2040	18
4.	946	976	1922.	7
5.	937	957	1894	6
6.	1077	1209	2286	39
7.	871	893	1764	17
8.	1178	1202	2380	28

ജലവിഭവം

പഞ്ചായത്തിന്റെ ഒന്ന്, രണ്ട്, എട്ട് വാർഡുകളുടെ അതിർത്തിയായി ഒഴുകുന്ന മക്കരപ്പറമ്പ ചെറുപുഴ, പഞ്ചായത്തിന്റെ കിഴക്കേ അതിർത്തി മുതൽ പടിഞ്ഞാറെ അതിർത്തി വരെ ഏഴ് വാർഡുകളിലൂടെയും ഒഴുകുന്ന പ്രധാന തോടായ മക്കരപ്പറമ്പ വലിയ തോട് എന്നിവയും പഞ്ചായത്തിൽ വിവിധ പ്രദേശങ്ങളിലായി വിന്യസിച്ചു കിടക്കുന്ന 65 കുളങ്ങൾ എന്നിവ ചേർന്നതാണ് പഞ്ചായത്തിലെ ഉപരിതല ജലസ്രോതസ്സുകൾ.

പ്രധാന കുളങ്ങൾ	വാർഡ്
1. വെങ്കിട്ടത്തൊടി കുളം	I
2. തെക്കത്ത് കുളം	II
3. ആലക്കത്തൊടി കുളം	II
4. കിഴക്കെകുളമ്പ് അറബിക് കോളേജ് കുളം	IV
5. കിഴക്കെകുളമ്പ്(കാങ്ങാട്ട് പുത്തൻവീട്)കുളം	V
6. പേഴുംപറമ്പ് കുളം	III
7. പറമ്പിൽ കുളം	III
8. കൊളത്തറക്കാട് അമ്പലക്കുളം	VI
9. പെരിഞ്ചിരി കുളം	VII
10. ചെറുശ്ശോല കുളം	VII
11. കരുവള്ളി കുളമ്പ് കുളം	VIII
12. ആലുംപിലാക്കൽ കുളം	VIII

തെക്കുപടിഞ്ഞാറൻ മൺസൂൺകാലത്തിൽ വർഷത്തിൽ ശരാശരി 3000 മി.മീ. മഴ ലഭിക്കുന്നുണ്ട്. ജൂൺ, ജൂലായ് മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. ഏകദേശം 60-65 ശതമാനം വെള്ളം മഴക്കാലത്താണ് ലഭിക്കുന്നത്. പഞ്ചായത്തിൽ ഏകദേശം 7.80 ച.കി.മീ. പ്രദേശങ്ങളിൽ ശുദ്ധജലം ലഭിക്കുന്നുണ്ട്. ഗുണനിലവാരം കുറഞ്ഞ ജലം ലഭിക്കുന്ന പ്രദേശങ്ങളുമുണ്ട്. ജലക്ഷാമം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്നത് ഏപ്രിൽ, മെയ് മാസങ്ങളിലാണ്. ചോലേമ്പാറ, ആലുംകുന്ന്, കോട്ടകുന്ന്, വെള്ളാട്ടുപറമ്പ്, കാച്ചിനിക്കാട്, തെക്കോടൻ കുളമ്പ് എന്നിവയാണ് ജലക്ഷാമം കൂടുതായി അനുഭവപ്പെടുന്ന പ്രദേശങ്ങൾ.

അഞ്ച്

സാമൂഹിക സാമ്പത്തിക മേഖലകൾ

''വലിയ കാര്യങ്ങൾ നേടാൻ ആഗ്രഹിക്കുന്നുവെങ്കിൽ
വലിയ അപകടങ്ങളിലൂടെ പോയേ പറ്റൂ''

- ജവഹർലാൽ നഹ്റു

''നീ ചെയ്യേണ്ടുന്ന കർമ്മങ്ങൾ
അവശ്യം ചെയ്ക തന്നെ വേണം
എന്തെന്നാൽ, ഒന്നും ചെയ്യാതിരിക്കുന്നതിലും
എത്രയോ മേലെയാണ് കർമം ചെയ്കയെന്നത്
മാത്രമല്ല, കർമം ചെയ്യാതിരുന്നാൽ
നിന്റെ ശരീര സംരക്ഷണം പോലും
സാധിക്കുകയില്ല''

- ഭഗവത് ഗീത



''എല്ലാവരുടേയും അത്യാവശ്യങ്ങൾ
നിറവേറ്റാൻ വേണ്ട വിഭവങ്ങൾ
ഈ പ്രകൃതിയിലുണ്ട്,
എന്നാൽ ആരുടേയും ദുരയെ
തൃപ്തിപ്പെടുത്താൻ
വിഭവങ്ങളില്ലതാനും.''

- മഹാത്മാഗാന്ധി

അഞ്ച് 1

കൃഷിയും ജലസേചനവും

കരപ്പറമ്പ് പഞ്ചായത്ത് കാർഷിക പ്രധാനമായ ഒരു മേഖലയാണ്. ഉദ്ദേശ്യം 1800 ഏക്കർ കാർഷിക ഭൂമി കാർഷികാവശ്യത്തിന് ഉപയോഗിക്കുന്നു. കുളം, തോട്, വീട്, റോഡ് എന്നിവക്കായി മൊത്തം 300 ഏക്കർ സ്ഥലം വിനിയോഗിക്കപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിൽ 250 ഏക്കറോളം സ്ഥലം പാറക്കെട്ടായി കിടക്കുന്നു. 150 ഏക്കറോളം സ്ഥലം വനപ്രദേശത്തിന് സമാനമായ പ്രദേശമാണ്.

കോട്ടക്കുന്ന്, ആലുംകുന്ന്, ചോലേമ്പാറ, ഇരിക്കപ്പറമ്പ്, വെള്ളാട്ടുപറമ്പ്, കുമ്മിണിപറമ്പ്, താണിക്കോട് തുടങ്ങിയ ഉയർന്ന പ്രദേശങ്ങളും തോടിനോടും പുഴയോടും ചേർന്നു കിടക്കുന്ന നെൽവയലുകളും അടങ്ങിയതാണ് ഈ പഞ്ചായത്തിലെ ഭൂപ്രദേശം.

നെല്ല്, തെങ്ങ്, കമുങ്ങ്, കശുമാവ് എന്നിവയാണ് മുഖ്യവിളകൾ. എന്നാൽ നെൽകൃഷിയിൽ നിന്നും വിവിധ കാരണങ്ങളാൽ പിൻവാങ്ങുന്ന കാഴ്ചയാണുള്ളത്. തന്മൂലം നെൽകൃഷി ക്രമമായി കുറഞ്ഞു വരികയും വാഴ, മരച്ചീനി, പച്ചക്കറി, തെങ്ങ്, കമുങ്ങ് മുതലായ കൃഷി വർദ്ധിക്കുകയും ചെയ്തു. പാർപ്പിടനിർമ്മാണത്തിനും കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും തെങ്ങിൻ തോട്ടങ്ങൾ ഉണ്ടാക്കുന്നതിനും വേണ്ടി നെൽപ്പാടങ്ങൾ ഉപയോഗിക്കുന്നതോടുകൂടി നെല്ലുൽപ്പാദനം ഗണ്യമായി കുറഞ്ഞു.

ഈ പഞ്ചായത്തിൽ ഭൂമിയുടെ ഉടമാവകാശം ഭൂപരിഷ്കരണത്തിന് മുമ്പ് രാജവംശങ്ങൾക്കും ദേവസ്വങ്ങൾക്കു

മായിരുന്നു. അന്ന് മിക്ക കൃഷിക്കാർക്കും കൈവശാവകാശവും കാണാവകാശവുമാണുണ്ടായിരുന്നത്. ഭൂമിയിലെ അവകാശം സ്ഥായിയായി ഇല്ലാതിരുന്നതിനാൽ ഭൂമി തരംമാറ്റി ഉപയോഗിക്കാൻ കഴിയില്ലായിരുന്നു. എന്നാൽ ഭൂപരിഷ്കരണനിയമം നിലവിൽ വന്നതോടുകൂടി കൈവശഭൂമിക്ക് ജന്മാവകാശം ലഭിച്ചു. അതോടുകൂടി സ്വന്തം ഭൂമി വിൽക്കുന്നതിനും വീടു വെയ്ക്കുന്നതിനും തെങ്ങും കമുങ്ങും വെച്ചു പിടിപ്പിക്കുന്നതിനും കൃഷിക്കാർക്ക് അവകാശം ലഭിച്ചു.

വിദ്യാഭ്യാസരംഗത്തു വന്ന പുരോഗതിയും തന്മൂലം പുതിയ തൊഴിൽ മേഖലയിലേക്ക് പ്രവേശിക്കാനുള്ള സാധ്യതയും 70 കളിൽ ആരംഭിച്ച ഗൾഫ് തരംഗവും കാർഷിക മേഖലയിൽ പ്രാധാന്യം കുറയ്ക്കാനുള്ള കാരണങ്ങളായി. മുൻകാലങ്ങളിൽ ധാരാളം വെള്ളം ലഭിച്ചിരുന്ന പല ചോലകളും സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളും തെങ്ങിൻ തോപ്പുകളായി മാറിയത് ജലദൗർലഭ്യത്തിന് കാരണമാവുകയും ആ ജലസ്രോതസ്സിനെ ആശ്രയിച്ച് നടത്തിയിരുന്ന നെൽകൃഷി ഇല്ലാതാവുകയും ചെയ്തു.

കൃഷി ചെലവിൽ വന്ന ആനുപാതികമല്ലാത്ത വർദ്ധനവും ഉൽപ്പന്നങ്ങളുടെ വിലക്കുറവും കാർഷിക മേഖലയെ തളർത്തി. മുൻകാലങ്ങളിൽ ഇടവിളയായി കൃഷിചെയ്തിരുന്ന ചാമ, മുതിര എന്നിവ തീരെ ഇല്ലാതായി.

പഞ്ചായത്തിലെ വടക്കാങ്ങര മേഖലയിൽ നാണ്യവിളകൾ വളരെ കൂടുതൽ കൃഷി ചെയ്യുന്നത് തെങ്ങ്, കുരുമുളക്, വെറ്റില, കശുമാവ്, കമുങ്ങ് എന്നിവയാണ്. അശാസ്ത്രീയമായ പരിചരണരീതിയും നല്ല നടീൽ വസ്തുക്കളുടെ ലഭ്യതക്കുറവും മൂലം ഈ രംഗത്ത് വേണ്ടത്ര നേട്ടമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. റബർ കൃഷി നാമമാത്രമായി ഈ പഞ്ചായത്തിലുണ്ട്. കൃഷിവകുപ്പുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന പദ്ധതികൾ പലതും യഥാസമയം ലഭിക്കാത്തത് കൊണ്ട് വരുന്ന പോരായ്മകൾ കാർഷിക രംഗത്തെ വളർച്ചാ നിരക്ക് കുറക്കുന്നതിന് കാരണമായി.

ഭൂമിയുടെ കിടപ്പ്

പാടങ്ങൾ, സമതലം, നേരിയ ചെരിവുള്ള സ്ഥലങ്ങൾ, തട്ടുകളായി ഉയർന്ന് കിടക്കുന്ന സ്ഥലങ്ങൾ, കുന്നിന്മുകളിലുള്ള നിരപ്പായ പ്രദേശങ്ങൾ എന്നിങ്ങനെയാണ് പഞ്ചായത്തിലെ ഭൂമിയുടെ കിടപ്പ്.

മണ്ണിന്റെ ഇനങ്ങൾ

ചരൽ മണ്ണ്, ചുവന്ന മണ്ണ്, ചെളി മണ്ണ്, വെട്ടുപാറ, കരിമ്പാറ എന്നിങ്ങനെ തരംതിരിക്കാവുന്നതാണ് മണ്ണിനങ്ങൾ.

ജലസേചനം

മഴയെ മാത്രം ആശ്രയിച്ചാണ് പൊതുവായി കാർഷിക മേഖല നിലനിൽക്കുന്നത്. തോട്, പുഴ, കിണറുകൾ, കുളങ്ങൾ, ചോലകൾ എന്നിവയാണ് ജലസ്രോതസ്സുകൾ. പമ്പുസെറ്റുപയോഗിച്ചും ചിറ കെട്ടിയും ചോലകളിൽ നിന്ന് വെള്ളം തിരിച്ചും ജലസേചനം നടത്തുന്നു. മക്കരപറമ്പ് പുഴയിൽ നിന്ന് രണ്ട് വലിയ ചിറയിൽ നിന്നും വടക്കാങ്ങര തോട്ടിലുള്ള 6 ചിറകളിൽ നിന്നും കൃഷിക്ക് വെള്ളം കിട്ടുന്നു. ജലസേചനത്തിനായി ഈ പഞ്ചായത്തിൽ 116 പമ്പുസെറ്റുകൾ പ്രവർത്തിക്കുന്നു.

പഞ്ചായത്തിൽ ചെറുതും വലുതുമായി 65 കുളങ്ങളും 2689 കിണറുകളും ഉണ്ട്.

കർഷകർക്ക് കിട്ടുന്ന വായ്പാ സൗകര്യങ്ങൾ :

ഈ പഞ്ചായത്തിൽ മക്കരപ്പറമ്പ് സഹകരണ ബാങ്കും കാത്തലിക് സിറിയൻ ബാങ്കുമാണ് പ്രവർത്തിക്കുന്നത്. എല്ലാ കർഷകരേയും അംഗങ്ങളാക്കുന്നതിനും അവർക്ക് വായ്പ അനുവദിക്കുന്നതിനും സർവ്വീസ് സഹകരണ ബാങ്കിന് കഴിഞ്ഞിട്ടില്ല.

കാർഷിക വായ്പ	-	21,10,177
പണ്ടംപണയം	-	1,83,50,876
മറ്റു കടങ്ങൾ	-	30,35,961
കാർഷികേതര വായ്പ	-	3,30,38,375
വീട്ടുപകരണങ്ങൾ	-	17,23,332
മറ്റു വായ്പകൾ	-	80,519

എന്നിവയാണ് വായ്പയുടെ ഏകദേശ കണക്ക്.

കാർഷിക വായ്പ കേവലം 3.62 ശതമാനം മാത്രമാണ്. ഈ പഞ്ചായത്തിലെ കർഷകർ സൗത്ത് മലബാർ ഗ്രാമീണ ബാങ്ക്, കനറാ ബാങ്ക്, എസ്.ബി.ടി. ബാങ്ക് മങ്കട, പെരിന്തൽമണ്ണ കാർഷിക വികസന ബാങ്ക് എന്നിവയെ ആശ്രയിക്കാറുണ്ട്.

കീടനാശിനി, വളംഡിപ്പോ

ഈ പഞ്ചായത്തിൽ സഹകാര്യവ്യക്തികൾ നടത്തുന്ന രണ്ട് വളംഡിപ്പോകളുണ്ട്. സർവ്വീസ് സഹകരണ ബാങ്ക് മുഖേനയും വളംവിൽപ്പന നടത്താറുണ്ട്.

വളപ്രയോഗം

കാർഷിക മേഖലയിൽ വളപ്രയോഗത്തിന് പ്രധാനമായും പച്ചില വളമാണ് ഉപയോഗിക്കുന്നത്. കന്നുകാലി വളർത്തലിലുണ്ടായ കുറവ് പരമ്പരാഗത വളം ചേർക്കലിൽ നിന്നും പിറകോട്ടു പോകുന്നതിന് കാരണമായി. കോഴി വളവും രാസവളവുമാണ് ഇപ്പോൾ പ്രധാനമായും ഉപയോഗിക്കുന്നത്. അമിതമായ രാസവളപ്രയോഗം മണ്ണിന്റെ ഘടനയിൽ മാറ്റം വരുത്തുന്നു.

നഴ്സറികൾ

ഈ പഞ്ചായത്തിൽ ഒരു കാർഷിക നഴ്സറിയും പ്രവർത്തിക്കുന്നില്ല.

മാർക്കറ്റ്

ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്ന മാർക്കറ്റ് നിലവില്ല. അതുകൊണ്ട് ഉൽപ്പന്നങ്ങൾ തൊട്ടടുത്ത പട്ടണങ്ങളിലാണ് വിൽക്കുന്നത്.

കൃഷി ഭവൻ

കൃഷി ഭവൻ 1987 മുതൽ പ്രവർത്തിക്കുന്നു. കൃഷിക്ക് ഉപയുക്തമായ വിത്തുകൾ, വളങ്ങൾ, കീടനാശിനികൾ, നടിൽ വസ്തുക്കൾ എന്നിവ യഥാസമയത്ത് ലഭ്യമാക്കുന്നതിൽ പോരായ്മകളുണ്ട്. പാടശേഖര കമ്മറ്റികൾ, കേര കർഷക കമ്മറ്റികൾ എന്നിവയുടെ പ്രവർത്തനങ്ങൾ കർഷകർക്ക് ആശ്വാസകരമാണ്.

1995-96 ൽ 568 തെങ്ങിൻതൈകളും 4000 കശുമാവ് തൈകളും 5000 കുരുമുളക് വള്ളികളും 200 കമുങ്ങിൻ തൈകളും വിതരണം നടത്തിയതായി കാണുന്നു.

നിർദ്ദേശങ്ങൾ

1. ജലസേചനമാണ് കൃഷിയുടെ അഭിവൃദ്ധിക്ക് ഏറ്റവും പ്രധാനഘടകം. അതിനു നിലവിലുള്ള ചിറകളെല്ലാം ഉപയോഗയോഗ്യമാക്കണം. അവയുടെ സംരക്ഷണ ചുമതല യഥാർത്ഥ ഗുണഭോക്താക്കളുടെ കമ്മറ്റിയെ ഏർപ്പിക്കണം. വർഷാനന്തര അറ്റകുറ്റ പണികൾ നടത്തണം.

2. ചോലകൾ നശിപ്പിക്കുന്നത് തടയണം. കുളങ്ങൾ തൂർത്ത് ഉപയോഗ്യമല്ലാതാക്കുന്നത് തടയണം. ഇവ സംരക്ഷിക്കുന്നതിന് ബോധവത്ക്കരണം നടത്തേണ്ടതാണ്.

3. മക്കരപറമ്പ് പുഴയിൽ മക്കരച്ചിറക്ക് മുകളിലായും മുരിക്കുംകുണ്ടിന് താഴെയും വറ്റലൂർ പാലത്തിന് താഴെയുമായും മൂന്ന് തടയണകൾ നിർമ്മിച്ച് പുഴയിലൊഴുക്ക് തടഞ്ഞ് ജലവിതാനം ഉയർത്തുക.

4. പഞ്ചായത്തിലെ 1-ാം വാർഡിലെ തെക്കത്ത്കുളം, 3-ാം വാർഡിലെ യത്തീംഖാനക്കടുത്തുള്ള കുളം, 5-ാം വാർഡിലെ പള്ളിക്കുളം, 6-ാം വാർഡിലെ അമ്പലക്കുളം, 8-ാം വാർഡിലെ കരുവള്ളിക്കുളം മുതലായവ നന്നാക്കുക.

5. നാറാണത്ത് ചിറയിൽ നിന്നും പുണർപ്പ ഭാഗത്തേക്ക് ജലം ഒഴുകിയെത്തുന്നതിന് നിലവിലുള്ള തടസ്സങ്ങൾ തീർക്കുക. മക്കരപ്പറമ്പ് ചിറയിൽ നിന്നും വെള്ളം മാത്തിൽപടി മുരിക്കിൻകുണ്ട്, പള്ളിക്കൽപാടം ഭാഗങ്ങളിലേക്കും മുക്കണംചിറയിലെ വെള്ളം അരിമ്പ്രപ്പടി വരെയും എത്തിക്കാൻ ആവശ്യമായ സംവിധാനം ഏർപ്പെടുത്തുക. നിലവിലുള്ള ജലനിർഗമന മാർഗ്ഗം പുനക്രമീകരിക്കുകയും നവീകരിക്കുകയും ചെയ്യുക.

6. വൈദ്യുതി സൗകര്യങ്ങൾ മെച്ചപ്പെടുത്തുക. കാർഷിക ആവശ്യത്തിന് മോട്ടോർ ഉപയോഗിക്കുന്ന ലൈനുകൾ ത്രീ ഫൈസ് ലൈനുകളാക്കുക. വോൾട്ടേജ് ക്ഷാമം പരിഹരിക്കുക. 8-ാം വാർഡിലേക്കനുവദിച്ച ട്രാൻസ്ഫോർമർ ഉടനെ സ്ഥാപിക്കുക.

7. പാടങ്ങളിലേക്ക് ട്രാക്ടർ ഇറക്കുവാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക. ട്രാക്ടർ, പവ്വർടില്ലർ, കൊയ്ത്തുയന്ത്രം, മെതിയന്ത്രം, നടിൽയന്ത്രം, തെങ്ങുകയറ്റുയന്ത്രം, മരുന്നു തെളിക്കാനുള്ള സ്പ്രയറുകൾ എന്നി കർഷകർക്ക് വാടകയിനത്തിൽ കിട്ടാനുള്ള ഏർപ്പാടുകൾ ഉണ്ടാക്കുക. ഇവ വാങ്ങാൻ സബ്സിഡി അനുവദിക്കുക.

8. വിത്ത്, വളം, കീടനാശിനി, നടിൽവസ്തുക്കൾ എന്നിവ യഥാസമയം കർഷകർക്ക് ലഭിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.

9. സൈഫൺ തത്വം, ഡ്രിപ്പ് സിസ്റ്റം എന്നിവ മുഖേന തെങ്ങു കൃഷിക്കുള്ള ജലസേചനത്തിന് ആവശ്യമായ സാങ്കേതിക സാമ്പത്തിക സഹായം നൽകുക.

10. കൃഷിഭവന്റെ പ്രവർത്തനം ക്രിയാത്മകമാക്കുക. ആവശ്യമായ ഫീൽഡ് സ്റ്റാഫിനെ നിയമിക്കുക. ശാസ്ത്രീയമായ കൃഷി രീതിയും പരിചരണവും കർഷകരെ പഠിപ്പിക്കണം.

11. പഞ്ചായത്തിൽ വിവിധ നടീൽ വസ്തുക്കളുടെ നഴ്സറികൾ സ്ഥാപിക്കുക. ഗുണമേന്മ കുറഞ്ഞ നടിൽ വസ്തുക്കൾ സ്വകാര്യ സ്ഥാപനങ്ങൾ വിൽപ്പന നടത്തുന്നത് തടയുക. വേനൽകാല ഇടവിളകൾ, മേത്തരം പച്ചക്കറി വിത്തുകൾ എന്നിവ ലഭ്യമാക്കാൻ നടപടിയെടുക്കുക.

12. സഹകരണ അടിസ്ഥാനത്തിൽ വളംഡിപ്പോ സ്ഥാപിക്കുക. അതിൽ വായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

13. നെൽകൃഷിക്ക് സബ്സിഡി ഏക്കറിന് 500 രൂപയാക്കുക.

14. എല്ലാ വിളകൾക്കും പ്രോത്സാഹന സമ്മാനം ഏർപ്പെടുത്തുക.

15. കൃഷിയും അനുബന്ധ ജോലികളും വ്യാവസായമായി പരിഗണിക്കുക.

16. മണ്ണൊലിപ്പ് തടയുന്നതിന് തോടുകളുടെ വശങ്ങൾ കെട്ടി സംരക്ഷിക്കുക.

17. മണ്ണ് പരിശോധന ഇടവിട്ട് നടത്താൻ സംവിധാനം ഉണ്ടാക്കുക.

18. നെൽകൃഷി ഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് കർശനമായി തടയുക. ഇവയെ ബോധവത്കരിക്കുക.

19. വിള ഇൻഷൂറൻസ് പദ്ധതി എല്ലാ വിഭാഗം കൃഷിക്കും നടപ്പാക്കുക. പഞ്ചായത്തിലെ കാർഷിക മേഖലയെ മൊത്തമായി ഇൻഷൂർ ചെയ്യാൻ പഞ്ചായത്ത് മുൻകൈ എടുക്കുക.

20. എല്ലാ ബാങ്കുകളിൽ നിന്നും കാർഷികാവശ്യത്തിന് കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല വായ്പകളും ലഭിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക. കാർഷിക വായ്പകളും നൽകാത്ത ബാങ്കുകളുടെ മേൽ നടപടികളും സ്വീകരിക്കുക.

21. അലഞ്ഞു തിരിയുന്ന കന്നുകാലികളും കൃഷി തിന്നു നശിപ്പിച്ചാൽ കർഷകർക്ക് നഷ്ടപരിഹാരം ലഭിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.

22. കൂൺ കൃഷി, ഉദ്യാനകൃഷി എന്നിവ പരിപോഷിപ്പിക്കാൻ ആവശ്യമായ സാങ്കേതിക സഹായങ്ങളും നൽകുക.

23. ഔഷധകൃഷി, പൂ കൃഷി, പച്ചക്കറി കൃഷി എന്നിവ പരിപോഷിപ്പിക്കുക.

24. മണ്ണിന്റെ ഫലഭൂയിഷ്ഠത നിലനിർത്താൻ ജൈവവളപ്രയോഗം വർദ്ധിപ്പിക്കുന്നതിന് വേണ്ടി ഇടവിളകളും കൃഷിചെയ്യുന്നതിന് സൗകര്യങ്ങളും നൽകുകയും വർദ്ധിച്ച തോതിൽ ബോധവത്കരണം നടത്തുകയും ചെയ്യുക.

25. കർഷക ക്ലബ്ബുകളും നിർമ്മിക്കുക.

26. അഗ്രോ ക്ലീനിക് സ്ഥാപിക്കുക.

27. പ്രായമായ തെങ്ങുകളും മുറിച്ച് മാറ്റി പുതിയത് വെക്കുന്നതിന് സാമ്പത്തിക സഹായം നൽകുക.

28. വിള മത്സരങ്ങളും നടത്തി സമ്മാനം നൽകുക.

29. കർഷക തൊഴിലാളികളുടെ കൂലി ഏകീകരിക്കുകയും സാങ്കേതിക വൈദഗ്ദ്യം ഉള്ള മേഖലയിൽ തൊഴിൽ പരിശീലനം നൽകുകയും ചെയ്യുക.

30. ജില്ലാ താലൂക്ക് നിലവാരത്തിൽ വിത്ത് ഡിപ്പോകളും സ്ഥാപിക്കുക.

പഞ്ചായത്തിൽ വെറ്റില, കുരുമുളക്, മരച്ചീനി, വാഴ, പച്ചക്കറി, എന്നീ കൃഷികൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് പദ്ധതികളും ആവിഷ്കരിച്ചാൽ ദൈനംദിന ആവശ്യങ്ങൾക്ക് വേണ്ട പച്ചക്കറി ലഭ്യമാവുകയും അതേ സമയം നെൽകൃഷിക്ക് അനുയോജ്യമായ സ്ഥലങ്ങളും പൂർണ്ണമായി ഉപയോഗിക്കാനും കഴിയും.

32 കൃഷി ഭവനോട് അനുബന്ധിച്ച് അതിന്റെ പ്രവർത്തനങ്ങളിൽ ഇടപെടാവുന്ന തരത്തിൽ ഉപദേശക സമിതികളും സംഘടിപ്പിക്കണം.

33. ഗ്രൂപ്പ് ഫാമിംഗ് പ്രോത്സാഹിപ്പിക്കുന്നതിന് പാടശേഖര സമിതിക്ക് വിത്തും വളവും സൗജന്യമായി നൽകുക.

34. കർഷക പെൻഷൻ പദ്ധതി എല്ലാ കർഷകർക്കും നടപ്പാക്കുക.

35. സഹകരണ അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി നടത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

അഞ്ച് 2

മൃഗ സംരക്ഷണവും മത്സ്യബന്ധനവും

മൃഗസംരക്ഷണം

മക്കരപ്പറമ്പ പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ പശു, ആട് എന്നിവയാണ്. ഉഴവുകാളകളും എരുമകളും നാമമാത്രമായി വളർത്തുന്നുണ്ട്. വളർത്തു പക്ഷികളിൽ പ്രധാനം കോഴിയാണ്. അപൂർവ്വം ചില വീടുകളിൽ താറാവുകളും കാടപക്ഷികളും വളർത്തപ്പെടുന്നുണ്ട്. ഈ വർഷത്തിന്റെ ആരംഭത്തിൽ നടത്തിയ കന്നുകാലി സെൻസസ് പ്രകാരം പഞ്ചായത്തിൽ 115 പശുക്കളും 19 ഉഴവു കാളകളും 32 എരുമകളും 39 ഉഴവു പോത്തുകളുമാണുള്ളത്. പഞ്ചായത്തിലെ 80 ശതമാനം വീടുകളിലും കോഴികളെ വളർത്തുന്നുണ്ട്.

നെൽകൃഷി കുറഞ്ഞതും കാർഷിക രംഗത്ത് യന്ത്രവൽകരണം വന്നതും വളർത്തു മൃഗങ്ങളുടെ എണ്ണം കുറയാനിടയായി. നിരന്തരമായുണ്ടാകുന്ന കോഴി വസന്തയും മറ്റും കോഴികളുടെ എണ്ണത്തിലും കുറവ് വരുത്തി. ഗതാഗത സൗകര്യങ്ങളും വർദ്ധിച്ചതോടെ വണ്ടിക്കാളകളും തീരെയില്ലാതായി.

പഞ്ചായത്തിൽ മൊത്തം ഉത്പാദിപ്പിക്കുന്ന പാലിന്റെ കൃത്യമായ അളവ് ലഭ്യമല്ല. ഉൽപ്പാദിപ്പിക്കുന്ന പാൽ മുഴുവൻ വിൽക്കുന്നതിന് ശാസ്ത്രീയമായ സംവിധാനമില്ലാത്തത്, കാലിത്തീറ്റയുടെ വില വർദ്ധനവ്, വൈക്കോലിന്റെയും പുല്ലിന്റെയും ദൗർലഭ്യം, ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത, ജനങ്ങളുടെ അലസത തുടങ്ങിയവ കാലി വളർത്തൽ നിരുത്സാഹപ്പെടുത്തുന്ന

ഘടകങ്ങളാണ്. മക്കരപ്പറമ്പ് പഞ്ചായത്തിൽ ഒരൊറ്റ പാൽ സൊസൈറ്റിയും നിലവിലില്ല എന്നത് ഒരു വലിയ പോരായ്മ തന്നെയാണ്. മിക്ക കുടുംബങ്ങളും പാൽ പൊടിയാണ് ഉപയോഗിക്കുന്നത്. 'മിൽമ' പാലും കുറഞ്ഞ തോതിൽ ഉപയോഗപ്പെടുത്തുന്നുണ്ട്.

അടുത്ത കാലം വരെ പഞ്ചായത്തിൽ മൃഗചികിത്സ സൗകര്യം വളരെ കുറവായിരുന്നു. മക്കരപ്പറമ്പിൽ സ്ഥിതി ചെയ്യുന്ന ഗ്രാമീണ കന്നുകാലി വികസന കേന്ദ്രമായിരുന്നു ഏക ആശ്രയം. അത് പഞ്ചായത്തിന്റെ ഒരറ്റത്ത് ആയിരുന്നതിനാൽ സമയത്തിന് ചികിൽസ കിട്ടാതെ കാലികൾ ചാകുന്ന സാഹചര്യം ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ നിലവിൽ വന്ന മൃഗാശുപത്രി പഞ്ചായത്തിന്റെ ഏകദേശം മധ്യഭാഗമായ തടത്തിൽകുണ്ടിലാണ് സ്ഥാപിച്ചിരിക്കുന്നത്. പഞ്ചായത്തിലെ എല്ലാ ഭാഗത്തു നിന്നും എത്തിപ്പെടാൻ സൗകര്യമുള്ള സ്ഥലമാണ് അത്. പക്ഷേ അവിടെ ആവശ്യമായ സ്റ്റാഫോ മരുന്നോ ഇല്ലാത്തത് വിഷമം സൃഷ്ടിക്കുകയാണ്.

കാലികളിൽ പൊതുവെ കണ്ടു വരുന്ന രോഗങ്ങൾ അകിടുവീക്കം, കുളമ്പുരോഗം, ഉദരരോഗം, പനി എന്നിവയാണ്. രോഗപ്രതിരോധ നടപടികളെ സംബന്ധിച്ചും ശുചിത്വത്തെ സംബന്ധിച്ചും ജനങ്ങളിൽ നിലനിൽക്കുന്ന അജ്ഞത, രോഗങ്ങൾ തുടക്കത്തിലേ ചികിത്സിച്ചു മാറ്റുന്നതിന് തടസ്സമാകുന്നുണ്ട്.

മക്കരപ്പറമ്പ് പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന ഗോബർഗ്യാസ് പ്ലാൻറുകളിൽ ഒന്നുപോലും ഇപ്പോൾ പ്രവർത്തനക്ഷമമല്ല. ഒരു വീട്ടിലെ പാചകത്തിനും വെളിച്ചത്തിനും വേണ്ടി വരുന്ന ഇന്ധനത്തിന്റെ വലിയൊരു ഭാഗം ഗോബർഗ്യാസ് പ്ലാൻറിലൂടെ കണ്ടെത്താൻ കഴിയുമെങ്കിലും കർഷകരിലെ ഹൃതുസംബന്ധിച്ച അജ്ഞതയും സ്ഥാപിക്കുന്നതിനുള്ള മറ്റു ബുദ്ധിമുട്ടുകളും തടസ്സം സൃഷ്ടിക്കുന്നുണ്ട്.

കൃഷിക്കാവശ്യമായ ജൈവവളത്തിന്റെ വലിയൊരു പങ്ക് നിറവേറ്റാൻ കാലി വളർത്തലിലൂടെ കഴിയുമെങ്കിലും പൊതുവിൽ കൃഷി, പ്രത്യേകിച്ച് നെൽകൃഷി ലാഭകരമല്ലാതായതോടെ കാലി വളർത്തലിന് മാന്ദ്യം സംഭവിച്ചിട്ടുണ്ട്.

മുൻകാലങ്ങളിൽ മിക്കവാറും എല്ലാ വീടുകളിലും കോഴി വളർത്തലുണ്ടായിരുന്നു. എന്നാൽ ഇന്ന് ഇറച്ചിക്ക് വേണ്ടി വൻതോതിൽ അയൽ സ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന സ്ഥിതിയാണുള്ളത്. ഓരോ ആഴ്ചയിലും പതിനായിരക്കണക്കിന് കോഴിമുട്ടയാണ് നമ്മുടെ പഞ്ചായത്തിൽ ഇറക്കി വിതരണം ചെയ്യുന്നത്. കോഴി വളർത്തലിന് വൻസാധ്യതയുണ്ടെന്നതാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. താറാവ് വളർത്തലും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

പഞ്ചായത്തിൽ മുയൽവളർത്തൽ ഇല്ലെന്ന് തന്നെ പറയാം. മുയലിറച്ചിക്ക് വിപണനസൗകര്യം ഏർപ്പെടുത്തി മുയൽ വളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

പ്രധാന പ്രശ്നങ്ങൾ :

1. പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യത കുറവ്.
2. കാലിത്തീറ്റയുടെ വില വർദ്ധനവ്.
3. മൃഗ ചികിത്സാ സൗകര്യങ്ങളുടെയും ആവശ്യമായ മരുന്നുകളുടേയും അപര്യാപ്തത.
4. കോഴി വളർത്തുന്നതിൽ ജനങ്ങൾക്കുള്ള താൽപര്യക്കുറവും രോഗപ്രതിരോധ ചികിത്സയെ കുറിച്ചുള്ള അജ്ഞതയും.
5. ക്ഷീര വിപണന സൗകര്യം ഒട്ടും ഇല്ല.
6. കാലികളെ വളർത്തുന്നതിന് സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള പ്രയാസം.
7. ഗോബർഗ്യാസ് പ്ലാൻറിനെ കുറിച്ചുള്ള അജ്ഞതയും, സബ്സിഡി ലഭിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങളും.
8. പേപ്പട്ടി ശല്യം ഉണ്ടാകുന്നു.

സാദ്ധ്യതകൾ

1. മക്കരപ്പറമ്പ പഞ്ചായത്തിൽ മൊത്തം പ്രവർത്തനാധികാരമുള്ള ക്ഷീര വ്യവസായ സഹകരണ സംഘം രൂപീകരിക്കുക. രണ്ട് വാർഡുകൾക്ക് ഒന്ന് എന്ന തോതിലെങ്കിലും പാൽ സംഭരണകേന്ദ്രങ്ങൾ ആരംഭിക്കുക. ഉൽപാദിപ്പിക്കപ്പെടുന്ന പാൽ മുഴുവൻ സംഭരിച്ച് വിതരണം ചെയ്യുക. മിച്ചമുണ്ടെങ്കിൽ തൈര്, നെയ്യ് എന്നിവയാക്കി മാറ്റുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.
2. മേൽ സഹകരണസംഘം മുഖേന കുറഞ്ഞ വിലക്ക് കാലിത്തീറ്റ ലഭ്യമാക്കുക. തീറ്റപ്പുൽ കൃഷിക്ക് വിത്തും വളവും സൗജന്യനിരക്കിൽ ലഭ്യമാക്കുക.
3. തടത്തിൽകുണ്ടിൽ ഈയിടെ തുടങ്ങിയ മൃഗാശുപത്രിക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുക. സ്ഥിരമായി ഡോക്ടറേയും സ്റ്റാഫിനേയും നിയമിച്ച് വേണ്ടത്ര മരുന്നുകളും കുത്തിവെയ്പ് സൗകര്യങ്ങളും ഉണ്ടാക്കി മൃഗചികിത്സാ സൗകര്യങ്ങൾ ഫലപ്രദമാക്കുക.

4. മക്കരപ്പറമ്പിൽ നിലവിലുള്ള ഊർജ്ജിത കന്നുകാലി വികസന കേന്ദ്രത്തിൽ ആവശ്യമായ മരുന്നുകളും ലഭ്യമാക്കുക. വെള്ളാട്ടുപറമ്പിൽ പുതുതായി ഒരു സബ്സെൻറർ ആരംഭിക്കുക.
5. സഹകരണാടിസ്ഥാനത്തിൽ ഒരു കോഴികുഞ്ഞുൽപ്പാദനകേന്ദ്രം സ്ഥാപിച്ച് പഞ്ചായത്തിലെ എല്ലാ വീടുകളിലും കോഴി വളർത്തൽ ആരംഭിക്കുക. അടുക്കള മുറ്റത്തെ കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുക. രോഗപ്രതിരോധ ചികിത്സയെ കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കണം. കുറഞ്ഞ വിലയ്ക്ക് കോഴിത്തീറ്റ ലഭ്യമാക്കുക. കോഴികളെ വിൽക്കുന്നതിന് പൊതുസംവിധാനം ഉണ്ടാക്കുക.
6. താറാവ് വളർത്തലും കാടപക്ഷി വളർത്തലും പ്രോത്സാഹിപ്പിക്കുക.
7. മുയലിറച്ചിക്ക് വിപണന സൗകര്യം ഏർപ്പെടുത്തി മുയൽവളർത്തൽ പ്രോത്സാഹിപ്പിക്കുക.
8. അത്യുൽപ്പാദന ശേഷിയുള്ള പശുക്കളെ വളർത്തുന്നത് കൊണ്ടുള്ള മേന്മയെ കുറിച്ച് ബോധവൽക്കരണം നടത്തുക.
9. പേപ്പട്ടി ശല്യം തടയുക. വളർത്തു പട്ടികൾക്ക് ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തുക. അലഞ്ഞു തിരിയുന്ന മുഴുവൻ പട്ടികളേയും പിടിച്ച് കൊല്ലുക.
10. ഗോബർഗ്യാസ് പ്ലാൻറ് ഉപയോഗിച്ചാലുള്ള ഇന്ധനലാഭത്തെ കുറിച്ച് ബോധവൽകരണം നടത്തുക.

മത്സ്യബന്ധനം

മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത് തീരദേശപഞ്ചായത്തല്ലാത്തതിനാൽ മത്സ്യബന്ധനം ഇവിടെ ഒരു മുഖ്യ വിഷയമല്ല. എന്നിരുന്നാലും മക്കരപ്പറമ്പ് പുഴ, വടക്കാങ്ങര - കാച്ചിനിക്കാട് തോട്, ചെറുതും വലുതുമായ 65 കുളങ്ങൾ എന്നിവ ശുദ്ധജല മത്സ്യകൃഷിയിലേക്ക് വിരൽ ചൂണ്ടുന്ന ഘടകങ്ങളാണ്. ഇതിനു പുറമെ ചില കരിങ്കൽ കാറികളും വെള്ളം നിറഞ്ഞു നിൽക്കുന്ന ജലാശയങ്ങളാണ്. മത്സ്യം വളർത്തുന്നതിന് ഉപയോഗിക്കാവുന്നതുമാണ്.

ഉഷ്ണമേഖലാ മത്സ്യബന്ധനം ശാസ്ത്രീയമായ രീതിയിലല്ല ഇവിടെ നടക്കുന്നത്. ജനങ്ങളെ ബോധവൽകരിക്കുന്നതിലൂടെയും സർക്കാറിൻെറ വിവിധ മത്സ്യകൃഷി പദ്ധതിയിലൂടെയും ഇവിടത്തെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാവുന്നതാണ്.

ഈയിടെയായി ജലാശയങ്ങളിൽ കാണപ്പെടുന്ന മത്സ്യരോഗത്തിന് പ്രതിവിധിയും കാണേണ്ടതാണ്.

പ്രധാന ഘടകങ്ങൾ

1. വേനൽകാലത്തെ ജലദൗർലഭ്യം .
2. ശുദ്ധജല മത്സ്യകൃഷിക്ക് യാതൊരുവിധ പ്രോത്സാഹനവുമില്ല.
3. കാറികളിലെ വെള്ളം തടഞ്ഞുനിർത്തി മത്സ്യം വളർത്താൻ ഉപയോഗപ്പെടുത്തുന്നില്ല.
4. കുളങ്ങളിൽ മത്സ്യകൃഷി നടത്താമെങ്കിലും അതിനു വേണ്ട സാമ്പത്തിക സഹായങ്ങളും മത്സ്യകുഞ്ഞുങ്ങളും ലഭിക്കുന്നതിൽ തടസ്സങ്ങളുണ്ട്.
5. മത്സ്യ വിപണനത്തിന് ആധുനിക സംവിധാനങ്ങളില്ല.
6. പുഴകളിലും കുളങ്ങളിലും കണ്ടുവരുന്ന മത്സ്യരോഗം തടയാൻ നടപടി വേണം.

സാധ്യതകൾ

1. മഴക്കാലത്ത് പാഴായി പോകുന്ന വെള്ളം തടഞ്ഞു നിർത്തി ശുദ്ധജല മത്സ്യകൃഷി ആരംഭിക്കുക. ഇതിനു വേണ്ടി ജനങ്ങളെ ബോധവൽക്കരിക്കണം.
2. ഫിഷ്സീഡ് ഫാമുകളിൽ നിന്ന് മത്സ്യകുഞ്ഞുങ്ങളെ കൊണ്ടുവന്ന് കുളങ്ങളിലും കാറികളിലും മത്സ്യം വളർത്തുന്നതിന് സൗകര്യം സൃഷ്ടിക്കുക.
3. പുഴയിലും തോട്ടിലും തടയണകൾ കെട്ടി വെള്ളം തടഞ്ഞു നിർത്തി മത്സ്യബന്ധനം നടത്തുക. ഇത് ജലസേചനത്തിനും കുടിവെള്ളം പമ്പുചെയ്യുന്ന കിണറുകളിൽ വെള്ളം വറ്റാതിരിക്കാനും സഹായകരമാണ്.
4. നാട്ടിൻകുളം, വീട്ടുകുളം എന്നീ പദ്ധതികൾ നമ്മുടെ പഞ്ചായത്തിലാരംഭിക്കുക.
5. മത്സ്യവിപണനത്തിന് സൗകര്യമുണ്ടാക്കുക.
6. മത്സ്യരോഗങ്ങൾ സംബന്ധിച്ച് പഠനങ്ങൾ നടത്തി രോഗം തടയുന്നതിന് നടപടി സ്വീകരിക്കുക.
7. ശുദ്ധജല മത്സ്യകൃഷിയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് പാരിതോഷികങ്ങളും സാമ്പത്തിക സഹായങ്ങളും നൽകുക.

''മാന്യമായ പെരുമാറ്റം കൊണ്ട്
ഏതൊരു ക്രൂരതയെയും
നിരായുധമാക്കാം''

- ഗാന്ധിജി





''ജാതിഭേദം മതത്വേഷം
ഏതുമില്ലാതെ സർവ്വരും
സോദരത്വേന വാഴുന്ന
മാതൃകാസ്ഥാനമാണിത്''

- ശ്രീ നാരായണ ഗുരു

ശ്രദ്ധയോടു കൂടി അസൂയ കൂടാതെ
കേൾക്കുകയെങ്കിലും ചെയ്യുന്ന മനുഷ്യൻ
പാപത്തിൽ നിന്ന് വിട്ട്
പുണ്യകർമങ്ങൾ ചെയ്യുന്നവരുടെ
നല്ല ലോകങ്ങളിൽ എത്തിച്ചേരും''

- ഭഗവത് ഗീത



വ്യവസായം

വ്യവസായിക രംഗത്ത് മക്കരപ്പറമ്പ് പഞ്ചായത്തിന് എടുത്ത് പറയത്തക്ക നേട്ടങ്ങൾ ഒന്നുമില്ല. 1950 കളിൽ തന്നെ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും വൈദ്യുതി എത്തിയിരുന്നുവെങ്കിലും അത് ഉപയോഗപ്പെടുത്തി ഉൽപ്പാദന മേഖലയിൽ വൻകിട വ്യവസായങ്ങളോ ചെറുകിട വ്യവസായങ്ങളോ ആരംഭിച്ചില്ല. സമൂഹത്തിൽ ഇത് സംബന്ധിച്ച് ബോധക്കുറവ് തന്നെ മുഖ്യകാരണം. എങ്കിലും എൺപതുകളിൽ വടക്കാങ്ങരയിൽ 4 പേർ ചേർന്ന് ബ്രദേഴ്സ് സ്റ്റാർച്ച് ഫാക്ടറി സ്ഥാപിക്കുകയുണ്ടായി. ദിനംപ്രതി 50 ഓളം സ്ത്രീകൾക്കും 10 പുരുഷന്മാർക്കും തൊഴിൽ നൽകിയിരുന്ന ഈ സ്ഥാപനം മലവാരങ്ങളിൽ കാർഷികമേഖലയിൽ വന്ന മാറ്റം കാരണം അസംസ്കൃത വസ്തുവായ മരച്ചീനി കിട്ടാതെ പൂട്ടേണ്ടി വന്നു.

ഇപ്പോൾ പഞ്ചായത്തിൽ നിലവിലുള്ള ചെറുകിട വ്യവസായങ്ങളിൽ വർദ്ധിച്ച തോതിലുള്ള ഉൽപ്പാദനവും വിപണനവും ഉദ്ദേശിച്ച് നടത്തുന്നവ ഇല്ല. പഞ്ചായത്തിലെ ജനങ്ങളുടെ ആവശ്യങ്ങൾ പൂർത്തീകരിക്കാൻ തന്നെ അവ പര്യാപ്തവുമല്ല. കെട്ടിടനിർമ്മാ

ണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഈർച്ച മില്ലുകളും, മരം, ഇരുമ്പ് ഫർണീച്ചർ നിർമ്മാണയൂണിറ്റുകളും, പ്രാദേശികമായി ജനങ്ങളുടെ ഭക്ഷണാവശ്യാർത്ഥമുള്ള റൈസ്ഹേ്ളാർ, ഓയിൽ മില്ലുകളും എന്നിവയാണ് ഇവിടെ പ്രവർത്തിക്കുന്നത്.

കാർഷികമേഖലയായ പഞ്ചായത്തിൽ കൃഷി മേഖലയിൽ നിന്നുള്ള ധാരാളം അസംസ്കൃത വസ്തുക്കളും ലഭിക്കുന്നുവെങ്കിലും അവ ഉപയോഗപ്പെടുത്തി വ്യവസായം തുടങ്ങാൻ ആരും മുന്നോട്ട് വരുന്നില്ല. ഉദാഹരണമായി തെങ്ങിൽ നിന്ന് ധാരാളം തേങ്ങ, ചകിരി, ചിരട്ട എന്നിവ ലഭിക്കുന്നുവെങ്കിലും നമ്മുടെ ആവശ്യത്തിനുള്ള വെളിച്ചണ്ണയോ കയറോ മറ്റുൽപ്പന്നങ്ങളോ ഉൽപ്പാദിപ്പിക്കാതെ നാം മറ്റു പ്രദേശങ്ങളെ ആശ്രയിക്കുകയാണ് ചെയ്യുന്നത്. ധാരാളം നേന്ത്രക്കായ ഉൽപ്പാദിപ്പിക്കുന്ന ഈ പഞ്ചായത്തിൽ വ്യാവസായിക അടിസ്ഥാനത്തിൽ തുടങ്ങിയ രണ്ട് ബനാന ചിപ്സ് യൂണിറ്റുകളും പൂട്ടുകയായിരുന്നു.

തേങ്ങ, അടക്ക എന്നിവ വ്യവസായികമായി ഉപയോഗപ്പെടുത്താൻ വർദ്ധിച്ച സാധ്യതകളും ഇവിടെയുണ്ട്. ഇളനീർ വ്യാവസായികമായി ഉപയോഗപ്പെടുത്തി ശീതളപാനീയങ്ങളും ഉണ്ടാക്കിയാൽ കർഷകന് നല്ല വിലയും അതോടൊപ്പം തെങ്ങിൽ നിന്ന് വർദ്ധിച്ച ഉൽപ്പാദനവും ലഭിക്കും. ഇളനീർ വെള്ളം ബോട്ടിൽ ചെയ്ത് വിദേശങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്ന വ്യവസായത്തിന് വലിയ സാധ്യതയുണ്ട്. വെളിച്ചണ്ണ ഉപയോഗപ്പെടുത്തി ഒരു സോപ്പ് നിർമ്മാണയൂണിറ്റിനും ഇവിടെ സാധ്യതയുണ്ട്.

ധാരാളം അടക്ക വിളയുന്ന പഞ്ചായത്തിലെ ജനങ്ങളും കുറേപേർ അത് വ്യാപാരാടിസ്ഥാനത്തിൽ ഉണക്കി സൂക്ഷിച്ച് വിൽക്കുന്നുവെങ്കിലും അവയെല്ലാം പോകുന്നത് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലേക്കാണ്. അവിടെ നിന്നും അവ സുഗന്ധങ്ങളും ചേർത്ത് പാക്ക് ചെയ്ത് വിവിധ പേരുകളിലായി ഇവിടെ എത്തി നാം തന്നെ വാങ്ങുന്നു.

കെട്ടിടനിർമ്മാണ രംഗത്ത് കോൺക്രീറ്റ് കെട്ടിടങ്ങളുടെ കടന്നുകയറ്റം മരപ്പണിക്കാരെ തൊഴിൽ രഹിതരാക്കുമ്പോൾ അവർക്ക് തൊഴിൽ ലഭിക്കുന്ന വലിയ ഫർണീച്ചർ യൂണിറ്റുകളൊന്നും ഇവിടെ ഇല്ല.

ഏതാനും ബീഡി നിർമ്മാണ യൂണിറ്റുകളും ഇവിടെ ഉണ്ടായിരുന്നുവെങ്കിലും തൊഴിലാളികളുടെ കുറവ് കാരണം ഉൽപ്പാദനം നിർത്തി, മറ്റു ഭാഗങ്ങളിൽ ഉൽപ്പാദിപ്പിച്ച ബീഡി കൊണ്ടുവന്ന് പാക്ക് ചെയ്ത് വിൽക്കുന്ന വിപണനകേന്ദ്രങ്ങളായി ഇവിടം മാറിയിരിക്കുന്നു.

ധാരാളം കശുവണ്ടി ഉൽപ്പാദിപിക്കുന്ന പഞ്ചായത്തിൽ അണ്ടി പരിപ്പാക്കി പാക്കറ്റ് ചെയ്ത് വിൽക്കുന്നില്ല എന്നതും ഒരു വസ്തുതയാണ്.

പഞ്ചായത്തിലെ 250 ൽ താഴെ ആളുകളും മാത്രമേ വ്യാവസായിക രംഗത്ത് ജോലി ചെയ്യുന്നുള്ളൂ. ബാക്കി കെട്ടിട നിർമ്മാണ രംഗത്തും കാർഷിക മേഖലയിലുമാണ്.

ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നവർ ധാരാളമുണ്ടെങ്കിലും അവരുടെ സമ്പാദ്യത്തിന്റെ ഒരു ശതമാനം പോലും വ്യാവസായിക രംഗത്തേക്ക് തിരിഞ്ഞിട്ടില്ല.

ഉൽപ്പാദന സംസ്കാരത്തിന് പകരം ഉപഭോഗ സംസ്കാരം ആണ് ഇവിടെ ഏറെയുള്ളത്.

വ്യാവസായ രംഗത്തെ സ്ത്രീകളുടെ പങ്ക്

പഞ്ചായത്തിൽ വ്യാവസായിക രംഗത്ത് സ്ത്രീകളും ഇല്ലെന്ന് തന്നെ പറയാം. പപ്പടനിർമ്മാണരംഗത്തും നൂൽ നൂൽപ്പ് കേന്ദ്രങ്ങളിലും മാത്രമാണ് സ്ത്രീകളും പ്രവർത്തിക്കുന്നത്. ചെറുകിട കുടിൽ വ്യവസായരംഗത്തേക്കും ഇതരവ്യാവസായിക രംഗത്തേക്കും സ്ത്രീകളും ആകർഷിക്കപ്പെട്ടാൽ ഒരു വ്യാവസായിക സംസ്കാരം തന്നെ വളർത്താനാവും.

നിലവിലുള്ള വ്യവസായങ്ങൾ

1. വൻകിട വ്യവസായങ്ങൾ - ഒന്നും തന്നെയില്ല.
2. ചെറുകിട വ്യവസായങ്ങൾ - പട്ടിക ഒന്ന്, രണ്ട്.
   സ്വകാര്യമേഖല / സഹകരണ മേഖല

പട്ടിക ഒന്ന്

ന.	പേര്	എണ്ണം	തൊഴിലാളികളുടെ എണ്ണം		ആകെ	ലാഭം, നഷ്ടം
			പുരുഷൻ	സ്ത്രീ		
1.	നൂൽ നൂൽപ്പ് കേന്ദ്രം (ഖാദി ബോർഡ്)	1	-	7	7	ലാഭം
2.	സിനിമാ തിയേറ്റർ	1	5	-	5	"
3.	സിമൻറ് കട്ട നിർമ്മാണം	1	6	2	8	"
4.	ഗേറ്റ് ആൻറ് ഗ്രിൽ ഇൻറസ്ട്രീൽ	3	15	-	15	"
5.	റൈസ് ആൻറ് ഫ്ളോർ മിൽ	6	6	-	6	"
6.	ഓയിൽ മിൽ	3	3	-	3	"
7.	ക്രഷർ, കരിങ്കല്ല്	1	5	-	5	"
8.	പപ്പടം	4	-	16	-	"
9.	ഹോസ്പിറ്റൽ ഫർണീച്ചർ (സ്റ്റീൽ)	1	-	-	-	ലഭ്യമല്ല.
10.	ഓട്ടോ വർക്ക്ഷോപ്പ്, ബോഡി ബിൽഡിംഗ്	3	18	-	18	"
11.	കരിങ്കൽ ക്വാറി	5	20	15	35	"
12.	ചെങ്കൽ ക്വാറി	2	20	4	24	"
13.	ബീഡി വിപണനം	2	6	-	6	"
14.	ഈർച്ച മിൽ (മരം)	2	12	-	12	"
15.	വുഡ് ഇൻഡൻറസ്ട്രീസ്	2	12	-	12	"
16.	മരപ്പെട്ടകം	3	9	-	9	"
17.	സോഡാ ഫാക്ടറി	1	3	-	3	"
18.	അവിൽ മിൽ	1	2	-	2	"
19.	കൊപ്ര നിർമ്മാണം	4	10	3	13	"
20.	ടയർ റീസോളിംഗ്	1	2	-	2	"
21.	കിടക്ക നിർമ്മാണം (ഉന്നം)	1	4	-	4	"
22.	കാലിത്തീറ്റ നിർമ്മാണം	1	2	-	2	"
23.	കാർപൻററി സൊസൈറ്റി	1	6	-	6	"

സഹകരണ മേഖല

പട്ടിക രണ്ട്

നമ്പർ	പേര്	എണ്ണം	തൊഴിലാളികൾ		ആകെ	ലാഭം, നഷ്ടം
			പു.	സ്ത്രീ		
1.	കാർപൻററി സൊസൈറ്റി ആൻറ് സോമിൽ	1	6	-	6	ലാഭം
2.	നൂൽ നൂൽപ്പ് കേന്ദ്രം ഖാദി ബോർഡ്	1	-	7	7	"

കാർപെൻററി സൊസൈറ്റിയുടെ സോമിൽ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ.

പ്രശ്നങ്ങൾ

1. വ്യവസായത്തിന്റെ പ്രാധാന്യത്തെ ക്കുറിച്ചുള്ള ബോധവൽക്കരണത്തിന്റെ കുറവ്, വ്യവസായ മേഖലയുമായി സമ്പർക്കമില്ലായ്മ, ശക്തമായ ഉൾപ്രേരണയുടെ കുറവ്.
2. നഷ്ടത്തെ ക്കുറിച്ചും ബുദ്ധിമുട്ടകളെ ക്കുറിച്ചുമുള്ള അമിതമായ ആശങ്ക.
3. വ്യവസായ സംരംഭകൻ പല മേഖലകളിൽ നിന്നായി വിവിധ പ്രശ്നങ്ങൾ നേരിടുന്നു.

(എ) കെട്ടിടമുണ്ടാക്കി മെഷിനറിയും മറ്റും സ്ഥാപിച്ചതിന് ശേഷം വൈദ്യുതിക്ക് വേണ്ടിയുള്ള നീണ്ട കാത്തിരിപ്പ്. വൈദ്യുതി ലഭിച്ചാൽ തന്നെ വോൾട്ടേജിന്റെ കുറവ്. വൈദ്യുതി നിയന്ത്രണങ്ങൾ, എന്നിവ.

(ബി) ലൈസൻസ് ലഭിക്കുന്നതിനുള്ള പ്രയാസങ്ങൾ.

(സി) തൊഴിലാളി പ്രശ്നങ്ങൾ.

(ഡി) ഉൽപ്പാദന ചിലവ് കൂടുന്നതിനാൽ അന്യസംസ്ഥാനങ്ങളിലുള്ള വ്യവസായിക യൂണിറ്റുകളുമായി മത്സരിക്കാൻ സാധിക്കുന്നില്ല.

(ഇ) ബാങ്ക് വായ്പ പോലെയുള്ള ധനസഹായങ്ങൾ ലഭിക്കാനുള്ള പ്രയാസങ്ങൾ.

(എഫ്) അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം വിപണന മേഖല, ആരോഗ്യ മേഖല എന്നിവയിൽ നിന്നുള്ള പ്രശ്നങ്ങൾ.

(ജി) ഉദ്യോഗസ്ഥരിൽ നിന്നുള്ള ഇടപെടലുകളും വിവിധ നികുതികളും.

(എച്ച്) ഗൾഫ് പണം വ്യവസായിക മേഖലയിലേക്ക് തിരിച്ചു വിടുന്ന ഏജൻസികളുടെ കുറവ്.

4. കൃഷിയിൽ നിന്നുള്ള അസംസ്കൃത വസ്തുക്കൾ ഒന്നും തന്നെ വ്യാവസായികമായി ഉപയോഗപ്പെടുത്തിന്നില്ല. ഉദാഹരണം നാളികേരം, അടക്ക, ചിരട്ട, ചകിരി എന്നിവ.
5. സഹകരണ മേഖലയിൽ പഞ്ചായത്തിൽ വളരെ കുറഞ്ഞ വ്യവസായങ്ങളേ ഉള്ളൂ. അവ ഫലപ്രദവുമല്ല. പൊതുമേഖലയിൽ വ്യവസായങ്ങളില്ല.
6. സാങ്കേതിക പരിജ്ഞാനമുള്ളവരുടെ കുറവ്.
7. വ്യവസായ രംഗത്ത് ആവശ്യമായ വൈദ്യുതി നൽകാൻ കഴിയുന്നില്ല.
8. സ്ത്രീകൾ വ്യവസായ രംഗത്തേക്ക് കടന്ന് വരുന്നില്ല.
9. ഫർണീച്ചർ വ്യവസായത്തിന് മരത്തിന്റെ ലഭ്യതക്കുറവ്.
10. വ്യാവസായിക പുരോഗതിക്കായി ഗവൺമെൻറ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളെ കുറിച്ചുള്ള അജ്ഞത.

കൂലി നിരക്ക് :

പഞ്ചായത്തിൽ കൂടുതൽ വ്യവസായങ്ങൾ ഇല്ലാത്തതിനാൽ നിശ്ചിതമായ കൂലി നിരക്ക് ഇല്ല. പലതിനും സ്ഥിരമായ തൊഴിലാളികളും ഇല്ല. ഏകദേശം നിരക്ക് താഴെ കൊടുക്കുന്നു.

നമ്പർ	പേര്	കൂലി	
		പു.	സ്ത്രീ.
1.	കാർപൻറി	150 -	-
2.	ഇൻസ്ട്രി ഗേറ്റ് ഗ്രിൽ	50 - 150	-
3.	ഓട്ടോ വർക്ക് ഷോപ്പ്	50 - 200	-
4.	സോമിൽ	150 - 250	-
5.	റൈസ് മിൽ	60 - 100	-
6.	പപ്പടം	-	60
7.	കാറി	150 -	80
8.	സിമൻറ് കട്ട നിർമ്മാണം	120 -	80
9.	തിയേറ്റർ	100 -	-
10.	ചെങ്കൽ കാറി	125 -	80
11.	സോഡാ ഫാക്ടറി	100 -	-
12.	നൂൽ നൂൽപ്പ്	- -	70

പട്ടിക മൂന്ന്

സാധ്യതകൾ

ഈ പഞ്ചായത്ത് ഒരു കാർഷിക മേഖലയാണ്. കൃഷിയിൽ നിന്നും ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച്, ഗൾഫ് പണം മൂലധനമായി ഉപയോഗപ്പെടുത്തിയാൽ ധാരാളം വ്യവസായങ്ങൾ തുടങ്ങാൻ ഇവിടെ സാധ്യതയുണ്ട്.

കാർഷിക ഉൽപന്നങ്ങൾ ഉപയോഗിച്ച് ലാഭകരമായി നടത്താൻ കഴിയുന്ന വ്യവസായങ്ങൾ. (പട്ടിക നാല്.)

ജനറൽ	1	കൊപ്ര, വെളിച്ചെണ്ണ സംസ്കരണം, ബോട്ടിലിംഗ്
	2.	സോപ്പ് നിർമ്മാണം (വെളിച്ചെണ്ണ)
	3.	ഇളനീർ ശീതള പാനീയം (ഇളനീർ വെള്ളം ബോട്ടിൽ ചെയ്ത് വിദേശങ്ങളിലേക്ക് കയറ്റുമതി)
	4.	യന്ത്രവൽകൃത ചകിരിനാര് നിർമ്മാണം.
	5.	ചകിരിനാര് ഉൽപ്പന്നങ്ങൾ.
	6.	തേങ്ങാ പൗഡർ, ക്രീം.
	7.	ചിരട്ടപ്പൊടി (പൊടികൊണ്ട് ഇലക്ട്രിക്കൽ അകസറീസ് നിർമ്മാണം).
	8.	ചിപ്സ് നിർമ്മാണം (നേന്ത്രക്കായ, മരച്ചീനി)
	9.	തെങ്ങുകൊണ്ട് ഫർണീച്ചർ, കെട്ടിട നിർമ്മാണ സാമഗ്രികൾ.
	10.	റബ്ബർ ബാൻഡ് നിർമ്മാണം, ടയർ റീസോളിംഗ്.
	11.	ചകിരിച്ചോറ് കൊണ്ട് വളം.
	12.	അടയ്ക്കാ സുഗന്ധപാക്ക് നിർമ്മാണം.
വനിത	13.	തെങ്ങോല കൊണ്ടുള്ള പായ.
	14.	ചിരട്ട കൊണ്ട് ഗൃഹോപകരണങ്ങൾ മുതലായ കരകൗശല വസ്തുക്കൾ.
	15.	അച്ചാർ.
	16.	നേന്ത്രപ്പഴം, ചക്ക, മാങ്ങ ഇവയിൽ നിന്നുള്ള ജാം നിർമ്മാണം.
	17.	കശുവണ്ടി പരിപ്പ്.
	18.	പിണ്ണാക്ക്, തവിട് കൊണ്ട് കാലിത്തീറ്റ നിർമ്മാണം.

പട്ടിക നാല്.

പഞ്ചായത്തിന്റെ വ്യാവസായിക പുരോഗതിക്കായി ഗ്രാമസഭകളിൽ നിന്ന ഉയർന്ന് വന്ന പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശങ്ങളും:

1. വ്യാവസായ സംരംഭകർക്ക് വൈദ്യുതി പെട്ടന്ന് ലഭ്യമാകുന്ന പുതിയ സ്കീമുകൾ ആരംഭിക്കുക. എല്ലായിടത്തും ത്രീഫൈസ് ലൈൻ വലിച്ച് വോൾട്ടേജ് ഉറപ്പ് വരുത്തുക.
2. ലൈസൻസ് പഞ്ചായത്ത് തലത്തിൽ എളുപ്പത്തിൽ ലഭ്യമാക്കുക.
3. സഹകരണ മേഖലയിലെ സ്തംഭനാവസ്ഥയിലുള്ളവ സജീവമാക്കുക. പുതിയവ ആരംഭിക്കുക.
4. പൊതുമേഖലയിൽ സർക്കാർ വ്യവസായശാലകൾ തുടങ്ങുക.
5. സബ്സിഡി, ലോൺ എന്നിവ ദുരുപയോഗം ചെയ്യുന്നത് തടയുക.
6. തൊഴിൽ രഹിതരേയും സന്നദ്ധതയുള്ളവരേയും കണ്ടെത്തി ധനസഹായവും പ്രചോദനവും നൽകുക.

പഞ്ചായത്തിൽ പൊതു /സഹകരണ / സ്വകാര മേഖലയിൽ തുടങ്ങാവുന്ന വ്യവസായങ്ങൾ ഗ്രാമസഭ നിർദ്ദേശങ്ങളിൽ നിന്ന് :

വൻകിട വ്യവസായം.

1. പഞ്ചായത്തിൽ ഒരു കോക്കനട്ട് കോപ്ലക്സ് സ്ഥാപിക്കുക.

ചെറുകിട വ്യവസായം.

1. കൊപ്ര, വെളിച്ചെണ്ണ, സംസ്കരണം, പാക്കിംഗ്.
2. തേങ്ങാ പൗഡർ, ക്രീം നിർമ്മാണം.
3. ചിരട്ടപ്പൊടി കൊണ്ട് ഇലക്ട്രിക്കൽ അസസറീസ്.

4. ചകിരി നാരും ഉൽപ്പന്നങ്ങളും.
5. ഇളനീർ ശീതളപാനീയം.
6. ഇളനീർ വെള്ളം ബോട്ടിൽ ചെയ്ത് കയറ്റുമതി.
7. ചകിരിച്ചോറിൽ നിന്നും, കുപ്പകളിൽ നിന്നും വളനിർമ്മാണം.
8. സോപ്പ് നിർമ്മാണം.
9. ഫർണീച്ചർ വ്യവസായം (മരം)
10. അടയ്ക്ക സുഗന്ധ പായ്ക്ക്.
11. ഇഷ്ടിക നിർമ്മാണം.
12. കശുവണ്ടി പരിപ്പ് നിർമ്മാണം.
13. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം (വനിത)
14. കോഴി വളർത്തൽ (വനിത)
15. ഇലക്ട്രോണിക് ചോക്ക് ചാർജ്ജർ, എമർജൻസി ലാമ്പുകളുടെ നിർമ്മാണം.
16. എ.സി., മോട്ടോർ നീവൈൻറിംഗ്.
17. ഇലക്ട്രോണിക് സ്പെയർപാട്സ് നിർമ്മാണം.
18. ഗോബർഗ്യാസ് പ്ലാൻറ് (സഹകരണ മേഖല)
19. അച്ചാർ, ജാം യൂണിറ്റ്
20. ഓട്ടോ ഇലക്ട്രിക്കൽ, വർക്ഷോപ്പ്.
21. പുകയില്ലാത്തഅടുപ്പ് നിർമ്മാണം.
22. ക്വാറി, ക്രഷർ.
23. കാറ്റാടി യന്ത്രം.
24. ചിപ്സ് നിർമ്മാണം (നേന്ത്രകായ, മരച്ചീനി)
25. മൊട്ടുസൂചി, സേഫ്റ്റി പിൻ, സ്ക്രൂ മുതലായവയുടെ നിർമ്മാണം.
26. സ്റ്റീൽ ഫർണീച്ചർ.
27. റബർ ബാൻഡ് നിർമ്മാണം - ടയർ റീസോളിംഗ്
28. ആണി കമ്പനി.

വ്യവസായങ്ങൾ പേരിന് ആരംഭിച്ച് അവയെല്ലാം തന്നെ നഷ്ടത്തിന്റെ പേരും പറഞ്ഞ് അടച്ച് പൂട്ടുന്ന പ്രവണത ഒഴിവാക്കി കാലാകാലങ്ങളിൽ അവ നേരിടുന്ന പ്രശ്നങ്ങൾ പഠിച്ച് പരിഹാരങ്ങൾ കാണേണ്ടതാണ്.

"ഒരു കാര്യത്തിൽ ഏർപ്പെട്ടാൽ
വിജയം ഉറപ്പാക്കുന്ന ഘടകങ്ങൾ
അതിരറ്റ ക്ഷമ, ആർജ്ജവം
അവിഛിന്നമായ പ്രയത്നം
എന്നിവയാണ്"

- ഡോ. ബി.എം. അംബേദ്കർ

വിദ്യാഭ്യാസം

വള്ളുവനാടൻ ഗ്രാമങ്ങളുടെ പതിവ് മനസ്സും ഭൂമിശാസ്ത്രവുമായിരുന്നു മക്കരപനമ്പ പഞ്ചായത്ത് പ്രദേശത്തിനേറതെങ്കിലും ഇവിടെ വിദ്യാഭ്യാസരംഗത്ത് വിപ്ലവകരമായ ചുവടുവെയ്പ്പുകൾ ഈ നൂറ്റാണ്ടിന്റെ ആരംഭത്തോടെ തുടങ്ങിയിരുന്നുവെന്നത് അഭിമാനാർഹമായ പൂർവ്വചരിത്രമാണ്. സമ്പത്തും പ്രതാപവും കൊണ്ട് വിദ്യാഭ്യാസ പ്രോത്സാഹന സംരംഭങ്ങൾപരിസരമായ മങ്കട അംശത്തിൽ പലേടത്തും ഉണ്ടായിരുന്നെങ്കിലുംഇങ്ങനെ പ്രബല നേതൃത്വം നൽകാൻ തക്ക രാജാധികാരമുള്ള നാടുവാഴികൾ വടക്കാങ്ങര അംശത്തിൽ ആരും ഇല്ലായിരുന്നു. പൊതുവെ ദരിദ്രരായ കർഷകതൊഴിലാളികളും അവർക്കിടയിൽ പടർന്ന അന്ധവിശ്വാസങ്ങളുടെ ഇരുട്ടുമായിരുന്നു സമൂഹ്യചിത്രം. അപൂർവ്വം ഭൂവുടമകൾ നാടിന്റെ കാരണവസ്ഥാനത്തുണ്ടായിരുന്നെന്നു മാത്രം . മതവിദ്യാഭ്യാസത്തിന്റെ പ്രാഥമിക പാഠങ്ങളഭ്യസിക്കാൻ മുസ്ലിംങ്ങൾക്കിടയിൽ ഓത്തുപള്ളികളുണ്ടായിരുന്നു. പക്ഷെ, ഭൗതിക വിദ്യാഭ്യാസത്തിന്റെ ആദ്യാക്ഷരം കുറിക്കാൻ ഒരു സംവിധാനവും ഇല്ലാത്ത കാലം. ജനങ്ങൾക്കാകട്ടെ, വിദ്യഭ്യാസത്തെ കുറിച്ച്, ഒരു സങ്കൽപ്പവുമില്ല. അത്തരമൊരു 'യുഗ'ത്തിൽ വടക്കാങ്ങര അംശത്തിൽ മാത്രം അഞ്ച് പ്രൈമറി സ്കൂളുകൾ സ്ഥാപിക്കപ്പെട്ടുവെന്നത് മലബാറിന്റെ വിദ്യഭ്യാസ ചരിത്രത്തിൽ തന്നെ തിളങ്ങുന്ന അധ്യായമാണ്. രാജവംശത്തിന്റേയും കോവിലകങ്ങളുടേയും ഗവൺമെന്റിന്റേയും വകയല്ലാതെ നാട്ടുകാർ വിദ്യാലയങ്ങൾ സ്ഥാപിക്കുക എന്ന അത്ഭുതം ഇവിടെ സംഭവിച്ചു. പോത്തുകുണ്ടിൽ ഒരു

ഏകാധ്യാപക വിദ്യാലയം സ്ഥാപിച്ചുകൊണ്ട് ഈ പരീക്ഷണത്തിന് മുതിർന്ന പരേതനായ വേങ്ങശ്ശേരി മൊയ്തു സാഹിബ് ആണ് നമ്മുടെ നാടിന്റെ വിദ്യഭ്യാസ വിപ്ലവത്തിന് തിരി കൊളുത്തിയത്. നാട്ടുവൈദ്യവുമായി പ്രസിദ്ധനായി, കലാ-കായിക മേഖലയിൽ ജനോപകാര പ്രവർത്തനങ്ങളിലും മികച്ച സംഘാടകനായി മുന്നിൽ നിന്ന അദ്ദേഹം. മക്കരപ്പറമ്പിലും തടത്തിലകുണ്ടിലും കൂടി പ്രൈമറി സ്കൂളുകൾ സ്ഥാപിച്ചു. ഈ നൂറ്റാണ്ടിന്റെ ആദ്യദശ കങ്ങളിൽ പുണർപ്പയിൽ പരേതനായ വെങ്കിട്ട മൊയ്തീൻകുട്ടി ഹാജിയും ഒരു സ്കൂൾ സ്ഥാപിച്ചു. 1911 ൽ മക്കരപ്പറമ്പ അമ്പലപ്പടിയിൽ മങ്കട കോവിലകത്തെ കൃഷ്ണവർമ്മ സ്ഥാപിച്ച എലിമെൻററി സ്കൂൾ ഇതിൽ ആദ്യത്തേതാണെന്നും പറയപ്പെടുന്നു. വിദ്യാർത്ഥികളെ കിട്ടാതെ പോത്തുകുണ്ട് സ്കൂൾ പിൽകാലത്ത് നിർത്തലാക്കി.

തടത്തിലകുണ്ട് എം.എം. എ. എൽ. പി. സ്കൂൾ, മക്കരപ്പറമ്പ് എം.എ.എ.എൽ.പി. സ്കൂൾ എന്നിവയും പുണർ വി.എം. എച്ച്.എം. യു.പി. സ്കൂളുമായി ബാക്കിയുള്ളവ പിൽകാലത്ത് അറിയപ്പെട്ടു.. അമ്പലപ്പടി സ്കൂൾ പിന്നീട് മലബാർ ഡിസ്ട്രിക്ട് ബോർഡ് ഏറ്റെടുക്കുകയും ഗവ. ഹൈസ്കൂൾ അനുവദിക്കപ്പെട്ടപ്പോൾ ഒഴിവാക്കുകയും പെയ്തു. പോത്തുകുണ്ടിലും വടക്കാങ്ങരയിലും ഇട ക്കാലത്ത് ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ ഏകാധ്യാപക വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടു. പരേതനായ സി.എച്ച്. മുഹമ്മദ് കോയ സാഹിബ് 1968 ൽ ഈ പ്രദേശത്തെ ജനപ്രധിനിതിയും സംസ്ഥാനവിദ്യാഭ്യാസ മന്ത്രിയുമായിരിക്കെ മക്കരപ്പറമ്പിൽ ഗവ. ഹൈസ്കൂൾ അനുവദിച്ചതോടെയാണ് പഞ്ചായത്ത് പ്രദേശത്തെ വിദ്യഭ്യാസ മുന്നേറ്റത്തിന് തുടക്കം കുറിച്ചത്. ഇതേ വർഷം വടക്കാങ്ങരയിൽ പഞ്ചായത്ത് യു.പി. സ്കൂളും സി. എച്ച്. തന്നെ അനുവദിച്ചു. പ്രഥമ പഞ്ചായത്ത് പ്രസിഡൻറ് പരേതനായ കെ.കെ.എസ്. തങ്ങളുടെ കഠിനപരിശ്രമമാണ് ഈ വിദ്യഭ്യാസ വളർച്ചക്ക് വേദിയൊരുക്കിയത്. 1976 ൽ വടക്കാങ്ങരയിൽ ഒരു ഹൈസ്കൂൾ കെ.കെ.എസ്. സ്ഥാപിച്ചു. 1993 ൽ മക്കരപ്പറമ്പ് ജി.എച്ച്. എസ്. വെക്കേഷണൽ ഹയർ സെക്കൻററിയായി ഉയർത്തപ്പെട്ടു. ശാസ്ത്രകായിക മേളകളിൽ ജില്ലാ സംസ്ഥാന തലങ്ങളിൽ പല തവണ ഒന്നാം സ്ഥാനം നേടിയ മക്കരപ്പറമ്പ് ഗവ. ഹൈസ്കൂൾ ജില്ലയിലെ ഏറ്റവും ഉയർന്ന മാർക്ക് വാങ്ങിയ S.S.L.C. ജേതാക്കളേയും പലതവണ സ.ഭാവന ചെയ്തിട്ടുണ്ട്. S.S.L.C.ക്ക് 80 ശതമാനത്തിൽ അധികം വിജയമുണ്ടായിരുന്ന സർക്കാർ ഹൈസ്കൂളായും മക്കരപ്പറമ്പ ഹൈസ്കൂൾ അറിയപ്പെട്ടു. സംസ്ഥാനത്ത് വിദ്യഭ്യാസ രംഗത്ത് ഉന്നത പദവികളിലെത്തിയ പല വിദ്യാഭ്യാസ വിചക്ഷണരും മക്കരപ്പറമ്പ് ഗവ. ഹൈസ്കൂളിൽ പ്രധാനദ്ധ്യാപകരായിട്ടുണ്ട്. പാഠ്യപഠ്യേതരരംഗങ്ങളിൽ സംസ്ഥാനത്ത് ശ്രദ്ധേയമായിരുന്ന ഈ സ്ഥാപനത്തിലെ ഇന്നത്തെ പഠന നിലവാരം അത്യന്തം ശോചനീയമാണ്.

വിദ്യാഭ്യാസ മേഖല

വിദ്യാഭ്യാസ മേഖല എടുത്ത് പരിശോധിക്കുമ്പോൾ മക്കരപ്പറമ്പ് പഞ്ചായത്ത് ഏറ്റവും മുൻപന്തിയിലല്ലെങ്കിലും ജില്ലയിലെ ഇതര പഞ്ചായത്തുകളെ അപേക്ഷിച്ച് മികവുറ്റതാണ്. ഈ പ്രദേശത്തെ ജനങ്ങൾ ഭൂരിഭാഗവും പൊതുവിദ്യാലയങ്ങളെ ആശ്രയിക്കുന്നതെങ്കിലും ചിലരെങ്കിലും സ്വകാര്യ വിദ്യാലയങ്ങളിലേക്ക് പോകുന്നു. പഠന നിലവാരം അനുദിനം മോശമായി വരുന്നത് ഒരു ദുഃഖസത്യമാണ്.

പഠന നിലവാരം ഉയർത്തുവാനും പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ നേട്ടം കൈവരിക്കുവാനും ഇനിയും മുന്നേറേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ ഭാവി പൗരന്മാരെ വാർത്തെടുക്കുന്നതിൽ നാം വിജയിക്കുകയുള്ളൂ.

ഇന്നത്തെ വിദ്യാർത്ഥികൾ നാളത്തെ പൗരന്മാർ എന്നാണല്ലൊ പ്രമാണം. ക്ഷേമ രാഷ്ട്രം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് രാഷ്ട്രത്തിലെ ആബാലവൃദ്ധം ജനങ്ങളുടേയും സാമൂഹ്യ സാമ്പത്തിക വിദ്യാഭ്യാസപരമായ ഉയർച്ചയാണ്. വയോജന വിദ്യാഭ്യാസത്തിലൂടെ വെറും സാക്ഷരതയല്ല ലക്ഷ്യമാക്കുന്നത്. മറിച്ച് പട്ടിണിയും കഷ്ടപ്പാടും തീർക്കുവാനുള്ള അറിവ് നേടുകയാണ് അതിന്റെ ലക്ഷ്യം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ വ്യക്തി ജീവിതം മെച്ചപ്പെടുത്താൻ ഉതകും വിധം ബോധവൽക്കരണത്തോടൊപ്പമുള്ള വിദ്യാഭ്യാസമാണ് വയോജനവിദ്യാഭ്യാസ പരിപാടിയിലൂടെ പ്രധാനം ചെയ്യേണ്ടത്. 'പ്രവൃത്ത്യുന്മുഖ സാക്ഷരത' എന്ന പേരിൽ അറിയപ്പെടുന്നതും മറ്റൊന്നല്ല. അക്ഷരജ്ഞാനത്തിലൂടെ മാത്രമേ ഒരു സമൂഹത്തിൽ മാറ്റം ഉണ്ടാക്കാനാവുകയുള്ളൂ. സാമൂഹ്യ പുരോഗതിയുടെ 'കീ' ആണ് അക്ഷജജ്ഞാനം.

മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ചും അധ്യാപക - വിദ്യാർഥികളുടെ അനുപാദതത്തെക്കുറിച്ചും പാഠ്യപാഠ്യേതര പ്രവർത്തനങ്ങളെക്കുറിച്ചും വിലയിരുത്തുമ്പോൾ മലപ്പുറം ജില്ലയിലെ ഇതര പഞ്ചായത്തുകളെ അപേക്ഷിച്ച് ഇനിയും മുന്നോട്ട് കുതിക്കേണ്ടതുണ്ട്.

പട്ടിക 1 (a)

നമ്പർ	സ്കൂൾ	മാനേജ്മെൻറ്	വിദ്യാർത്ഥികൾ ആൺ	പെൺ	ആകെ
1.	T.S.S.വടക്കാങ്ങര	എയിഡഡ് .	569	591	1160
2.	V.M.H.M. U.P.S. L.P പുണർപ്പ U.P.	"	100 294	90 288	772
3.	M.M.A.L.P. സ്കൂൾ വടക്കാങ്ങര	"	219	224	443
4.	M.M.L.P. സ്കൂൾ കാച്ചിനിക്കാട്	"	133	100	233
5.	M.A.A.L.P. സ്കൂൾ മക്കരപ്പറമ്പ്	"	147	126	273
6.	G.V.H.S.S. മക്കരപ്പറമ്പ്	Govt.	587	577	1164
7.	G.M.L.P.S. വടക്കാങ്ങര	"	96	103	199
8.	G.L.P.S. പോത്തുകുണ്ട്	"	57	50	107
9.	M.P.A.U.P.S. വടക്കാങ്ങര	മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത്	455	415	870
10.	M.I.S.S. കാച്ചിനിക്കാട്	അൺ എയിഡഡ്	76	77	153

സ്ത്രീ വിദ്യഭ്യാസത്തിൽ മക്കരപ്പറമ്പ് ഒട്ടും പിറകിലല്ലെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. എന്നാൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് സ്ത്രീകൾ ഏറെ പിറകിലാണ്. സ്ത്രീ വിദ്യാഭ്യാസത്തെ പ്രത്യേകിച്ചും ഉന്നത പഠനത്തിൽ വനിതകൾ ഇനിയും മുന്നേറേണ്ടതുണ്ട്.

പട്ടിക 1 (b)

L.P., U.P., H.S., വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം

ആകെ	L.P.			U.P.			H.S.		
വിദ്യാർത്ഥികൾ	ആൺ	പെൺ	%	ആൺ	പെൺ	%	ആൺ	പെൺ	%
5374	752	693	47.95	749	703	48.42	1232	1245	50.26

പട്ടിക 1 (c)

പട്ടിക ജാതി - പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്.

L.P.			U.P.			H.S.		
ആകെ	SC/ST	%	ആകെ	SC/ST	%	ആകെ	SC/ST	%
1445	83	5.74	1544	92	6.33	2477	121	4.88

രണ്ട് ഹൈസ്കൂളുകളും ഒരു [illegible] ക്കേഷണൽ ഹയർ സെക്കൻററിയും മൂന്ന് യു.പി. സ്കൂളുകളും അഞ്ച് പ്രൈമറി സ്കൂളുകളും പ്രവർത്തിക്കുന്ന പഞ്ചായത്തിൽ V.H.S.S. ഉം രണ്ട് പ്രൈമറി സ്കൂളുകളും ഗവൺമെൻറ് നിയന്ത്രണത്തിലും ഒരു യു.പി. സ്കൂൾ പഞ്ചായത്ത് അധീനതയിലും അവശേഷിക്കുന്നവ എഡിഡഡ്-അൺ എയിഡഡ് സ്ഥാപനങ്ങളുമാണ്.

പഞ്ചായത്തിലെ രണ്ട് ഹൈസ്കൂളുകളുടേയും വിജയ ശതമാനം താരതമ്യേന കുറവാണ്. ഗവ. ഉടമയിലുള്ള പഞ്ചായത്തിലെ വൊക്കേഷണൽ ഹയർ സെക്കണ്ടറിയിലെ വിജയശതമാനം വളരെ പിന്നിലാണ്. സ്ഥിരം അധ്യാപകരെ നിയമിക്കാത്തതും താൽക്കാലികമായി വരുന്ന അധ്യാപകരുടെ പരിചയക്കുറവും മറ്റും ഇതിന് കാരണമാണെന്ന് പറയേണ്ടിയിരിക്കുന്നു. വിജയികളിൽ അധിക പേർക്കും മാർക്കിൻെറ കുറവ് കാരണം സർവ്വകലാ ശാല അഫിലിയേറ്റഡ് കോളേജുകളിൽ പ്രവേശനം ലഭിക്കാതെ പോകുന്നു. പോളി ടെക്നിക്കുകളോ മറ്റു സങ്കേതിക സ്ഥാപനങ്ങളോ ഇവിടെ പ്രവർത്തിക്കുന്നില്ല. ആർട്സ് ആൻറ് സയൻസ് കോളേജുകൾക്ക് പുറമെ അംഗീകൃത അറബിക് കോളേജുകൾ, പെരിന്തൽമണ്ണ ഗവ. പോളി ടെക്നിക്, അരീക്കോട് ഐ.ടി.ഐ., ഐ.ടി.സി., എൽ.ബി.എസ്. സ്ഥാപനങ്ങൾ എന്നിവയിലും ഈ പഞ്ചായത്തിൽ നിന്നുള്ള കുട്ടികൾ പഠിക്കുന്നു.

ഇത്തരം സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കാതെ വരുന്ന വിദ്യാർത്ഥികൾ ട്യൂട്ടോറിയൽ കോളേജുകളെ ആശ്രയിക്കുകയാണ് ചെയ്യുന്നത്. ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ പൊതുവെ നിലവാരം കുറഞ്ഞു വരുന്നതിനാൽ പ്രതീക്ഷിക്കുന്ന ഫലം പലപ്പോഴും ലഭിക്കാതെ പോകുന്നു. തന്നിമിത്തം വിദ്യാർത്ഥികളുടെ ഭാവി ഇരുളടയുന്നു.

പട്ടിക 2

അധ്യാപരേയും വിദ്യാർത്ഥികളേയും സംബന്ധിച്ച വിവരങ്ങൾ

സ്കൂളുകൾ	അധ്യാപകർ			വിദ്യാർത്ഥികൾ		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1.	2.	3	4	5	6	7
H.S.	43	48	91	1175	1184	2359
U.P.S	13	28	41	780	725	1505
L.P.S	23	32	55	778	732	1510
Pre-Primary	-	3	3	-	-	-
ആകെ	79	111	190	2733	2641	5374

തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഏറെ പ്രാധാന്യമുള്ള ഇക്കാലത്ത് അത്തരം സ്ഥാപനങ്ങൾ പഞ്ചായത്തിൽ വിരളമാണ്. ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളാണ് ഈ രംഗത്ത് എടുത്ത് പറയാനുള്ളത്. പ്രധാനമായും രണ്ട് കോഴ്സുകളാണ് ഇവിടെ നടത്തപ്പെടുന്നത്. E.C.G., M.L.T. കോഴ്സുകൾക്കായി ഏകദേശം 100 വിദ്യാർത്ഥികൾക്ക് വർഷം തോറും ഇവിടെ പ്രവേശനം നൽകുന്നു. എന്നാൽ ഈ പഞ്ചായത്തിൽ നിന്നും ഇവിടെ പഠിക്കുന്നവരുടെ എണ്ണം 25 ൽ താഴെയാണ്. ഏറെകാലത്തെ മുറവിളികൾക്ക് ശേഷം അനുവദിച്ച ഈ സ്ഥാപനം വിജയശതമാനത്തിൽ ഏറെ പിന്നിലാണെന്ന് പറയേണ്ടിയിരിക്കുന്നു. ഇവിടത്തെ പ്രഥമ ബാച്ചിൻെറ ഫലം പുറത്ത് വന്നപ്പോൾ നിരാശാജനകമായിരുന്നു. അധ്യാപകരുടെ കുറവും പഠനോപകരണങ്ങളുടെ ദൗർലഭ്യവും ഒരു പരിധി വരെ ഇതിന് കാരണമാണത്രെ.

മതവിദ്യാഭ്യാസത്തിൻെറ കാര്യത്തിൽ മക്കരപ്പറമ്പ് നിവാസികൾ ഒട്ടും പിറകിലല്ല. മുസ്ലിം വിദ്യാർത്ഥികൾ മതപഠന രംഗത്ത് ഭൗതിക വിദ്യാഭ്യാസത്തെ പോലെ തന്നെ പ്രാധാന്യം നൽകുന്നുണ്ട്. 18 ഓളം മദ്രസകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. രണ്ട് അറബിക് കോളേജും ഇവിടെ പ്രവർത്തിക്കുന്നു. അനാഥരും നിർദ്ധനരുമായ വിദ്യാർത്ഥികളുടെ സംരക്ഷണത്തിന് പ്രാരംഭദശയിലാണെങ്കിലും ഒരു ഓർഫനേജും പ്രവർത്തിക്കുന്നുണ്ട്.

മൂന്ന് വയസ്സിനും അഞ്ച് വയസ്സിനും ഇടയിൽ ഉള്ള കുട്ടികൾ അധികവും സാമൂഹ്യക്ഷേമ വകുപ്പിൻെറ കീഴിൽ പ്രവർത്തിക്കുന്ന അംഗൻവാടികളിലാണ് പോകുന്നത്. മറ്റിടങ്ങിൽ നിന്ന് വ്യത്യസ്തമായി ഇംഗ്ലീഷ് മീഡിയം പ്രീ പ്രൈമറി വിദ്യാലയങ്ങളുടെ സ്ഥാപനം കുറവാണ്. അംഗൻവാടികളിൽ ചിലത് സ്വന്തമായി കെട്ടിടവും മതിയായ സൗകര്യങ്ങളും ഇല്ലാത്തവയാണ്.

പട്ടികജാതി വിദ്യാർത്ഥികൾക്കും സാമ്പത്തികമായി പിന്നോക്കമായ മുസ്ലിം വിദ്യാർത്ഥിനികൾക്കും സ്കോളർഷിപ്പ് ലഭിക്കുന്നത് പഠനത്തിനുള്ള പ്രോത്സാഹനമാകുന്നു. ഇത്തരം സ്കോളർഷിപ്പുകൾ ഇനിയും കാലോചിതമായി പരിഷ്കരിക്കണം.

സാക്ഷരതയുടെ കാര്യം എടുത്ത് പരിശോധിച്ചാൽ ജില്ലയിലെ ഇതര പഞ്ചായത്തുകളെ അപേക്ഷിച്ച് മക്കരപ്പറമ്പ് ഏറെ മുന്നിലാണ്. ഇവിടെ 79 ശതമാനം ആളുകൾ സാക്ഷരരാണ്.

പട്ടിക 3 അക്കാഡമിക് സൗകര്യങ്ങൾ

സ്കൂളിന്റെ പേര്	ലൈബ്രറി ഉണ്ട്/ഇല്ല പ്രവർത്തിക്കുന്നു/ഇല്ല	ലബോറട്ടറി/സയൻസ് കോർണർ ഉണ്ട്/ഇല്ല പ്രവർത്തിക്കുന്നു/ഇല്ല	വാഗോപകരണങ്ങൾ (ഹാർമോണിയം, ചാർട്ടുകൾ, ഗ്ലോബുകൾ) വേണ്ടത്ര ഉണ്ട്/ഇല്ല	ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ - എണ്ണം								ബ്ലാക്ക് ബോർഡ്		95% ലഭിച്ച അധ്യയനദിനങ്ങൾ	സമാനങ്ങളിലൂടെ നഷ്ടപ്പെട്ട അധ്യയനദിനങ്ങളുടെ എണ്ണം	പ്രത്യേകപ്പെടുത്തിയ ധികളിലൂടെ നഷ്ടപ്പെട്ട അധ്യയനദിനങ്ങളുടെ എണ്ണം	മാനസ്സംഗമം സജീവം/സജീവമല്ല	ക്ലാസ്സും പിടിഎകൾ പ്രവർത്തിക്കുന്നു/ഇല്ല
				റേഡിയോ	ടേപ്പ് റിക്കാർഡർ	ടി.വി. സെറ്റ്	വിസിആർ, വിസിപി	സിനിമാ പ്രൊജക്ടർ	സ്ലൈഡ് പ്രൊജക്ടർ	ഓവർഹെഡ് പ്രൊജക്ടർ	കമ്പ്യൂട്ടർ	ആവശ്യമുള്ളത്	നിലവിലുള്ളത്				
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19
GMLPS വടക്കാഞ്ചേര	ഉണ്ട്	[illegible]	[illegible]	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	8	8	183	ഇല്ല	6	സജീവം	ഉണ്ട്
MAALPS വടക്കാഞ്ചേര	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	12	12	184	ഇല്ല	7.5	"	ഉണ്ട്
ALPS കാച്ചിനിക്കാട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	[illegible]	[illegible]	ഇല്ല	ഇല്ല	ഇല്ല	ഇല്ല	7	7	182	ഇല്ല	5	"	ഉണ്ട്
GLPS പോത്തുകുണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	3	1	182	ഇല്ല	5	"	ഉണ്ട്
MAALPS മക്കരപ്പറമ്പ്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	8	8	184	ഇല്ല	7	"	ഉണ്ട്
VMHMUPS പുണർപ്പ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	10	14	183	ഇല്ല	4	"	ഉണ്ട്
MPAUPS വടക്കാഞ്ചേര	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	13	15	184	ഇല്ല	5	"	ഉണ്ട്
MISS കാച്ചിനിക്കാട്	ഉണ്ട്	[illegible]	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	10	10	ഇല	ഇല്ല	ഇല്ല	"	ഉണ്ട്
TSS വടക്കാഞ്ചേര	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	24	24	184	ഇല്ല	ഇല്ല	"	ഉണ്ട്
GVHSS മക്കരപ്പറമ്പ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	30	30	ഇല	ഇല്ല	ഇല്ല	"	ഉണ്ട്

പാഠപുസ്തകങ്ങൾ നിശ്ചിത സമത്തിനുള്ളിൽ പഠിപ്പിച്ച് തീർത്ത് പരീക്ഷ നടത്തി വിജയികളെ നിശ്ചയിക്കുന്നത് കൊണ്ട് മാത്രം വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം തീരുന്നില്ല. ഭാവി ജീവിതത്തെ ആത്മവിശ്വാസത്തോടെ നേരിടാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കണം. വിദ്യാലയങ്ങളിൽ പാഠ്യേതര പ്രവർത്തനങ്ങളായി സാഹിത്യ സമാജം, കയ്യെഴുത്ത് മാസിക, വിവിധ ക്ലബുകൾ, ഫോറസ്ട്രി, പൂന്തോട്ട നിർമ്മാണം, കാർഷിക പരിശീലനം, പരിസര ശുചീകരണം, ക്ലാസ്സ്മുറി മോടിയാക്കൽ, എൻ.സി.സി., സ്കൗട്ട്, തുടങ്ങിയ കലാകായിക വിനോദങ്ങൾ എന്നിവയെല്ലാം തന്നെ വിദ്യാഭ്യാസത്തിന്റെ ഭാഗമായി മാറണം.

പട്ടിക 4 ഭൗതിക സാഹചര്യങ്ങൾ

	സ്കൂൾ	ആകെ വിദ്യാർത്ഥികൾ	ആകെ അദ്ധ്യാപകർ	മൂത്രപ്പുര	കക്കൂസ്	കുടിവെള്ളം	വൈദ്യുതി
1.	GMLPS വടക്കാങ്ങര	199	8	1	–	ഉണ്ട്	–
2.	MMALPS വടക്കാങ്ങര	443	14	–	1	ഉണ്ട്	–
3	AMLPS കാച്ചിനിക്കാട്	233	8	1	–	ഉണ്ട്	–
4	GLPS പോത്തുക്കുണ്ട്	107	4	1	–	ഉണ്ട്	–
5	MAALPS മക്കരപ്പറമ്പ	273	10	1	1	ഉണ്ട്	ഉണ്ട്
6	VMHM AUPS പുണർപ്പ	772	28	2	2	ഉണ്ട്	–
7	MPAUPS വടക്കാങ്ങര	870	18	1	–	ഉണ്ട്	ഉണ്ട്
8	TSS വടക്കാങ്ങര	1160	39	2	2	ഉണ്ട്	–
9	MISS കാച്ചിനിക്കാട്	153	15	2	–	ഉണ്ട്	ഉണ്ട്
10	GVHS മക്കരപ്പറമ്പ	1164	45	2	2	ഉണ്ട്	ഉണ്ട്

ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വരുന്ന അഞ്ചു കൊല്ലത്തേക്ക് വേണ്ട വിദ്യഭ്യാസ പ്രവർത്തനങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

1.(എ). പഞ്ചായത്തിലെ നിലവിലുള്ള അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കുകയും ഫർണിച്ചറുകളും പാനോപകരണങ്ങളും ലഭ്യമാക്കുകയും ചെയ്യുക.

(ബി). പഞ്ചായത്തിലെ മൂന്നാം വാർഡ് പ്രദേശമായ കാളാവിൽ ഒരു പ്രൈമറി സ്കൂളും കാച്ചിനിക്കാട്, മക്കരപ്പറമ്പ്, പോത്തുകുണ്ട്, കിഴക്കെ കുളമ്പ് പ്രദേശങ്ങളിൽ അപ്പർ പ്രൈമറി സ്കൂളുകളും സ്ഥാപിക്കുക.

(സി). പഞ്ചായത്ത് യു.പി. സ്കൂളിന് ആവശ്യമായ കെട്ടിടവും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തുക.

(ഡി).അധ്യാപക നിയമനങ്ങളിൽ പ്രാദേശിക പരിഗണന ഉറപ്പ് വരുത്തുകയും ദീർഘാവധിക്ക് പോകുന്ന അധ്യാപക തസ്തികകൾ യഥാസമയം നികത്തുകയും ചെയ്യുക.

(ഇ). സെക്കൻററി തലങ്ങളിൽ കംമ്പ്യൂട്ടർ വിദ്യഭ്യാസം നടപ്പിലാക്കുക.

(എഫ്). പാഠ്യേതര പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുക എന്ന ലക്ഷ്യത്തോടെ വിദ്യാലയങ്ങളിൽ കലാ-കായിക പ്രവർത്തനങ്ങൾ അഭിവൃദ്ധിപ്പെടുത്താനാവശ്യമായ സൗകര്യങ്ങളും സാമ്പത്തിക സഹായവും നൽകുക.

(ജി). അനൗപചാരിക വിദ്യഭ്യാസം പ്രധാനം ചെയ്യുക എന്ന ലക്ഷ്യത്തോടെ പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ വായനശാലകളും ദൃശ്യ, ശ്രാവ്യ സങ്കേതങ്ങളും രൂപീകരിക്കുക.

(എച്ച്). എൽ.പി. സ്കൂളുകളോടനുബന്ധിച്ച് ശാസ്ത്രീയമായ രീതിയിൽ പ്രീ-പ്രൈമറികൾ ആരംഭിക്കുക.

(ഐ). പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ അധ്യാപകർക്ക് റിഫ്രഷർ കോഴ്സുകൾ ആരംഭിക്കുക.

2. സ്കൂളുകളിൽ ടെക്സ്റ്റ് ബുക്കുകൾ യഥാസമയം എത്തിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുക.
3. ഉച്ചക്കഞ്ഞി വിതരണത്തിന്റെ ഉത്തരവാദിത്തം ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കുക.
4. സ്കൂളുകളുടെ അറ്റകുറ്റ പണികൾ യഥാസമയം നടത്തുകയും പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.
5. അധ്യാപക- വിദ്യാർത്ഥി അനുപാതം കുറക്കുക.
6. മുഴുവൻ സ്കൂളുകളിലും പി.ടി.എ. ശക്തമാക്കുകയും അവയുടെ പ്രവർത്തനങ്ങൾ തൃപ്തികരമാണെന്ന് ഉറപ്പ് വരുത്തികയും ചെയ്യുക.
7. വടക്കാങ്ങര ഹൈസ്കൂളിൽ ഹയർ സെക്കണ്ടറി കോഴ്സുകൾ ആരംഭിക്കുക.
8. പഞ്ചായത്തിൽ കംമ്പ്യൂട്ടർ വിദ്യഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുക.

രാജ്യത്തിന്റെ ഭാവിയെ കുറിച്ചുള്ള മുഴുവൻ പ്രതീക്ഷയും അർപ്പിച്ചിരിക്കുന്നത് വിദ്യാലയങ്ങളിലാണ്. ഗ്രാമസഭയിൽ നിർദ്ദേശിക്കപ്പെട്ട വിവിധ ആവശ്യങ്ങൾ പ്രാവർത്തികമാക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ചെറുകിട വ്യവസായങ്ങൾക്ക് യുവാക്കളെ പരിശീലിപ്പിക്കുന്ന ഒരു ഇൻറസ്ട്രിയൽ ട്രൈയിനിംഗ് സെൻറർ പഞ്ചായത്തിൽ ആവശ്യമായി വന്നിരിക്കുന്നു. പഞ്ചായത്തിലെ തൽപരരായ എല്ലാവർക്കും ആരോഗ്യ വിദ്യഭ്യാസ പരിസ്ഥിതി നൈപുണ്യം കൈവരിക്കാനുതകുന്ന ഹ്രസ്വകാല കോഴ്സുകൾ ജനപങ്കാളിത്തത്തോടെ ആരംഭിക്കണം.

വിദ്യഭ്യാസരംഗം ചടുലമാക്കാൻ അടിയന്തിരമായി ചെയ്യേണ്ടത് ഇപ്പോൾ നിർജ്ജീവമായിരിക്കുന്ന സ്കൂൾ കോംപ്ലക്സ് സംവിധാനം സജീവമാക്കുകയാണ്. മാസാന്തപരീക്ഷകളും മാതൃസംഗമങ്ങളും സ്കൂൾ പി.ടി.എ. കളും എല്ലാം ഒത്തു ചേർന്നാൽ സമൂഹത്തിന്റേയും രാജ്യത്തിന്റേയും ഭാവി വരുംതലമുറയുടെ കരങ്ങളിൽ ഭദ്രമാകും. തീർച്ച.

"അല്ലാഹു വിപുലമായ കഴിവുള്ളവനും
സർവ്വജ്ഞനുമാകുന്നു.
അവൻ ഇഛിക്കുന്നവർക്ക് ജ്ഞാനം നൽകുന്നു
ഏതൊരുവന് ജ്ഞാനം നൽകപ്പെടുന്നുവോ,
അവന്ന് മഹത്തായ സമ്പത്ത് ലഭിച്ചു കഴിഞ്ഞു.
ബുദ്ധിമാന്മാർ മാത്രമെ ഇതിൽ നിന്ന്
പാഠമുൾകൊള്ളുകയുള്ളൂ"

- വിശുദ്ധ ഖുർആൻ

കുടിവെള്ളവും പൊതുജനാരോഗ്യവും

"ശുദ്ധമായ വായു, ശുദ്ധമായ വെള്ളം, ശുചിത്വമുള്ള പാർപ്പിടം" ഒരു ജനതയുടെ ആരോഗ്യകാര്യത്തിൽ ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണിവ. കുടിവെള്ളത്തിനായി പഞ്ചായത്തിലെ 50ശതമാനം ജനങ്ങളും സ്വന്തം കിണറുകളെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിന്റെ ഭൂവിസ്തൃതിയുടെ 70 ശതമാനം രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ്. കേരള വാട്ടർ അതോറിറ്റിയുടെ അപൂർണ്ണമായ ഒരു ജലവിതരണ പദ്ധതി പഞ്ചായത്തതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്നു. ഈ പദ്ധതി പ്രകാരം 29 പൊതു ടാപ്പുകളും 160 ഹൗസ് കണക്ഷനുകളും ഉണ്ട്.

ശുദ്ധജല സ്രോതസ്സുകൾ

കിണറുകൾ				കുഴൽ കിണറുകൾ	മൊത്തം കിണറുകൾ
പൊതു കിണറുകൾ		സ്വകാര്യ കിണറുകൾ			
വെള്ളമുള്ളത്	വെള്ളമില്ലാത്തത്	വെള്ളമുള്ളത്	വെള്ളമില്ലാത്തത്		
14	8	1796	871	8	2689

കുടിവെള്ളക്ഷാമബാധ്യത പ്രദേശങ്ങളും പരിഹാര നിർദ്ദേശങ്ങളും

വാർഡ് 1 :- കോട്ടക്കുന്ന് ലക്ഷം വീട് കോളനികളിലും പരിസരപ്രദേശങ്ങളിലും അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കാൻ KWA യുടെ വാട്ടർടാങ്ക് ഇവിടെ സ്ഥാപിക്കാവുന്നതും ലൈൻ നീട്ടാവുന്നതുമാണ്. നിലവിലുള്ള ശുദ്ധജലപദ്ധതിയുടെ അറ്റകുറ്റപണികൾ നടത്തുകയും വിപുലപ്പെടുത്തുകയും വേണം.

വാർഡ് 2.:- കുഴിയേങ്ങൽ ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടുകയും കാവുങ്ങൽ പറമ്പ് ഹരിജൻ കോളനിയിലേക്ക് പുതിയ പൈപ്പ്ലൈൻ സ്ഥാപിക്കുകയും ചെയ്യുക.

വാർഡ് 3 :- പുളിക്കകുന്നിന്റെ താഴ്ഭാഗത്തും ആശാരിക്കുന്നിന്റെ ഭാഗത്തും പട്ടികജാതി കോളനി പ്രദേശത്തും അനുഭവപ്പെടുന്ന ശുദ്ധജലക്ഷാമം കുഴൽകിണർ കുഴിക്കുകയോ പൈപ്പ്ലൈൻ സ്ഥാപിക്കുകയോ ചെയ്ത് പരിഹരിക്കാവുന്നതാണ്.

വാർഡ് 4:- ആലിൻകുന്ന് പ്രദേശത്ത് അനുഭവപ്പെടുന്ന ശുദ്ധജലക്ഷാമം തീർക്കാൻ കിഴക്കെകുളമ്പ് ട്രാൻസ്ഫോർമറിന്റെ തൊട്ടടുത്ത് കുഴിച്ച കിണറ്റിൽ നിന്ന് വെള്ളം പമ്പ് ചെയ്യാൻ വേണ്ടി പമ്പ് ഹൗസിലേക്ക് ഉടനടി വൈദ്യുത കണക്ഷൻ ലഭ്യമാക്കുക.

മച്ചിങ്ങൽ കുളമ്പിൽ ഒരു കുഴൽകിണർ നിർമ്മിക്കുന്നതിലൂടെ ആ പ്രദേശത്തേക്കുള്ള കുടിവെള്ള പ്രശ്നം ഒരു പരിധി വരെ പരിഹരിക്കാവുന്നതാണ്.

വാർഡ് 5:- ചോലേംപാറ കുളമ്പിൽ നിലവിലുള്ള കിണർ നന്നാക്കി ആ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുക. കൂടാതെ വാർഡിന്റെ മറ്റു പ്രദേശങ്ങളിൽ കുഴൽകിണറുകളും ശുദ്ധജലകിണറുകളും സ്ഥാപിച്ച് കുടിവെള്ളപ്രശ്നത്തിന് പ്രതിവിധി കണ്ടെത്താം.

വാർഡ് 6:- പോത്തുകുണ്ട് IHDP കോളനിയിലുള്ള പൊതുകിണർ, വെള്ളാട്ടുപറമ്പ് ലക്ഷംവീട് കോളനിയിലുള്ള പൊതുകിണർ എന്നിവ ഉപയോഗ്യമാക്കി കുടിവെള്ളക്ഷാമം പരിഹരിക്കാം. വാർഡിന്റെ മറ്റു പ്രദേശങ്ങളായ ഇരിക്കപ്പറമ്പ്, കല്ലുവളപ്പ്, വെള്ളാട്ടുപറമ്പ്, പോത്തുകുണ്ട്, മുതിരിപ്പടി, വെളുത്തേടത്തുകുണ്ട് എന്നീ ഭാഗങ്ങളിലേക്ക് പൈപ്പ്ലൈൻ വഴി ശുദ്ധജലം എത്തിക്കാനുള്ള സൗകര്യം ഉണ്ടാക്കുക.

വാർഡ് 7:- കുറ്റിപ്പറമ്പ്, മൊട്ടക്കുന്ന്, അയ്യപ്പറമ്പ്, വടിശ്ശീരി കുളമ്പ്, കണിപറമ്പ്, മോടംപറമ്പ് എന്നിവിടങ്ങളിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കാൻ കല്ലിങ്ങൽകുളമ്പിൽ കിണർ നിർമ്മിച്ചും കുറ്റിപ്പറമ്പിലുള്ള കുഴൽകിണറിൽ നിന്നും വെള്ളംപമ്പ് ചെയ്ത്, കുറ്റിപറമ്പിൽ ടാങ്ക് നിർമ്മിച്ച് പൈപ്പ്ലൈൻ വഴി വെള്ളം എത്തിക്കാവുന്നതാണ്.

മേലെ പിലാക്കാട്ട് പട്ടികജാതി കോളനിയിൽ അനുഭവപ്പെടുന്ന ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് മുക്കണത്ത് കിണർ നിർമ്മിക്കുകയും വെള്ളാട്ടുപറമ്പിൽ ടാങ്ക് നിർമ്മിക്കുകയും ചെയ്താൽ മതി.

വാർഡ് 8 :- മുക്കിലംകുഴി, താണിക്കോട്, കുച്ചിപ്പറമ്പ്, മൊട്ടക്കുന്ന്, അവുന്തലപ്പാറ, കരുവള്ളിക്കുളമ്പ്, പടിഞ്ഞാറെ കുന്നത്ത് പട്ടികജാതി കോളനി, നീലാക്കൽ എന്നിവിടങ്ങളിൽ അനുഭവപ്പെടുന്ന ശുദ്ധജലക്ഷാമം പരിഹരിക്കാൻ കുറ്റിപറമ്പിൽ ടാങ്ക് നിർമ്മിച്ച് തൊട്ടടുത്തുള്ള കുഴൽകിണറിൽ നിന്നും വലിയ തോട്ടിൽ കിണർ കുഴിച്ചും വെള്ളം പമ്പ് ചെയ്ത് വിതരണം ചെയ്യാവുന്നതാണ്.

പഞ്ചായത്ത്തല പദ്ധതി

മക്കരപ്പറമ്പ് പുഴയിലെ മുക്ത്യാർകുണ്ട്, അത്തിക്കുണ്ട്, മുരിക്കുംകുണ്ട് എന്നീ സ്ഥലങ്ങളിൽ കിണറുകളും നിർമ്മിച്ച് പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന ശുദ്ധജലക്ഷാമം ഒരു പരിധി വരെ പരിഹരിക്കാം. പഞ്ചായത്തിൽ 70 ശതമാനത്തോളം പ്രദേശവും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നതാകയാൽ അത് പരിഹരിക്കാനായി ഒരു വലിയ പദ്ധതി എന്ന നിലക്ക് വാട്ടർ അതോറിറ്റിയുടെ തന്നെ നിർദ്ദേശമുള്ള പദ്ധതിയായ കടലുണ്ടിപ്പുഴയിൽ നിന്ന് കുടിവെള്ളം പൈപ്പ് വഴി കൊണ്ട്വന്ന് വിതരണം ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കുക.

ഉയർന്ന സ്ഥലങ്ങളിൽ ലഭ്യമായ നീർകുഴികളും പടുത്ത് വികസിപ്പിക്കുക, നിലവിലുള്ള തോടുകളിൽ ചെറിയ ബണ്ടുകളും കെട്ടി ജലസേചനം നടത്തുക, മഴവെള്ള സംഭരണത്തിന് കുഴികളും പൊട്ടക്കിണറുകളും ഉപയോഗപ്പെടുത്തുക തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ ആവശ്യമായ ബോധവത്കരണം നടത്തുക.

ആരോഗ്യം

1979 ൽ മക്കരപ്പറമ്പിൽ സ്ഥാപിതമായ ആരോഗ്യകേന്ദ്രമാണ് പഞ്ചായത്തിലെ ചികിത്സാരംഗത്തെ പ്രഥമ സ്ഥാപനം. 2 IPP സബ്സെൻററുകളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. അതിനു പുറമെ സ്വകാര്യ മേഖലയിൽ ഒരു ഹോമിയോ ക്ലിനിക്കും സ്വകാര്യ ചികിത്സ നടത്തുന്ന 5 അലോപ്പതി, നാല് ആയുർവേദ ക്ലിനിക്കുകളും പഞ്ചായത്തിലെ ആരോഗ്യമേഖലയിൽ സേവനം അനുഷ്ഠിക്കുന്നു. എന്നാൽ പഞ്ചായത്തിന്റെ ആരോഗ്യപരിപാലന രംഗത്തെ ആവശ്യങ്ങൾക്ക് ഇവ അപര്യാപ്തമാണ്. രോഗികളെ കിടത്തി ചികിത്സിക്കുവാൻ സൗകര്യമുള്ള ആരോഗ്യസ്ഥാപനങ്ങളൊന്നും ഈ പഞ്ചായത്തിലില്ല.

കക്കൂസ്

പൊതുജനാരോഗ്യകാര്യത്തിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്ന കാര്യമാണ് ശുചിത്വം. പരിസരശുചിത്വത്തിന് ആവശ്യമായ ഘടകമാണ് കക്കൂസ്. പഞ്ചായത്തിലെ 41.65 ശതമാനം വീടുകളിൽ നിലവിൽ കക്കൂസില്ല. ഇതുകാരണം വിരശല്യം, വയറിളക്കരോഗങ്ങൾ മുതലായവ താരതമ്യേന കൂടുതലായി കണ്ടുവരുന്നു. ഗ്രാമസഭകളിലെ ചർച്ചകളുടെ വെളിച്ചത്തിൽ കക്കൂസ് നിർമ്മാണത്തിൽ അനുഭവപ്പെടുന്ന പ്രയാസങ്ങളും അവക്കുള്ള പരിഹാരങ്ങളും താഴെകാണുംവിധം സംഗ്രഹിക്കാം.

പ്രയാസങ്ങൾ	പരിഹാരമാർഗ്ഗങ്ങൾ
1. സാമ്പത്തിക പരാധീനത	സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ തുടങ്ങിയവയുടെ സഹായത്താൽ സാമ്പത്തിക സമാഹരണം നടത്തുക.
2. സ്ഥലപരിമിതി (കോളനികളിലും മറ്റും)	പൊതുവായി ഒരു സെപ്റ്റിക് ടാങ്ക് നിർമ്മിക്കുക.
3. കക്കൂസിന്റെ പ്രാധാന്യത്തെ കുറിച്ചുള്ള അജ്ഞത.	ബോധവത്കരണം വിപുലമാക്കുക. ചർച്ചാ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

പരിസര ശുചിത്വം

വ്യവസായ-വൽക്കരണം വളരെ കുറഞ്ഞ പ്രദേശമായതിനാൽ പരിസര മലിനീകരണം ഗുരുതരമല്ല. പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ നിന്നും ശുചീകരണത്തിന്റെ അഭാവത്തെ കുറിച്ച് പരാതികളുണ്ട്. നഗരവൽക്കരണ പ്രവണതയും ജനസംഖ്യാവർദ്ധനവും മൂലം പ്രശ്നം കൂടുതൽ രൂക്ഷമാകാൻ സാധ്യതയുണ്ട്. ശുചീകരണ പ്രവർത്തനത്തിന് പഞ്ചായത്ത് സ്ഥിരമായി ജീവനക്കാരെ നിയമിച്ച് മക്കരപ്പറമ്പ് ടൗണിലെ ചപ്പുചവറുകൾ നീക്കം ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

ഈ വിഷയത്തിൽ ഉയർന്നുവന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും താഴെ ചേർക്കുന്നു.

1. പഞ്ചായത്തിലെ 1,2 വാർഡുകളിലെ അഴുക്ക് ചാലുകൾ പുനർനിർമ്മാണം നടത്തി സ്ലാബിട്ടു മൂടുക.
2. രണ്ടാം വാർഡിലെ മത്സ്യമാർക്കറ്റ് ടൗണിൽ നിന്നും മാറ്റി മൈനർഇറിഗേഷന്റെ കൈവശമുള്ള പുറംമ്പോക്ക് ഭൂമിയിൽ സ്ഥാപിക്കുക.
3. പഞ്ചായത്തിൽ മൊത്തമായി അറവുശാല

സ്ഥാപിച്ച് മൃഗങ്ങളെ അറക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

4. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ശീതളപാനീയശാലകൾ എന്നിവയിലെ ഭക്ഷണപദാർത്ഥങ്ങളുടെ വിൽപ്പന ആരോഗ്യസംരക്ഷണ നിയമങ്ങൾ അനുസരിച്ചാണോ എന്ന് ഉറപ്പുവരുത്തുക. ഇവിടങ്ങളിൽ ജോലി ചെയ്യുന്നവർക്ക് ഹെൽത്ത്കാർഡ് സമ്പ്രദായം ഏർപ്പെടുത്തുക.
5. അങ്ങാടികൾ ശുചിയാക്കുകയും കച്ചവടക്കാരെ ബോധവൽക്കരിക്കുകയും ചെയ്യുന്നതോടൊപ്പം ആയവ പാലിക്കാത്തതിൽ നിന്നും പിഴ ഈടാക്കാനും ഉള്ള നടപടി ക്രമങ്ങൾ നടപ്പിൽ വരുത്തുക.
6. കിണറുകളിലെ ക്ലോറിനേഷൻ, ഈച്ച, കൊതുക് നശീകരണം എന്നിവ ഫലപ്രദമായി ഉപയോഗപ്പെടുത്തുക. വീടിനടുത്ത് മലിനജലം കൊട്ടിനിൽക്കുന്നത് തടയുക, കൂത്താടികൾ ഉള്ള സ്ഥലങ്ങളിൽ മണ്ണെണ്ണ ഒഴിച്ച് നശിപ്പിക്കുക, വീടുകളിൽ ഡി.ഡി.ടി. തളിക്കുക തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ കൊതുക് നശീകരണം ഫലപ്രദമാക്കുക.
7. അടുക്കളയിലെ അവശിഷ്ടങ്ങളും ചപ്പുചവറുകളും കമ്പോസ്റ്റ് ആക്കി മാറ്റിയാൽ അടുക്കളത്തോട്ടത്തിൽ വളമായി ഉപയോഗിക്കാം. ഒപ്പം ഗൃഹപരിസരം ശുചിയായി സൂക്ഷിക്കാനും കഴിയും.

"ഓരോരുത്തരും അവരവരുടെ
നെറ്റി വിയർക്കെ പണിയെടുത്തു
ജീവിച്ചിരുന്നെങ്കിൽ ഭൂമി
സ്വർഗ്ഗമായി മാറുമായിരുന്നു"

- ഗാന്ധിജി

അഞ്ച് 6

ഗതാഗതം ഊർജ്ജം മാർക്കറ്റ്

ഒരു പ്രദേശത്തിന്റെ വികസനത്തിൽ റോഡുകൾ വഹിക്കുന്ന പങ്കിനെക്കുറിച്ച് ബോധമുണ്ടായത് കൊണ്ടുണ്ടായ ഒരു കൂട്ടായ്മയുടെ ഫലമായിട്ടാണ് മക്കരപ്പറമ്പിനേയും മങ്കടയേയും ബന്ധിപ്പിക്കുന്ന മങ്കട-മക്കരപ്പറമ്പ് റോഡുണ്ടായത്. തുടർന്നങ്ങോട്ടുണ്ടായ പ്രവർത്തനങ്ങളിൽ റോഡ് നിർമ്മാണത്തിന് വേണ്ടി പൊതുഫണ്ടിന്റെ ഭൂരിഭാഗവും ചെലവഴിക്കപ്പെട്ടതിനാൽ റോഡ് ശൃംഗലയുടെ വർദ്ധനവിന് ആക്കം കൂട്ടി. ഇന്ന് ഏകദേശം പതിനഞ്ച് കിലോമീറ്റർ P.W.D. റോഡ് പഞ്ചായത്തിലുണ്ട്. പഞ്ചായത്തിലെ എട്ടു വാർഡുകളിലും ടാർ ചെയ്ത റോഡ് സൗകര്യം ലഭ്യമാണ്. മക്കരപ്പറമ്പ് ടൗണിൽ വാഹനങ്ങൾ പാർക്ക് ചെയ്യാൻ പര്യാപ്തമായ സ്ൻറാൻറുകൾ ഇല്ലാത്തത് ഗതാഗത രംഗത്തെ ഒരു പ്രധാന പ്രശ്നമായി നിലനിൽക്കുന്നു. പഞ്ചായത്തിന്റെ ഉൾഭാഗത്ത് കൂടിയുള്ള റോഡുകളിലൂടെ ബസ് ഗതാഗതം വളരെ കുറവാണ്.

റോഡ് ശൃംഗല സാമാന്യം മെച്ചപ്പെട്ടതാണെങ്കിലും അവസ്ഥ ശോചനീയമാണ്. ഓവുചാലുകളുടേയും കലുങ്കുകളുടേയും അഭാവം മൂലം വർഷക്കാലങ്ങളിൽ റോഡുകളുടെ അവസ്ഥ വളരെ മോശമാണ്. ആവശ്യത്തിന് ഫണ്ടില്ലായ്മയും അധികാര കേന്ദ്രീകരണവും നിമിത്തം യഥാസമയം അറ്റകുറ്റപ്പണികൾ നടത്താൻ പഞ്ചായത്തിന് സാധിക്കാതെ വരുന്നു. മക്കരപ്പറമ്പ അങ്ങാടിയിൽ സ്ഥലം ലഭിക്കാത്തത് മൂലം സൗകര്യപ്രദമായ രൂപത്തിൽ ഒരു ബസ് സ്റ്റോപ്പ് നിർമ്മിക്കാൻ സാധിച്ചിട്ടില്ലാത്തതും ഗതാഗത രംഗത്തെ ഒരു പ്രശ്നമാണ്.

പഞ്ചായത്തിൽ നിലവിലുള്ള റോഡുകൾ:

ഗ്രാമസഭാ റിപ്പോർട്ട്, വാർഡ് മെമ്പർമാർ, പഞ്ചായത്തിലെ പൊതു പ്രവർത്തകർ എന്നിവരിൽ നിന്നും ലഭിച്ച വിവരങ്ങൾ അനുസരിച്ച് തയ്യാറാക്കിയ പട്ടിക.

വാർഡ്	റോഡിന്റെ പേര്	ദൂരം (കി.മീ.)	വീതി (മീറ്റർ)
1	മദ്രാസ്-കോഴിക്കോട് സ്റ്റേറ്റ് ഹൈവേ PWD.	2.75	8
	മക്കരപ്പറമ്പ് ലക്ഷംവീട്-കാളാവ്	1.5	8
	അമ്പലപ്പടി-വറ്റലൂർ	1.5	8
2	മക്കരപ്പറമ്പ്-മങ്കട PWD.	5	6
	കാച്ചിനിക്കാട്-വെള്ളില PWD.	3	8
3.	കാളാവ്-രാമപുരം	2.5	8
	കാളാവ്-പേഴുംപറമ്പ്	2	6
4.	വടക്കാങ്ങര-രാമപുരം	1	8
	അറക്കൽകുണ്ട്-കണ്ടൻപറമ്പ	1.5	8
	കിഴക്കേകുളമ്പ് (വടക്കാങ്ങര)-കൊളമ്പിൽമുക്ക്	1	3
5.	വടക്കാങ്ങര-പോത്തുകുണ്ട്	2	8
	ആക്കത്തൊടി-വടക്കാങ്ങര	1	4
	വടക്കാങ്ങര-ചോലക്കൽ	5	4
	വടക്കാങ്ങര-കടുവക്കുത്ത്	4	5
6.	വടക്കാങ്ങരപള്ളിപ്പടി-കാച്ചിനിക്കാട്	1.5	6
	വടക്കാങ്ങരപള്ളിപ്പടി-വെള്ളാട്ടുപറമ്പ്	1	6
7.	പെരിഞ്ഞീരിപ്പടി-പട്ടിക്കാട്പാടം	0.3	3
	ചെറുശ്ശോല-പള്ളിയാൽ അയ്യപ്പറമ്പ	0.4	2.5
	കാച്ചിനിക്കാട്-മാലാപ്പറമ്പ	1	6
	കാച്ചിനിക്കാട്-മാങ്ങാട്ട്	0.5	3
8.	മക്കരപ്പറമ്പ്-കോഴിക്കോട്ടുപറമ്പ	4	8
	കാച്ചിനിക്കാട്-പടിഞ്ഞാറെ കുന്നത്ത്	0.5	6
	തയ്യിൽപടി-കുന്നത്ത്	0.25	3.5

പുതുതായി നിർമിക്കേണ്ട റോഡുകൾ :

വാർഡ് നമ്പർ — നിർദ്ദിഷ്ട റോഡിന്റെ പേര്

1. അമ്പലപ്പടി - ഷാരത്തപ്പടി വഴി വറ്റലൂർ പാലം റോഡ്.
   മുപ്പത്താറിങ്ങൽ - പാടം റോഡ്.
   തെക്കത്ത് പറമ്പ് - മഞ്ചേരിത്തൊടിക റോഡ്.
2. മക്കരപ്പറമ്പ് - പഞ്ചായത്താപ്പീസ് - മക്കരപ്പറമ്പ ഹരിജൻ കോളനി വഴി വടിശ്ശീരിപ്പടി റോഡ്.
3. കാളാവ് - കോട്ടപ്പറമ്പ റോഡ്,
   കാളാവ് - മുക്കറക്കാട് റോഡ്.
   ഉള്ളാട്ട്തൊടുപടി- ചുവന്നപറമ്പ് ഹരിജൻകോളനി റോഡ്.
   കാളാവ് - കാരാട്ട്ചോല വഴി മക്കരപ്പറമ്പ റോഡ്.
   തടത്തിലക്കുണ്ട് - പിലാപറമ്പ റോഡ്.
4. കിഴക്കെക്കുളമ്പ് - പാറ്റാൻകുഴി റോഡ്.
   കുന്നത്ത് ചോല- കണ്ടംപ്പറമ്പ റോഡ്.
   വാഴക്കാട്ടുത്തൊടി - കണ്ടംപ്പറമ്പ റോഡ്.
   പുതിയപറമ്പ് - മച്ചിങ്ങൽ റോഡ്.
   മാരത്ത് കുളമ്പ് റോഡ്
   കിഴക്കേകുളമ്പ് - കാട്ടുകണ്ടം റോഡ്.
5. ജി.എം.എൽ.പി. സ്കൂൾ വടക്കാങ്ങര - തടത്തിൽകുണ്ട് റോഡ്.
   മണിയറക്കാട് - പുത്തൻവീട് റോഡ്.
   കുറുക്കൻകുന്ന് - ലക്ഷംവീട് റോഡ്.
   വടക്കെകുളമ്പ - പോത്തുകുണ്ട് റോഡ്
   വടക്കേകുളമ്പ് - ചോലേമ്പാറ റോഡ്.
6. പറമ്പാടത്ത് കോളനി റോഡ്.
   പിലാപ്പറമ്പ - അംഗൻവാടി റോഡ്.
   കൊളത്താറക്കാട് - ചോലയില കുളമ്പ് റോഡ്.
   പാറമ്മത്തൊടി റോഡ്.
7. കണിപ്പറമ്പ - കൊന്നോലപ്പടി റോഡ് - തയ്യിലക്കുളമ്പ് - കുറുമ്പിലക്കാട് റോഡ്, പെരിന്താറ്റിരി.
   മോടംപ്പറമ്പ് - പൊട്ടിക്കൽ റോഡ്
   കണിപ്പറമ്പ - കരുവാരകുണ്ട് ഹരിജൻ കോളനി റോഡ്.
   കുന്നത്ത് പറമ്പ - കുമ്മിണിപ്പറമ്പ കോളനി റോഡ്.
   പാറക്കടവ് - മേലെപ്പുറം റോഡ്
8. കാച്ചിനിക്കാട് - പെരിന്താറ്റിരി റോഡ്.
   പടിക്കൽപാടം - കരുവള്ളിക്കുളമ്പ് റോഡ്.
   താണിക്കോട് - ചെലൂർ റോഡ്

റോഡുകളുടെ വികസനത്തിൽ നമ്മുടെ കയ്യിലുള്ള ജനശക്തി ഉപയോഗിക്കാവുന്നതാണ്. പുതിയവ നിർമ്മിക്കാൻ വേണ്ട പഞ്ചായത്തിന്റെ പരിമിതമായ ധനശേഷിയും ഭീമമായ ഫണ്ടിന്റെ ആവശ്യകതയും ശേഖരിക്കാവുന്ന ആംബലവും ഒരുമിച്ച് പരിഗണിച്ച് നമ്മുടെ ലക്ഷ്യം നേടാവുന്നതാണ്. ജനകീയ ആസൂത്രണ പരിപാടിയുടെ വികസന പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം ഉറപ്പു വരുത്താൻ സാധിച്ചാൽ ഈ മേഖലയിൽ വളർച്ചയുണ്ടാക്കാൻ സാധിക്കും.

മെറ്റൽ ചെയ്യേണ്ട റോഡുകൾ

വാർഡ്	റോഡിന്റെ പേര്	ദൂരം	വീതി
6	ചെട്ടിയാർപടി - പള്ളിപ്പടി	2 കി.മി.	6 മീറ്റർ
3	കാളാവ് മദ്രസ്സപ്പടി - വേഴുംപ്പറമ്പ	2 കി.മി.	6 മീറ്റർ
3	തടത്തിൽകുണ്ട് - കൊളക്കംതാറ്റ്	1 കി.മി.	6 മീറ്റർ

ഊർജ്ജം

പഞ്ചായത്തിലെ എല്ലാ വർഡുകളിലും വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും ഇനിയും വൈദ്യുതീകരിക്കാത്ത വീടുകൾ ഉണ്ട്. മുണ്ടുപ്പറമ്പ് - പെരിന്തൽമണ്ണ വൈദ്യുതി സബ്സ്റ്റേഷനുകളിൽ നിന്നാണ് വൈദ്യുതി വിതരണം. ഗാർഹിക, കാർഷിക ഉപഭോക്താക്കൾ കൂടുതലും വ്യാവസായിക ഉപഭോക്താക്കൾ കുറവുമാണ് മക്കരപ്പറമ്പ് പഞ്ചായത്തിൽ.

പ്രശ്നങ്ങൾ

1. വൈദ്യുതി ബന്ധം ലഭിക്കുന്നതിനുള്ള കാലതാമസം.
2. രൂക്ഷമായ വോൾട്ടേജ് ക്ഷാമം.
3. സ്റ്റപ്പുപ്പിന്റെ അതിപ്രസരം.

സാധ്യതകൾ

1. വൈദ്യുതി പ്രസരണ നഷ്ടവും അപകടങ്ങളും വരുത്തുന്ന മലച്ചില്ലകളും മറ്റും മുറിച്ചു മാറ്റുക.
2. മിതമായ നിരക്കിൽ പ്രവർത്തനക്ഷമതയേറിയ ഇലക്ട്രോണിക് ചോക്ക്, ട്യൂബ്ലൈറ്റുകൾ എന്നിവ വൈദ്യുത ബോർഡിലൂടെ വിതരണം ചെയ്യുക.

3. വൈദ്യുത ബോർഡിന്റെ പ്രവർത്തനം ജനകീയ പരിശോധനക്ക് വിധേയമാക്കുക.
4. പുകയില്ലാത്ത അടുപ്പുകൾ, സോളാർ വിളക്കുകൾ, ഇലക്ട്രോണിക് ചോക്കുകൾ, ഗോബർ ഗ്യാസ് എന്നിവയെ കുറിച്ച് ശക്തമായ ബോധവൽക്കരണം നടത്തുക.

മാർക്കറ്റ്

പഞ്ചായത്തിലെ പ്രധാന കാർഷിക വിളകളായ അടയ്ക്ക, നാളികേരം, കുരുമുളക് എന്നിവ ഇവിടെ വിപണനം ചെയ്യപ്പെടുന്നുവെങ്കിലും വെറ്റില, നേന്ത്രക്കായ തുടങ്ങിയവയുടെ വിപണനത്തിന് മഞ്ചേരി, പെരിന്തൽമണ്ണ ടൗണുകളെ ആശ്രയിക്കേണ്ടി വരുന്നു.

പ്രശ്നങ്ങൾ

1. പ്രധാന ഉൽപ്പന്നമായ നാളികേരത്തിന് ഒരു പൊതു വിപണിയില്ല.
2. നേന്ത്രക്കായ, അടയ്ക്ക, കശുവണ്ടി, പച്ചക്കറി, മരച്ചീനി, വെറ്റില ഇവക്ക് പൊതുവിപണിയുടെ അഭാവം.

സാധ്യതകൾ

1. നാളികേരത്തിന് പൊതുമാർക്കറ്റ് സ്ഥാപിക്കുക.
2. നേന്ത്രക്കായ, അടയ്ക്ക, കശുവണ്ടി, പച്ചക്കറി, മരച്ചീനി, വെറ്റില ഇവയ്ക്ക് മക്കരപ്പറമ്പ് കേന്ദ്രകരിച്ച് ഒരു വിപണന കേന്ദ്രം ആരംഭിക്കുക.
3. ആഴ്ചച്ചന്തയിൽ എല്ലാ വിഭവങ്ങൾക്കും വിപണന സൗകര്യം ഏർപ്പെടുത്തുക.
4. സഹകരണ അടിസ്ഥാനത്തിൽ നാളികേരം ഉപയോഗിച്ചുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണനം നടത്തുന്നതിനും പ്രോത്സാഹനം നൽകുക.
5. നേന്ത്രക്കായ ഉപയോഗിച്ചുള്ള ഉൽപ്പന്നങ്ങൾ കുടിൽ വ്യവസായങ്ങളായി തുടങ്ങുകയും വനിതകളെ ആ രംഗത്തേക്ക് ആകർഷിപ്പിക്കുകയും ചെയ്യുക.

പഞ്ചായത്തിൽ ലഭ്യമായിട്ടുള്ള കാർഷിക ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്ന പക്ഷം തൊഴിലില്ലായ്മക്ക് ഒരു പരിധി വരെ അറുതി വരുത്താൻ കഴിയും എന്നതിൽ സംശയമില്ല. ചകിരി നാര് ഉപയോഗിച്ചുള്ള ചവിട്ടി, കയറുൽപ്പന്നങ്ങൾ എന്നിവ സഹകരണാടിസ്ഥാനത്തിൽ തുടങ്ങാവുന്നതാണ്.പപ്പട നിർമ്മാണം, അച്ചാർ ഉൽപ്പാദനം എന്നിവക്ക് വനിതകൾക്ക് സഹകരണ മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കാൻ കഴിയും. അതിനുള്ള വിഭവസമാഹരണത്തിനും വിപണനത്തിനും സൗകര്യം ഒരുക്കുന്നപക്ഷം പഞ്ചായത്തിന്റെ മുഖചരായ തന്നെ മാറ്റിയെടുക്കാൻ സാധിക്കും. കുടുംബത്തിന്റെ വരുമാന വർദ്ധനക്കും ജീവിത നിലവാര ഉയർച്ചക്കും ഇത് വഴി തെളിയിക്കും.

അഞ്ച് 7

പാർപ്പിടവും സാമൂഹ്യക്ഷേമവും

പാർപ്പിടം

പാർപ്പിട നിർമ്മാണരംഗത്ത് സ്ഥലപരിമിതി പ്രയാസമുണ്ടാക്കുന്ന പ്രദേശമാണ് ഈ പഞ്ചായത്ത്. ഗൾഫ് നാടുകളിൽ ജോലി ചെയ്യുന്ന പണം കാർഷിക വ്യാവസായിക മേഖലകളിൽ ഉപയോഗപ്പെടുത്താതെ കോൺക്രീറ്റ് മന്ദിരങ്ങൾ നിർമ്മിക്കുന്നതിന് വേണ്ടി വിനിയോഗിക്കുന്നു.

പഞ്ചായത്തിൽ മൊത്തമുള്ള 3442 വീടുകളിൽ പകുതിയിലധികം കോൺക്രീറ്റ് വീടുകളാണ്. 473 വീട് ഓല മേഞ്ഞതും 1444 ഓടിട്ട വീടുകളും ഈ പഞ്ചായത്തിലുണ്ട്. വിവിധ ഭവനനിർമ്മാണ പദ്ധതികൾ മുഖേന 25 വീടുകൾ വിവിധ വാർഡുകളിൽ പഞ്ചായത്ത് നിർമ്മിച്ച് നൽകിയിട്ടുണ്ട്.

വാർഡ് തിരിച്ചുള്ള വീടുകളുടെ തരംതിരിവ്

വാർഡ്	ആകെ എണ്ണം	1 ൽ കൂടുതൽ നിലയുള്ളത്	കോൺക്രീറ്റ്	ഓടിട്ടത്	ഓലപ്പുര
1.	545	68	267	218	60
2.	623	112	391	190	35
3.	425	56	161	206	58
4.	382	82	176	178	28
5.	305	36	140	116	49
6.	409	62	187	120	102
7.	321	26	91	190	40
8.	432	43	105	226	101
ആകെ	3442	485	1518	1444	473

ബാങ്കിനേയും മറ്റു ധനകാര്യ ഏജൻസികളേയും വീട് നിർമ്മാണധനസഹായത്തിന് ജനങ്ങൾ ആശ്രയിക്കുന്നുവെങ്കിലും അവയിലെ സങ്കീർണ്ണത സാധാരണക്കാർക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്. ഇത് ലഘൂകരിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. സഹകരണസംഘങ്ങൾ മുഖേന തവണ വ്യവസ്ഥിതിയിൽ വീടുകൾ നിർമ്മിച്ച് നൽകുക.
2. വായ്പയുടെ പലിശനിരക്ക് ഗണ്യമായി കുറക്കുക.
3. സർക്കാറിന്റെ ഭവനനിർമ്മാണ പദ്ധതികളുടെ വായ്പാ തുക വർദ്ധിപ്പിക്കുക.

ബാങ്കിനേയും മറ്റു ധനകാര്യ ഏജൻസികളേയും വീട് നിർമ്മാണധനസഹായത്തിന് ജനങ്ങൾ ആശ്രയിക്കുന്നുവെങ്കിലും അവയിലെ സങ്കീർണ്ണത സാധാരണക്കാർക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്. ഇത് ലഘൂകരിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. സഹകരണസംഘങ്ങൾ മുഖേന തവണ വ്യവസ്ഥിതിയിൽ വീടുകൾ നിർമ്മിച്ച് നൽകുക.
2. വായ്പയുടെ പലിശനിരക്ക് ഗണ്യമായി കുറക്കുക.
3. സർക്കാറിന്റെ ഭവനനിർമ്മാണ പദ്ധതികളുടെ വായ്പാ തുക വർദ്ധിപ്പിക്കുക.

പഞ്ചായത്തിലെ ഏഴു ശതമാനം കുടുംബങ്ങൾക്ക് സ്വന്തമായി വീടില്ലെന്ന് കണക്കുകൾ കാണിക്കുന്നു. വീടുകൾ ആവശ്യമുള്ള കുടുംബങ്ങളുടെ ഏകദേശ കണക്ക്

വാർഡ്	കുടുംബങ്ങളുടെ എണ്ണം
1.	35
2.	27
3.	23
4.	38
5.	40
6.	30
7.	25
8.	28
ആകെ	246

റിപ്പോർട്ട് പ്രകാരം 246 കുടുംബങ്ങൾ സ്വന്തമായി വീടില്ലാത്തവയാണ്. സർക്കാറിന്റെ ഭവനപദ്ധതികൾ മുഖേന ദുർബല വിഭാഗങ്ങൾക്ക് ലഭിക്കുന്ന വീടുകളുടെ എണ്ണം വളരെ കുറവാണ്. ചുവടെ ചേർക്കുന്ന പട്ടിക ഇത് വ്യക്തമാക്കുന്നു.

വർഷം	IAV	JRY	MWS	ആകെ
'92-'93	-	6	-	6
'93-'94	9	7	-	16
'94-'95	7	8	1	16
'95-'96	16	3	6	25
ആകെ	32	24	7	63

വിവിധ ഭവനിർമ്മാണ പദ്ധതികൾ അനുസരിച്ച് 1992-93 മുതൽ '95-'96 വരെ എട്ടു വാർഡുകളിലായി 63 വീടുകളാണ് ലഭ്യമായത്. ഭവനനിർമ്മാണ ബോർഡ് സർക്കാറിന്റെ മറ്റു നിർമ്മാണ പദ്ധതികൾ മുഖേന ദുർബല വിഭാഗങ്ങൾക്ക് നൽകുന്ന സഹായങ്ങളും വായ്പകളും ക്രമാതീതമായി വർദ്ധിപ്പിക്കേണ്ടതുണ്ട്. കെട്ടിട നിർമ്മാണ സാമഗ്രികളുടെ അമിത വിലക്കയറ്റവും കൂലി നിരക്കിലെ വൻവർദ്ധനവും കാരണം പാവപെട്ടവർക്ക് വീട് നിർമ്മാണം ഒരു സ്വപ്നം മാത്രമായി അവശേഷിക്കുന്നു.

1990-'94 വർഷങ്ങളിൽ വിദഗ്ധ തൊഴിലാളികൾക്ക് 80 രൂപ കൂലിയുണ്ടായിരുന്നപ്പോൾ അവിദഗ്ധ തൊഴിലാളികൾക്ക് 60 രൂപയായിരുന്നു കൂലി. ഇത് '95-'96 ൽ യഥാക്രമം 150, 110 രൂപയിൽ എത്തി നിൽക്കുന്നു. സ്ത്രീ തൊഴിലാഴികൾ പഞ്ചായത്തിൽ തൊഴിലാളികളായി അറിയപ്പെടുന്നില്ല. വിദഗ്ധ തൊഴിലാളികളുടെ തൊഴിൽ നൈപുണ്യം തന്നെ ഇവിടെ തൃപ്തികരമല്ല.

വീട് നിർമ്മാണ രംഗത്തെ മറ്റൊരു പ്രധാന പ്രശ്നം സാമഗ്രികളുടെ ദൗർലഭ്യമാണ്. സിമൻറ്, ഇഷ്ടിക, കമ്പി, ഓട്, മരം, എന്നിവ പഞ്ചായത്തിൽ ആവശ്യാനുസരണം ലഭ്യമല്ല. 90-91 ൽ സിമൻറിന് 90 രൂപയും കമ്പിക്ക് 12 രൂപയുമായിരുന്നത് 95-96 ആയപ്പോഴേക്കും 170 ഉം 16 ഉം രൂപയും എത്തി നിൽക്കുന്നു. ഇതര സാമഗ്രികൾക്കും വിലകയറ്റം പ്രശ്നം സൃഷ്ടിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, സർക്കാർ വിവിധ പദ്ധതികളിലൂടെ നൽകുന്ന ധനസഹായത്തിന്റെ പരിധി വർദ്ധിപ്പിക്കുകയും സാങ്കേതിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുകയും ചെയ്യേണ്ടതാണ്. ഈ പഞ്ചായത്തിൽ ആകെ '4' ലക്ഷംവീട് കോളനികളിലായി 48 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ലക്ഷംവീട് കോളനിയിൽ ഇപ്പോഴുള്ള സൗകര്യങ്ങൾ പരിമിതമാണ്. വീടുകൾ മിക്കതും പൊട്ടിപ്പൊളിഞ്ഞും ചോർന്നൊലിച്ചും കിടക്കുന്നു. ഇവ, റിപ്പയർ ചെയ്തു സൗകര്യപ്രദമാക്കേണ്ടതുണ്ട്. വീടുകളിൽ നിന്നുള്ള മലിനജലം പുറത്തേക്കൊഴുക്കുന്നതിന് ശാസ്ത്രീയ രീതിയിലുള്ള ഡ്രൈനേജ് സിസ്റ്റം ഏർപ്പെടുത്തേണ്ടതുണ്ട്. ലക്ഷംവീട് കോളനികളിൽ ജനുവരി മുതൽ മെയ് വരെ കുടിവെള്ളക്ഷാമം വളരെ രൂക്ഷമാണ്. വൈദ്യുതി എത്താത്ത കോളനികളിൽ ത്വരിതഗതിയിൽ വൈദ്യുതി എത്തിക്കേണ്ടതുണ്ട്. കോളനിയിലെ നിലവിലുള്ള പൊതുകിണറുകൾ റിപ്പയർ ചെയ്യുകയും ആഴം കൂട്ടുകയും പുതിയ കുഴൽകിണറുകൾ അനുവദിക്കുകയും ചെയ്ത് കുടിവെള്ളപ്രശ്നം പരിഹരിക്കാവുന്നതാണ്. പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കുന്നതിനുള്ള സൗകര്യങ്ങൾ എല്ലാ കോളനികളിലും കുറവാണ്. ഇതിന് അടിയന്തിര പരിഹാരം കാണേണ്ടതുണ്ട്.

പാർപ്പിടരംഗത്തെ സങ്കീർണ്ണപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. പഞ്ചായത്ത് തലത്തിൽ ഭവനനിർമ്മാണ സഹകരണസംഘങ്ങൾ രൂപീകരിക്കുകയും ആവശ്യമായ തൊഴിലാളികളെ ലഭ്യമാക്കുകയും ചെയ്യുക.

2. കെട്ടിട നിർമ്മാണസാമഗ്രികൾ സർക്കാർ ഏജൻസികൾ മുഖേന നിയന്ത്രിത വിലക്ക് ലഭ്യമാകുന്നതിന് സംവിധാനം ഏർപ്പെടുത്തുക.

3. വീട് നിർമ്മാണത്തിലെ അനാവശ്യമായ ആർഭാടങ്ങൾ നിരുത്സാഹപ്പെടുത്തുക.

4. സർക്കാർ ലഭ്യമാക്കുന്ന വായ്പകളുടെ പരിധി വർദ്ധിപ്പിക്കുകയും അവ അനുവദിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കുകയും ചെയ്യുക.

5. ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്ന നിർമ്മിതീകേന്ദ്രം തുടങ്ങിയ ഏജൻസികൾക്ക് പ്രചാരം നൽകുക.

പാവപ്പെട്ട ഭൂരഹിതർക്ക് ഭവനനിർമ്മാണത്തിന് ഭൂമി ലഭ്യമാക്കേണ്ടതുണ്ട്. പഞ്ചായത്തിലെ മിച്ചഭൂമി - സർക്കാർ പുറംമ്പോക്ക് ഭൂമി ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. ഭൂരഹിതർക്ക് 4 സെൻറ് ഭൂമിയെങ്കിലും സൗജന്യമായി നൽകുകയും സർക്കാറിന്റെ ഏതെങ്കിലും ഭവനവായ്പാ പദ്ധതി മുഖേന വീട് നിർമ്മിച്ച് കൊടുക്കുകയും ചെയ്യേണ്ടതുണ്ട്. ഇതിനുള്ള ഗുണഭോക്താക്കളെ കണ്ടത്തേണ്ടത് ഗ്രാമപഞ്ചായത്തുകളായിരിക്കണം. അങ്ങിനെ 9-ാം പഞ്ചവത്സരപദ്ധതി

പൂർത്തിയാവുമ്പോഴേക്കും പാർപ്പിടപ്രശ്നം ഒരളവോളം പരിഹരിക്കാൻ നമുക്ക് കഴിയണം. അതിന് കൂട്ടായ ഒരു ശ്രമം എല്ലാവരിൽ നിന്നും ഉണ്ടാവണം.

സാമൂഹ്യക്ഷേമം

ദാരിദ്ര്യരേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളാണ് സാമൂഹ്യ ക്ഷേമരംഗത്ത് നിലവിലുള്ളത്. പഞ്ചായത്തിൽ ഈ വിഭാഗത്തിൽ സഹായം ലഭ്യമാക്കുന്നത് ബ്ലോക്ക് ഡവലപ്പ്മെൻറ് ഓഫീസുകളും മുഖേനെയുള്ള വില്ലേജ് സർക്കിളും വഴിയാണ്. പഞ്ചായത്തിൽ കെട്ടിട നിർമ്മാണതൊഴിലാളികളും, കർഷക തൊഴിലാളികളും എന്നിവർ ധാരാളം ഉണ്ടെങ്കിലും എല്ലാവരും തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളല്ല. ഈ പദ്ധതിയെ കുറിച്ചുള്ള അറിവില്ലായ്മയാണ് കാരണം.

V.E.O. സർക്കിളും വഴി പഞ്ചായത്തിൽ ലഭ്യമായ പദ്ധതിയെ കുറിച്ചുള്ള വിശദാംശങ്ങളും താഴെ കൊടുക്കണം.

വർഷം	കുടുംബങ്ങളുടെ എണ്ണം	സബ്സിഡി	വായ്പ
92-93	25	48,000	64,000
93-94	27	62,000	102,000
94-95	18	82,000	1,05000
95-96	34	1,14,000	2,17,000

92-93 ലെ IRDP സർവ്വേ പ്രകാരവും 95-96 ലെ അഡീഷണൽ ലിസ്റ്റ് പ്രകാരവുമുള്ള 838 കുടുംബങ്ങളും ദാരിദ്ര്യരേഖക്ക് താഴെയുള്ളവരായി കണ്ടെത്തിയിട്ടുണ്ട്. 92-93 മുതൽ 95-96 വരെയുള്ള കാലയളവിൽ 104 കുടുംബങ്ങൾക്കായി സംബ്സിഡിയും വായ്പയുമടക്കം 4,88,000 രൂപ വിതരണം ചെയ്തതായി കാണുന്നു.

ഈ പദ്ധതി സർക്കാർ കൂടുതൽ വിപുലമാക്കുകയും ദാരിദ്ര്യരേഖയുടെ പരിധി ഉയർത്തുകയും ചെയ്യേണ്ടതുണ്ട്.

DWCRA - സഹായ ലഭ്യത

സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിനു വേണ്ടി സ്ത്രീകളുടെ ഒരു കൂട്ടമായ പ്രവർത്തന സംരംഭമാണ് DWCRA.

കാച്ചിനിക്കാട് പ്രവർത്തിക്കുന്ന ഫുഡ് പ്രൊസസിംഗ് യൂണിറ്റ്, വടക്കാങ്ങരയിലും കാച്ചിനിക്കാട്ടും പ്രവർത്തിക്കുന്ന കൊപ്ര യൂണിറ്റ്, ആടു വളർത്തൽ യൂണിറ്റ് എന്നിവ പ്രവർത്തിച്ചു വരുന്നു.

വടക്കാങ്ങര കൊപ്ര യൂണിറ്റിൻെറ പ്രവർത്തനം തരക്കേടില്ല. ഇതിന് സ്വന്തമായി സ്ഥലം ലഭിക്കുകയാണെങ്കിൽ കെട്ടിടത്തിനുള്ള ഫണ്ട് DRDA നൽകുമെന്ന് അറിയുന്നു. കാച്ചിനിക്കാട്ടുള്ള കൊപ്രയൂണിറ്റ് നല്ല രീതിയിൽ പ്രവർത്തിക്കുന്നു.

DWCRA പോലുള്ള വനിതകൾക്കായുള്ള പദ്ധതികൾ വിജയപ്രദമാകണമെങ്കിൽ ആ പ്രദേശത്തെ ജനങ്ങളുടെ സഹകരണം കൂടിയേ തീരൂ. യൂണിറ്റിൽ പ്രവർത്തിക്കുന്ന സാധനങ്ങൾ വിറ്റഴിക്കുന്നതിന് ശ്രമങ്ങൾ നടത്തേണ്ടതുണ്ട്. ഇതിന് തദ്ദേശീയരുടെ പ്രോത്സാഹനം ആവശ്യമാണ്.

ഓരോ പ്രദേശത്തേയും അനുയോജ്യമായ യൂണിറ്റുകൾ താൽപര്യക്കാരെ കണ്ടെത്തി ആരംഭിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്താനും ആവശ്യമായ സഹായസഹകരണങ്ങൾ നൽകാനും അതാത് പ്രദേശത്തെ സന്നദ്ധപ്രവർത്തകരുടെ ഒരു കമ്മറ്റി രൂപീകരിക്കാവുന്നതാണ്.

ട്രൈസം

15 മുതൽ 35 വരെയുള്ള യുവതീയുവാക്കൾക്ക് സ്വയംതൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം പദ്ധതി. ട്രൈസം പരിശീലന ലഭ്യതാ പട്ടിക

വർഷം	എണ്ണം
90-91	10
91-92	-
92-93	2
93-94	-
94-95	-
95-96	2
ആകെ	14

90-91 വർഷം മുതൽ 95-96 വർഷം വരെ 14 പേർക്ക് പരിശീലനം നൽകിയതായി കാണുന്നു. ഓരോരുത്തർക്കും അനുയോജ്യമായ പരിശീലനം നൽകുന്നതിനും പരിശീലനം ലഭിക്കുന്നവർക്ക് വായ്പ ലഭ്യമാക്കി തൊഴിൽ സംരംഭം ആരംഭിക്കുന്നതിനും ശ്രദ്ധിക്കേണ്ടതുണ്ട്. പരിശീലകരുടെ എണ്ണം പരമാവധി വർദ്ധിപ്പിക്കുകയും അവരുടെ സ്റ്റൈപൻറ് തുക വർദ്ധിപ്പിക്കുകയും വേണം. എങ്കിൽ മാത്രമേ കൂടുതൽ ഗുണഭോക്താക്കൾ ഈ പദ്ധതിയിലേക്ക് ആകർഷിക്കപ്പെടുകയുള്ളൂ.

ടൂൾ കിറ്റ്

ഗ്രാമീണ തൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ നൽകുന്ന പദ്ധതിയാണ് ടൂൾകിറ്റ്. 92-93 മുതൽ 94-95 വരെ 24 പേർക്ക് ടൂൾകിറ്റ് വിതരണം ചെയ്തതായി കാണുന്നു. അവയുടെ പട്ടിക താഴെ പറയും പ്രകാരം.

വർഷം	എണ്ണം
92-93	9
93-94	12
94-95	-
95-96	3
ആകെ	24

94-95 വർഷങ്ങളിൽ ഗുണഭോക്താക്കൾക്ക് കിറ്റ് വിതരണം ചെയ്തിട്ടില്ല. കിറ്റ് യഥാസമയം വിതരണം ചെയ്യപ്പെടേണ്ടതുണ്ട്.

CRSP

ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതിയാണ് CRSP.

92-93 മുതൽ 95-96 വരെയുള്ള കാലയളവിൽ 37 കുടുംബങ്ങൾക്ക് മാത്രമേ CRSP പദ്ധതിയിൽ കക്കൂസ് നിർമ്മിക്കുന്നതിനുള്ള സഹായം നൽകിയിട്ടുള്ളൂ. കൂടുതൽ ആളുകൾക്ക് ഈ സഹായം ലഭ്യമാക്കേണ്ടതുണ്ട്.

വർഷം	എണ്ണം
92-93	-
93-94	10
94-95	20
95-96	7
ആകെ	37

പെൻഷനുകൾ

വിധവാ പെൻഷൻ

പ്രായപൂർത്തിയായ ആൺകുട്ടികളുണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കുകയില്ല. 100 രൂപയാണ് ഇപ്പോൾ വിധവാ പെൻഷൻ നൽകുന്നത്. ഇത് കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ 41 പേർക്ക് ഈ പെൻഷൻ ലഭിക്കുന്നു.

വികലാംഗ പെൻഷൻ

വികലാംഗർക്ക് ലഭിക്കുന്ന ഈ പെൻഷൻ ഇപ്പോൾ 100 രൂപയാണ്. അംഗവൈകല്യം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിന് വളരെയധികം ബുദ്ധിമുട്ടുകൾ ഉള്ളത് കൊണ്ട് അർഹതപ്പെട്ടവർക്ക് ഇത് ലഭിക്കാതെ പോകുന്നു. ഇതിനൊരു പരിഹാരം എന്ന നിലക്ക് സർട്ടിഫിക്കറ്റുകൾ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നും നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

കർഷക തൊഴിലാളി പെൻഷൻ

കർഷകതൊഴിലാളി പെൻഷൻ അർഹരായവരെ തെരെഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയാൽ അർഹരായവർക്ക് ലഭ്യമാക്കുന്നതിനും അനർഹരെ ഒഴിവാക്കുന്നതിനും ഒരു പരിധി വരെ സാധിക്കുന്നതാണ്.

വാർദ്ധക്യ പെൻഷൻ

വാർദ്ധക്യ പെൻഷൻ 7 പേർക്ക് 100 രൂപ വീതം നൽകി വരുന്നു. കാലോചിതമായി ഇതിന്റെ തുക വർദ്ധിപ്പിക്കുകയും അർഹരായവരെ ഉൾപ്പെടുത്തുകയും വേണം.

അംഗൻവാടി

ഈ പഞ്ചായത്തിൽ എട്ടു വാർഡുകളിലായി 12 അംഗൻവാടികൾ പ്രവർത്തിച്ചു വരുന്നു. സ്വന്തമായി കെട്ടിടം ഇല്ലാത്തതും സ്ഥലസൗകര്യമില്ലാത്ത കെട്ടിടങ്ങളും അംഗൻവാടികളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നു. നിലവിലുള്ള അംഗൻവാടികൾ സാമാന്യം ഭേദപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നു. സ്ഥിരം കെട്ടിടങ്ങളില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം പണിയുകയും അംഗൻവാടി ജീവനക്കാരുടെ വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുകയും വേണം.

നിലവിലുള്ള അംഗൻവാടികളുടെ വിവരം.

വാർഡ്	എണ്ണം	കുട്ടികളുടെ എണ്ണം	കെട്ടിടമുള്ളത്	കെട്ടിടമില്ലാത്തത്
1.	2	72	-	2
2.	0	-	-	-
3.	2	70	-	2
4.	1	32	-	1
5.	1	36	-	1
6.	2	71	1	1
7.	1	35	-	1
8.	2	78	-	2
ആകെ	11	394	1	10

"പ്രകൃതിയുടെ മേൽ നാം കൈവരിക്കുന്ന
വിജയത്തിൽ ഉന്മത്തരാവാതിരിക്കുക.
ഓരോ വിജയത്തിനും പ്രകൃതി
നമ്മോട് പകരം ചെയ്യുന്നുണ്ട്.
ഓരോ വിജയവും തുടക്കത്തിൽ നാം പ്രതീക്ഷിച്ച
അഭീഷ്ടഫലം തരുന്നു.
എന്നാൽ കാലാന്തരത്തിൽ അവയുടെ പ്രത്യാഘാതങ്ങൾ
പലപ്പോഴും ആദ്യത്തെ
അഭീഷ്ട ഫലങ്ങളെ നിഹനിക്കും"

- ഫ്രഡറിക് ഏംഗൽസ്

''ആകാശത്ത് നിന്ന് വീഴുന്ന വെള്ളം
എങ്ങനെ കടലിലേക്ക് പോകുന്നുവോ അതുപോലെ
ഏത് ദേവനെ വാഴ്ത്തിയാലും
അത് ജഗന്നിയന്താവിനെ പ്രാപിക്കും
ഇതാണ് എന്റെ രാജ്യത്തിന്റെ മതം''

- സ്വാമി വിവേകാനന്ദൻ

സംസ്കാരം

ഏഴുപതുകളുടെ മധ്യത്തിൽ ഗഫൂർ മോഹങ്ങൾക്ക് ചിറക് വെച്ചതോടെയാണ് മക്കരപ്പറമ്പിന്റെ ഗ്രാമാന്തരങ്ങളിലും ജീവിതമാറ്റത്തിന്റേയും സമ്പാദ്യതാൽപ്പര്യങ്ങളുടെയും ആശകളുണർന്നത്.

വെള്ളകീറിയത് മുതൽ മൂവന്തിയോളം പാടത്തും പറമ്പിലും കൈക്കോട്ട് കൊത്തുന്ന ഗ്രാമീണരിൽ പെരുന്നാളുകളും ഓണവും വിഷുവുമൊക്കെയായിരുന്നു ഉത്സവഘോഷവും അവധിദിനങ്ങളുമായിരുന്നത്. മദ്രസ്സ പഠനവും പ്രൈമറി സ്കൂളുമായി വിദ്യാഭ്യാസം ഒതുങ്ങി. ദർസുകൾ മതപഠനത്തിന് മാത്രം പ്രേരകമായി.

തികഞ്ഞ മതഭക്തിയുള്ള വിഭാഗവും സാമൂഹ്യാവസ്ഥക്കൊത്ത ആചാരാനുഷ്ഠാനങ്ങൾ മാത്രം ഉള്ളവരും ഇടപഴകി കഴിഞ്ഞ ചുറ്റുപാട്. പെട്ടിവരവ് നേർച്ചകളും, താലപ്പൊലികളും മാത്രമായിരുന്നു സാംസ്കാരിക മേളകൾ.

കൊയ്തൊഴിഞ്ഞ പാടത്തെ റഫറിമാരില്ലാത്ത പന്തുകളിയും ചൊട്ടയും കുട്ടിയും (കുട്ടിയും കോലും) എന്ന ക്രിക്കറ്റിന്റെ പ്രാകൃത രൂപവും, എങ്ങുനിന്നോ

എത്തുന്ന നാടോടി സംഘങ്ങളുടെ സർക്കസ്സും, വഴിയരികിലെ സർവ്വരോഗസംഹാരി മുരുന്ന് കച്ചവടവും, കാളപൂട്ടും, വൈകുന്നേരങ്ങളിലെ കോൽക്കളി പരിശീലനവും ആയാൽ വിനോദങ്ങളുമായി.

കഷ്ടപ്പാടുകളുടെ യാത്രക്കിടയിൽ ഒറ്റപ്പെട്ട അതിർ തർക്കവും വെള്ളം തിരിച്ച കേസുമൊക്കെ സംഘർഷങ്ങൾക്കും കുടുംബപ്രാദേശിക വഴക്കുകൾക്കും വഴി വെച്ചാലും പാടത്തിന്റെ അങ്ങേക്കരയിൽ നിന്ന് കൂക്ക് കേട്ടാൽ ഇങ്ങേ തലക്കൽ നിന്ന് 'മറുകൂക്ക്' കൊടുക്കുന്ന പരസ്പര സ്നേഹവും കൂട്ടായ്മയും ആ കാലത്തിന്റെ തെളിച്ചമായിരുന്നു. ഇവിടെ നിന്നാണ് പുത്തൻയുഗത്തിന്റെ മാറ്റങ്ങളിലേക്ക് നമ്മുടെ ഗ്രാമങ്ങളും ഉണർന്നത്. ഓരോരുത്തർക്ക് പിറകെ മറ്റൊരാളായി ആശ്രയത്തിന്റെ കൈകളും നീണ്ടപ്പോഴും പല വീടുകളും ഗൾഫ് വരുമാനത്തിന്റെ ആശ്വാസത്തിലായി. പരിസരങ്ങളിലും ഇതിന്റെ ഗുണഫലങ്ങൾ പ്രകടമായി. നാട്ടിലുള്ളവർക്ക് ചെയ്യുന്ന പണിക്ക് അർഹമായ വേതനം കിട്ടി. നമ്മുടെ ഉൾനാടൻ ഗ്രാമങ്ങൾക്ക് പോലും നഗരശീലങ്ങൾ പതുക്കെ കൈവന്നു തുടങ്ങി.

പുല്ലു മേഞ്ഞ വീടുകളിൽ നിന്ന് ഓടിലേക്കും കോൺക്രീറ്റിലേക്കും കാലം ചുവട് വച്ചു. ആധുനിക സൗകര്യങ്ങൾ കണ്മുന്നിലെത്തി. ആനുകാലിക പ്രസിദ്ധീകരണങ്ങൾ യൗവനത്തെ നിയന്ത്രിച്ചു. പിറകെ ടെലിവിഷനുമെത്തി. അറിവിന്റെ പുതിയ ലോകങ്ങൾ ക്കൊപ്പം അഹിതകരമായ കാഴ്ചകളും മുന്നിൽ നിറഞ്ഞു. പരിഷ്കരണ മന്ത്രങ്ങൾ ഏറ്റു വാങ്ങിയ യുവമനസ്സും അനുബന്ധ സമൂഹവും വ്യത്യസ്തമായി പ്രതികരിച്ചു.

മതബോധമുള്ള സമൂഹവും ധർമ്മചിന്തയിൽ വ്യാപരിച്ചവരും പുതിയ കാലത്തിന്റെ സാംസ്കാരിക മേന്മകളും പരിവർത്തനത്തിന് നൽകുന്ന സൗകര്യങ്ങളും സ്വീകരിച്ചു. മറ്റു ചിലരാകട്ടെ, ആധുനികതക്കും അതിന്റെ ജീർണ്ണതക്കും മാത്രം വിധേയരായി. ഒറ്റപ്പെട്ട സാംസ്കാരിക സംരംഭങ്ങളും മതബോധനങ്ങളും ആ മനസ്സുകളിൽ കാര്യമായ സ്വാധീനം ചെലുത്തിയില്ല. വായനശാലകളും നല്ല അറിവിന്റെ പാഠങ്ങളും അവർ അകറ്റി നിർത്തി. അതേസമയം സാമൂഹ്യ സേവന, സാംസ്കാരിക പ്രസ്ഥാനങ്ങളും മത, വിദ്യാർത്ഥി, യുവജനസംഘടനകളും നല്ല സംസ്കാരത്തിന്റെ സന്ദേശവുമായി ഗ്രാമങ്ങളിൽ പോലും സജീവമായിരിക്കുന്നു. പഞ്ചായത്ത് സാംസ്കാരിക നിലയം, വിവിധ വായനശാലകൾ, ക്ലബ്ബുകൾ എന്നിവയും സന്നദ്ധസംഘടനകളും വിദ്യാഭ്യാസകലാ കായിക പ്രോത്സാഹനവുമായി പഞ്ചായത്തിലെ സാംസ്കാരിക കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നു.പക്ഷെ, വായനശാലകളിലെ അലമാരയിൽ നിറഞ്ഞ പുസ്തകങ്ങൾ പ്രയോജനപ്പെടുത്താൻ യുവാക്കൾ അധികം മുന്നോട്ട് വരുന്നില്ല. ആനുകാലിക വിഷയങ്ങളിൽ ഗുണപ്രദമായ ചർച്ചകൾ സംഘടിപ്പിക്കുന്നതിൽ സാംസ്കാരിക പ്രസ്ഥാനങ്ങളും സന്നദ്ധസംഘങ്ങളും നമ്മുടെ പഞ്ചായത്തിൽ വളരെ പിന്നിലാണ്. ഇത്തരം വേദികൾ ഉണ്ടായാൽ അതിൽ പങ്കാളിത്തം വഹിക്കുന്നതിൽ ഏറെ യുവാക്കൾ വിമുഖതയും കാണിക്കുന്നു. പ്രതിഭയുടെ പ്രസരമുള്ള കുരുന്നുകളെ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും വളർന്ന് വരുന്ന പ്രതിഭകൾക്ക് പ്രചോദനം പകരാനും ഇനിയും നമ്മുടെ സാംസ്കാരിക രംഗം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. 1954 ൽ മക്കരപ്പറമ്പിൽ ചോലക്കാട്ട് കൃഷ്ണനായരുടെ നേതൃത്വത്തിൽ സ്ഥാപിതമായ മക്കരപ്പറമ്പ പൊതുജന വായനശാലയും 1958 ൽ കെ.പി. അഹമ്മദ് മാസ്റ്റർ, ഇ. അബ്ദുസ്സലാം മാസ്റ്റർ എന്നിവരുടെ നേതൃത്വത്തിൽ വടക്കാങ്ങരയിൽ സ്ഥാപിതമായ മുഹമ്മദ് ഇഖ്ബാൽ മെമ്മോറിയൽ ലൈബ്രറി, ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബും പഞ്ചായത്ത് പ്രദേശത്തെ സാംസ്കാരിക മുന്നേറ്റത്തിൽ നേതൃത്വപരമായ പങ്കാണ് വഹിച്ചത്.

ജില്ലാ-അന്തർ ജില്ലാ മത്സരങ്ങളിലും, ജില്ലാ-സംസ്ഥാന കായിക മേളയിലും മക്കരപ്പറമ്പ പഞ്ചായത്തിലെ ക്ലബ്ബുകളും വ്യക്തികളും ഏറെ ബഹുമതികൾ നേടിയിട്ടുണ്ട്. ദേശീയപ്രശസ്തരായ ഫുട്ബോൾ താരങ്ങളും ഈ പഞ്ചായത്തുകാരായുണ്ട്. മുഹമ്മദൻസ് കൽക്കത്ത, ബോംബെ ഓർക്കെ മിത്സ് തുടങ്ങിയ ദേശീയ ടീമുകളുടെ ക്യാപ്റ്റനായിരുന്ന മലപ്പുറം അസീസ്, മുൻ ദേശീയ താരവും MRC മുൻ ക്യാപ്ടനും പ്രമുഖ കോച്ചുമായ മലപ്പുറം ചേക്കു, ടൈറ്റാനിയം ക്യാപ്റ്റനായിരുന്ന അൻവർ തുടങ്ങിയവർ ഇവരിൽ പ്രമുഖരാണ്.

നിലവിലുള്ള സാംസ്കാരിക സ്ഥാപനങ്ങൾ

ക്രമ നമ്പർ	പേരും മേൽവിലാസവും	സ്ഥാപിച്ച വർഷം	മെമ്പർമാരുടെ എണ്ണം	കെട്ടിത്തിന്റെ വിവരം	ധനസഹായത്തിന്റെ വിവരം	ഏത് സ്ഥാപത്തോട് അഫിലിയേറ്റ് ചെയ്തിരിക്കുന്നു	പ്രവർത്തനത്തിന്റെ ലഘുവിവരം
1.	Mimlas, Vadakangara	1978	50	വാടക	ഇല്ല	N.Y.K മലപ്പുറം N.E.S. Block, മങ്കട	ആരോഗ്യ, വിദ്യഭ്യാസ, സാംസ്കാരിക, കലാ, കായിക രംഗങ്ങളിൽ പ്രവർത്തിക്കുന്നു.
2.	K.K.S. തങ്ങൾ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, വടക്കാങ്ങര	1985	70	വാടക	ഇല്ല	N.Y.K മലപ്പുറം N.E.S. Block, മങ്കട	കലാകായിക രംഗങ്ങൾ
3.	ജൂപ്പിറ്റർ, മക്കരപ്പറമ്പ	1990	100	വാടക	ഇല്ല	N.Y.K, N.E.S. Block	കലാ കായിക രംഗം
4.	VESCO, Vadakakngara	1989	120	വാടക	ഇല്ല	N.Y.K, N.E.S. Block Sports Coucil, Malappuram	ചികിത്സാ സഹായം, പാഠപുസ്തകങ്ങൾ, പഠനോപകരണങ്ങൾ എന്നിവയുടെ വിതരണം, റിലീഫ് പ്രവർത്തനങ്ങൾ, കലാ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കൽ, സ്പോർട്സ്, ഗെയിംസ് രംഗങ്ങൾ
5.	ട്രാക്ഫോഴ്സ്, മക്കരപ്പറമ്പ	1991	50	വാടക	ഇല്ല	N.E.S. Block	കലാ, കായിക, സാംസ്കാരിക രംഗങ്ങൾ, ഗാനമേള ട്രൂപ്പ്.
6.	M Y C മക്കരപ്പറമ്പ	1992	300	വാടക	ഇല്ല		കലാ കായിക രംഗങ്ങൾ
7.	മഞ്ഞിലാസ് മക്കരപ്പറമ്പ	1996	60	വാടക	ഇല്ല	N.Y.K, N.E.S. Block	കലാ കായിക സാംസ്കാരിക രംഗം

A. സാംസ്കാരിക മണ്ഡലം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ ഇങ്ങിനെ സംഗ്രഹിക്കാം.:-

1. അഞ്ച്, ആറ്, ഏഴ്, എട്ട് വാർഡുകളിൽ ഗ്രന്ഥാലയങ്ങളോ വായനശാലകളോ ഇല്ല. മറ്റു വാർഡുകളിലുള്ള ഗ്രന്ഥാലയങ്ങളിലും വായനശാലകളിലും വേണ്ടത്ര സൗകര്യങ്ങളും ഇല്ല. പഞ്ചായത്ത് ലൈബ്രറി ഒഴിച്ച് എല്ലാ ഗ്രന്ഥശാലകളും വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നു.
2. വായനശാലകളും ഗ്രന്ഥാലയങ്ങളും വനിതകളും നാമമാത്രമായിപോലും ഉപയോഗിക്കുന്നില്ല. പല വായനശാലകളും സ്ത്രീകൾക്ക് ചെന്നെത്തുക ദുഷ്കരമാണ്.
3. സാംസ്കാരിക രംഗത്ത് ശ്രദ്ധേയമായിരുന്ന സാക്ഷരതാ പ്രവർത്തനത്തിന്റെ തുടർച്ചയായ ജനവിദ്യാ കേന്ദ്രങ്ങളും നിർജ്ജീവങ്ങളാണ്.
4. നിലവിലുള്ള ക്ലബ്ബുകളും ഗ്രന്ഥാലയങ്ങളും പലതും പ്രവർത്തനരഹിതമാണ്. സാമ്പത്തിക പരാധീനതയാണ് ഒരു പരിധിവരെ അതിന് കാരണം.
5. പഞ്ചായത്തിലെ ഗ്രന്ഥാലയങ്ങളും ക്ലബ്ബുകളും വായനശാലകളും പരസ്പരബന്ധമില്ലാതെ പ്രവർത്തിക്കുന്നു.

B. കായികരംഗത്തെ പ്രശ്നങ്ങളും

1. കായികരംഗത്തുള്ള പ്രതിഭകളും പ്രോത്സാഹിക്കപ്പെടാതെ പോകുന്നു.
2. പ്രാചീനകായിക വിനോദങ്ങളിൽ പലതും വംശനാശം അഭിമുഖീകരിക്കുന്നു.
3. പല വാർഡുകളിലും കായിക പരിശീലനത്തിന് ഇടങ്ങളില്ല.

പരിഹാര നിർദ്ദേശങ്ങളും

A.1. അഞ്ച്, ആറ്, ഏഴ്, എട്ട് വാർഡുകളിൽ വായനശാലകളും സ്ഥാപിക്കുക. നിലവിലുള്ള ഗ്രന്ഥാലയങ്ങൾക്കും വായനശാലകൾക്കും അവയുടെ സുഖകരമായ നടത്തിപ്പിന് ഗ്രാൻറുകളും, മറ്റാനുകൂല്യങ്ങളും നൽകുക.
2. സ്ത്രീകൾക്ക് പുസ്തക വായനക്കും മറ്റും അവസരം ഒരുക്കാൻ വേണ്ട സജ്ജീകരണങ്ങളും ഉണ്ടാക്കുക. അംഗൻവാടികളോടനുബന്ധിച്ച് വായനശാലകളുടെ ശാഖകളും നടത്തുക.
3. സാക്ഷരതാ കേന്ദ്രങ്ങളായ ജനവിദ്യാകേന്ദ്രങ്ങളും പുനരുജ്ജീവിപ്പിക്കുക.
4. പഞ്ചായത്തിലെ ഗ്രന്ഥാലയങ്ങളും ക്ലബ്ബുകളും ഏകീകൃതമായ ഒരു മേൽഘടകത്തിന് കീഴിൽ കൊണ്ടുവരികയും അതോടൊപ്പം ആഭ്യന്തരകാര്യങ്ങളിൽ സ്വതന്ത്രമായി നിലനിർത്തുകയും ചെയ്യുക.
5. വാർഡുകളിൽ പൊതു റേഡിയോ, ടി.വി. എന്നിവ സ്ഥാപിക്കുക.
6. പഞ്ചായത്തടിസ്ഥാനത്തിൽ കലാമത്സരങ്ങളും നടത്തുക.

B. കായികരംഗം - നിർദ്ദേശങ്ങളും

1. കായിക പ്രതിഭകൾക്ക് പ്രോത്സാഹനവും സാമ്പത്തിക സഹായവും നൽകാൻ പഞ്ചായത്ത് തലത്തിൽ സംവിധാനം ഉണ്ടാക്കുക.
2. വിവിധ കായികരൂപങ്ങളും പ്രോത്സാഹിപ്പിക്കുക. ഇവയിൽപഞ്ചായത്ത്തല മത്സരങ്ങളും നടത്തുക.
3. കായിക പരിശീലനത്തിന് വേണ്ട സാധനസാമഗ്രികളും ക്ലബ്ബുകൾക്ക് നൽകുക. പഞ്ചായത്ത്തലത്തിൽ എല്ലായിനം കായിക വിദ്യാഭ്യാസങ്ങൾക്കും കളികൾക്കും സ്ഥിരം പരിശീലകരെ നിയമിക്കുക.
4. കായികപരിശീലനത്തിന് എല്ലാ വാർഡുകളിലും സ്ഥലസൗകര്യം ഒരുക്കിക്കൊടുക്കുക.

നിലവിൽ പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങളും

ക്രമ നമ്പർ	പേരും മേൽവിലാസവും	സ്ഥാപിച്ച വർഷം	കെട്ടിടത്തിന്റെ വിവരം	നിലവിലുള്ള മെമ്പർമാർ	പുസ്തകങ്ങളുടെ എണ്ണം	പ്രതിമാസ പുസ്തക വിതരണം	സർക്കാർ ഗ്രാൻറുണ്ടോ ?
1.	മക്കരപ്പറമ്പ ലൈബ്രറി	1954	വാടക	219	1800	320	ഉണ്ട്
2.	പഞ്ചായത്ത് ലൈബ്രറി മക്കരപ്പറമ്പ	1989	സ്വന്തം	500	991	250	ഇല്ല
3.	Vesco ലൈബ്രറി വടക്കാങ്ങര	1990	വാടക	140	874	305	ഇല്ല
4.	പബ്ലിക് ലൈബ്രറി & റീഡിംഗ് റൂം വടക്കാങ്ങര	1993	വാടക	-	400	100	ഇല്ല

വനിതാ ക്ഷേമം

പഞ്ചായത്തിലെ ഇപ്പോഴത്തെ മൊത്തം ജനസംഖ്യയായ 16,180 ൽ 8314 പേർ വനിതകളാണ്. വനിതകൾക്ക് സമൂഹത്തിൽ ഉന്നതസ്ഥാനം എല്ലാ മതങ്ങളും വിളംബരം ചെയ്യുന്നുവെങ്കിലും പൂർണ്ണമായും പ്രയോഗത്തിൽ വരുന്നില്ല എന്നതാണ് അവസ്ഥ. സ്കൂൾ വിദ്യാഭ്യാസ സൗകര്യം ആവശ്യാനുസരണം നമ്മുടെ പഞ്ചായത്തിലുണ്ടെങ്കിലും പെൺകുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ ആവശ്യമായ സാഹചര്യങ്ങൾ ഇനിയും ഏറെ വേണം. ഉള്ള സൗകര്യങ്ങൾ വെച്ച് തുടർവിദ്യാഭ്യാസം നേടുന്ന കാര്യത്തിൽ മിക്ക പേരും ബോധവാന്മാരല്ല. രക്ഷിതാക്കളുടെ താല്പര്യക്കുറവാണ് പ്രധാന കാരണം. പെൺകുട്ടികളെ ചെറുപ്പത്തിൽ തന്നെ വിവാഹം ചെയ്ത് കൊടുക്കുന്നതോടെ ഉത്തരവാദിത്തം തീർന്നു എന്നതാണ് പല രക്ഷിതാക്കളുടേയും ധാരണ. വയസ്സ് കൂടുതലായാൽ പെൺമക്കളുടെ വിവാഹം മുടങ്ങുമോ എന്ന ഭീതിയും രക്ഷിതാക്കളെ ഇതിന് പ്രേരിപ്പിക്കുന്നു.

18 വയസ്സ് വരെയെങ്കിലും എല്ലാ പെൺകുട്ടികൾക്കും വിദ്യാഭ്യാസം നൽകി തുടർവിദ്യാഭ്യാസം നൽകുന്നതിന് അഭിപ്രായ വിത്യാസമില്ലാത്ത കുടുംബത്തിലേക്ക് വിവാഹം ചെയ്ത് കൊടുക്കുകയാണെങ്കിൽ സ്ത്രീകൾക്കിടയിലെ അജ്ഞതക്ക് ഒരു പരിധി വരെ പരിഹാരമാകും.

പെൺകുട്ടികൾക്കനുയോജ്യമായ തൊഴിലധിഷ്ഠിത കോഴ്സുകളിൽ ചേർന്ന് പഠിക്കാൻ അവസരം സൃഷ്ടിക്കുകയാണെങ്കിൽ അത് അവർക്കും സമൂഹത്തിനും നാടിനും ഗുണം ചെയ്യും. അത്കൊണ്ട് ഓരോ പ്രദേശത്തും സ്ത്രീകൾക്കായി തൊഴിലധിഷ്ഠിത കോഴ്സുകളും തൊഴിൽ പരിശീലന കേന്ദ്രങ്ങളും ആരംഭിക്കാൻ സർക്കാറിന് കഴിയണം.

പൊതുരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്. മഹിളാ സംഘടനകളുടെ പ്രവർത്തനം കാര്യക്ഷമമാക്കിയും എല്ലാ വാർഡുകളിലും മഹിളാ സമാജം രൂപീകരിച്ചും വനിതകൾക്കിടയിൽ ബോധവത്കരണം നടത്തിയും ഈ കുറവ് പരിഹരിക്കാൻ കഴിയും.

പഞ്ചായത്തിൽ 3 മഹിളാ സമാജങ്ങൾ പ്രവർത്തിച്ച് വരുന്നുണ്ട്. അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സമാജം ഇല്ലാത്ത വാർഡുകളിൽ ആയത് രൂപീകരിക്കുന്നതിനും ശ്രമം ഉണ്ടാകണം.

സ്കൂളുകളിൽ എണ്ണത്തിൽ കൂടുതൽ പെൺകുട്ടികളാണെങ്കിലും ഉന്നത പഠനത്തിൽ അവർ പിന്നിലാണ്. ആൺ പെൺ വ്യത്യാസമില്ലാതെ എല്ലാ മക്കൾക്കും വിദ്യാഭ്യാസം നൽകുന്നത് രക്ഷിതാക്കൾ ശ്രദ്ധിക്കേണ്ടതുണ്ട്. രക്ഷിതാക്കളിൽ ഈ നിലയ്ക്കുള്ള ഒരു ബോധവൽക്കരണവും ആവശ്യമാണ്. പഞ്ചായത്തിൽ ഉദ്യോഗസ്ഥ വനിതകളുടെ എണ്ണം 25 ഓളമേ വരികയുള്ളൂ. S.S.L.C. പൂർത്തിയാക്കിയ പെൺകുട്ടികൾക്കായി തൊഴിൽ പരിശീലനത്തിന് വേണ്ട സ്ഥപനങ്ങൾ തുടങ്ങുകയും പരിശീലനം പൂർത്തിയാക്കിയവർക്ക് തൊഴിൽ അവസരങ്ങൾ ലഭിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. സ്ത്രീകളിൽ 74.2 ശതമാനം പേരും സാക്ഷരരാണ്. ധാരാളം നവസാക്ഷരരുമുണ്ട്. അവർക്ക് തുടർവിദ്യാഭ്യാസത്തിന് വേണ്ട സംവിധാനമില്ല.

ആരോഗ്യരംഗത്ത് സ്ത്രീകളുടെ സ്ഥിതി തൃപ്തികരമല്ല. ആശുപത്രികളിൽ കൂടുതലും ചികിത്സക്ക് എത്തുന്നത് സ്ത്രീകളും കുട്ടികളുമാണ്. ആരോഗ്യപരിപാലനത്തെ കുറിച്ചും പരിസര ശുചീകരണത്തെ കുറിച്ചും സ്ത്രീകളിൽ ബോധവൽകരണം അനിവാര്യമാണ്. അതാത് പ്രദേശങ്ങളിലെ മഹിളാ സമാജങ്ങളുടെ നേതൃത്വത്തിൽ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും രോഗികൾക്കും അംഗൻവാടികൾ മുഖേന സൗജന്യ പോഷകാഹാരം ഏർപ്പെടുത്തണം.

പഞ്ചായത്തിൽ ഇപ്പോഴുള്ള അംഗനവാടികളിൽ പലതിനും സ്വന്തമായി കെട്ടിടമില്ല. ഉള്ളവയ്ക്ക് വേണ്ടത്ര സൗകര്യങ്ങളും ഇല്ല. ഈ അവസ്ഥ മാറ്റിയെടുക്കാൻ അടിയന്തിര ശ്രമം ഉണ്ടാവേണ്ടതുണ്ട്. അംഗൻവാടി ടീച്ചർമാർക്കും ഹെൽപ്പർമാർക്കും തൃപ്തികരമായവിധം വേതനം നൽകാൻ സർക്കാർ തയ്യാറാവണം. അംഗൻവാടികൾ കേന്ദ്രീകരിച്ച് സ്ത്രീകൾക്കായി ഓരോ വായനശാലകൾ സ്ഥാപിക്കുകയാണെങ്കിൽ സ്ത്രീകളിൽ വായനാശീലം വളർത്താനും ദൈനംദിന കാര്യങ്ങളെ കുറിച്ചുള്ള ബോധമുണ്ടാക്കുവാനും സാധിക്കും.

ഈ പ്രദേശത്ത് വളരെ കുറച്ച് സ്ത്രീകൾ മാത്രമേ കാർഷിക മേഖലയിൽ ജോലി ചെയ്യുന്നുള്ളു. കെട്ടിട നിർമ്മാണം, ചുമെടെടുക്കൽ എന്നീ മേഖലകളിലും സ്ത്രീകൾ വളരെ വിരളമാണ്. കൂലിയിലുള്ള ഏറ്റക്കുറച്ചിലും സ്ത്രീ തൊഴിലാളികളോട് സമൂഹത്തിലുള്ള അവഹേളനവുമായിരിക്കാം ഇതിനു പിന്നിൽ.

സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ സ്ത്രീകൾക്കനുയോജ്യമായ സ്വയംതൊഴിൽ യൂണിറ്റുകൾ സഹകരണ സംരംഭങ്ങളിലൂടെ തുടങ്ങാൻ കഴിയും. DWCRA യുടെ കീഴിൽ ഇപ്പോൾ രണ്ട് കൊപ്ര യൂണിറ്റുകളും പ്രവർത്തനമില്ലാത്ത ഒരു പപ്പട യൂണിറ്റും

ഉണ്ട്. അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും മറ്റു വാർഡുകളിൽ കൂടി ഇത്തരം യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്താൽ വളരെയേറെ സ്ത്രീകൾക്ക് തൊഴിൽ ലഭിക്കും. സ്ത്രീകളുടെ തൊഴിലിനോടുള്ള വിമുഖത മാറ്റിയെടുക്കാൻ ഈ മേഖലയിൽ ന്യായമായ കൂലിയും ലാഭവും ഉറപ്പു വരുത്തുകയും അവരുൽപ്പാദിപ്പിക്കുന്ന വസ്തുക്കൾക്ക് മാർക്കറ്റിംഗ് സൗകര്യം ഉണ്ടാക്കുകയും ചെയ്യേണ്ടതാണ്. തൊഴിലിന് പോകുന്ന അമ്മമാർക്ക് കുഞ്ഞുങ്ങളുടെ സംരക്ഷണത്തിനായി ക്രഷ് സൗകര്യം ഈ പഞ്ചായത്തിൽ ലഭ്യമാക്കേണ്ടതുണ്ട്.

സ്ത്രീകൾക്ക് അടുക്കളത്തോട്ടം ഉണ്ടാക്കിയെടുക്കുന്നതിനാവശ്യമായ വിത്തും വളവും പണിയായുധങ്ങളും കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്നത് നന്നായിരിക്കും. വനിതാ സംഘടനകൾ മുൻകയ്യെടുത്ത് ഏറ്റവും നല്ല അടുക്കള തോട്ടക്കാരിയെ കണ്ടെത്തി അംഗീകരിക്കുന്നത് ഈ രംഗത്ത് പ്രോത്സാഹജനകമായിരിക്കും.

ഈ പഞ്ചായത്തിലെ 25 ശതമാനം വീടുകളിലും സ്ത്രീകളാണ് ഗൃഹഭരണം നടത്തുന്നത്. ഈ പ്രദേശത്തുള്ള ഏറെകുറെ വനിതകൾക്ക് തുന്നൽ അറിയാം. ഇവിടെ ഒരു തുന്നൽ വ്യവസായ യൂണിറ്റിനും പരിശീലന കേന്ദ്രത്തിനും സാധ്യതയുണ്ട്.

ആവശ്യമായ ഇറച്ചിക്കോഴികളെ വളർത്താനുള്ള ശ്രമവും വനിതകൾക്ക് നടത്താവുന്നതാണ്. സ്ത്രീകളുടെ നേതൃത്വത്തിൽ നല്ല നിലയിൽ നടത്തുന്ന മൂന്ന് നാല് കോഴി വളർത്തൽ കേന്ദ്രങ്ങൾ ഇവിടെയുണ്ട്.

ഈവക കാര്യങ്ങൾ വിജയിക്കണമെങ്കിൽ ഗവൺമെൻറിൻെറ സാമ്പത്തിക സഹായവും നാട്ടുകാരുടെ പൂർണ്ണസഹകരണവും അനിവാര്യമാണ്. വിഭവ ലഭ്യത കണക്കിലെടുത്ത് വനിതകൾക്കായി തൊഴിൽ യൂണിറ്റുകൾ തുടങ്ങുകയും അവക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിൽ 41 പേർക്ക് വിധവാ പെൻഷനും ഏതാനും സ്ത്രീകൾക്ക് കർഷക പെൻഷനും ലഭിക്കുന്നുണ്ട്. പെൻഷൻ ആനുകൂല്യം അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭിക്കേണ്ടിയിരിക്കുന്നു. മദ്യപാനം മൂലം ദുരിതം അനുഭവിക്കുന്ന സ്ത്രീകളും ഈ പ്രദേശത്ത് ഇല്ലാതില്ല. സമ്പൂർണ്ണ മദ്യനിരോധനം മാത്രമേ ഇതിന് പരിഹാരമാവൂ. സ്ത്രീധനത്തിൻെറ പേരിൽ ദുരിതം അനുഭവിക്കുന്നവരും ഇവിടെയുണ്ട്. സ്ത്രീധന നിരോധനം നടപ്പിലാക്കുന്നതിൽ ഒട്ടും പിറകോട്ടു പോയ്കൂടാ. ഇതിനായി കർശനനിയമങ്ങൾ കൊണ്ടുവരണം. സ്ത്രീകളെ അശ്ലീലകരമായി ചിത്രീകരിക്കുന്ന പോസ്റ്ററുകളും പരസ്യങ്ങളും നിരോധിച്ചേ മതിയാവൂ.

വനിതകളുടെ മേഖലയിൽ അനുഭവപ്പെടുന്ന പ്രധാന പ്രശ്നങ്ങളെ ഇങ്ങനെ ക്രോഡീകരിക്കാം.

1. തൊഴിൽ മേഖലയിൽ വിദ്യാലയങ്ങളൊഴികെ മറ്റെല്ലാ മേഖലകളിലും സ്ത്രീകൾ അവഗണന നേരിടുന്നു.
2. വനിതകൾ കൂടുതലായും പൊതുപ്രവർത്തന രംഗത്ത് വരുന്നില്ല.
3. സ്ത്രീകൾക്കായി തൊഴിൽ സംരംഭങ്ങളും സ്വയംതൊഴിൽ പദ്ധതികളും വേണ്ടത്ര ഇല്ല.
4. തൊഴിൽ രംഗത്തേക്ക് കടന്ന് വരാൻ ആവശ്യമായ വിദ്യാഭ്യാസം സ്ത്രീകൾക്ക് ലഭിക്കുന്നില്ല.
5. പെൺകുട്ടികൾക്ക് മാത്രമായിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളോ പരിശീലന കേന്ദ്രങ്ങളോ ഈ പഞ്ചായത്തിലില്ല.
6. ഉന്നത വിദ്യാഭ്യാസ മേഖലയിലേക്ക് പെൺകുട്ടികൾ സജീവമായി കടന്നു വരുന്നില്ല.
8. സർക്കാർ സഹായ പദ്ധതികളെ കുറിച്ചുള്ള അജ്ഞത സ്ത്രീകളെ വിഷമിപ്പിക്കുന്നു.

9. ആരോഗ്യരംഗത്ത് സ്ത്രീകൾ വളരെ പിന്നോക്കമാണ്.

10. സ്ത്രീധന നിരോധന നിയമം നിലവിലുണ്ടെങ്കിലും സ്ത്രീധനത്തിന്റെ പേരിൽ സ്ത്രീകൾ പീഡനം അനുഭവിക്കുന്നു.

11. ടി.വി മാധ്യമങ്ങളിലും പരസ്യങ്ങളിലും സ്ത്രീകളെ വളരെ മോശമായി ചിത്രീകരിക്കുന്നു.

12. അംഗൻവാടി അദ്ധ്യാപികമാർക്കും ഹെൽപ്പർമാർക്കും ന്യായമായ വേതനം ലഭിക്കുന്നില്ല. പല അംഗൻവാടികൾക്കും സ്ഥിരമായ കെട്ടിടങ്ങൾ ഇല്ലാതെയും ഉള്ളത് തന്നെ സൗകര്യങ്ങൾ ഇല്ലാതെയും വിഷമിക്കുന്നു.

13. ഈ പ്രദേശത്ത് കലാകായിക രംഗത്ത് പെൺകുട്ടികൾ വളരെ പിന്നിലാണ്.

14. പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്ക് പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ ഇല്ല.

15. ശാസ്ത്ര വളർച്ചയെ കുറിച്ച് സ്ത്രീകൾക്ക് വേണ്ടത്ര പരിജ്ഞാനമില്ല. അഭ്യസ്തവിദ്യരായ വനിതകൾക്കിടയിലും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ധാരാളമുണ്ട്.

16. ഉദ്യോഗസ്ഥ വനിതകൾക്ക് പ്രസവാവധി 3 മാസം എന്നത് തൃപ്തികരമല്ല. അതിന്റെ പ്രയാസങ്ങൾ കുഞ്ഞുങ്ങളുടെ വളർച്ചയെ ബാധിക്കും.

17. സ്ത്രീകളിൽ വായനാശീലം തുലോം കുറവാണ്.

"സ്വയം ഒരു ദീപമായിത്തീരുക
ബാഹ്യമായ ഒന്നിനേയും
അവലംബിക്കാതെ
സത്യത്തെ ആശ്രയിക്കുക"

- ശ്രീബുദ്ധൻ

സഹകരണം

സഹകരണസംഘങ്ങളുടെ ഇന്നത്തെ അവസ്ഥ

കർഷകസമൂഹത്തിനും സാധാരണക്കാർക്കും ആശ്വാസകരമായ സഹകരണമേഖലയിൽ മക്കരപ്പറമ്പ് സർവ്വീസ് സഹകരണബാങ്ക് മാത്രമാണ് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. സാമാന്യം ഭേദപ്പെട്ട നിലയിൽ തന്നെ ഈ സ്ഥാപനം സഹകരണ രംഗത്ത് സജീവമാണ്. സഹകരണ മേഖലയിൽ പിന്നെ എടുത്ത് പറയാവുന്നത് സ്കൂൾ സഹകരണ സംഘങ്ങളാണ്. ഇവയുടെ എണ്ണം മൂന്നിൽ ഒതുങ്ങി നിൽക്കുന്നു. പുസ്തകവിതരണം മാത്രമാണ് ഇവയുടെ പ്രവർത്തനം. നാമമാത്രമായി പ്രവർത്തിക്കുന്ന മക്കരപ്പറമ്പ് കാർപൻറെറി സഹകരണ സംഘമാണ് മറ്റൊന്ന്. മങ്കടബ്ലോക്ക് കാർഷിക സംസ്കരണ സഹകരണ സംഘത്തിൻെറ ആസ്ഥാനം ഈ പഞ്ചായത്തിലാണ്. ഇതിൻെറ പ്രവർത്തനം തുടങ്ങുന്നതേയുള്ളൂ.

കാർഷിക മേഖല

ഹ്രസ്വകാല വായ്പ :- ജനങ്ങളിൽ സിംഹഭാഗവും കാർഷികവൃത്തിയുമായി ബന്ധപ്പെട്ടവരാണ്. ഹ്രസ്വകാല കാർഷിക കാർഷികേതര വായ്പകൾക്ക് പൂർണ്ണമായും ആശ്രയിക്കേണ്ടിവരുന്നത് സഹകരണ ബാങ്കിനെയാണ്. മുഴുവൻ കർഷകർക്കും ആവശ്യാനുസരണം വായ്പ ലഭ്യമാക്കാൻ ആവശ്യമായ ഫണ്ട് സഹകരണബാങ്കുകൾക്ക് ലഭിക്കാത്തത്തത് മൂലം പ്രയാസമുണ്ടാക്കുന്നു.

മക്കരപ്പറമ്പ് ഐക്യനാണയ സംഘത്തിൽ നിന്ന് സർവ്വീസ് സഹകരണബാങ്കായി പരിവർത്തിനം ചെയ്യപ്പെട്ട മക്കരപ്പറമ്പ് സർവ്വീസ് സഹകരണ ബാങ്കിന് മക്കരപ്പറമ്പ് പഞ്ചായത്ത് പൂർണ്ണമായും കുറുവ പഞ്ചായത്തിലെ കുറുവ വില്ലേജും കോഡൂർ വില്ലേജിലെ അല്പഭാഗവും പ്രവർത്തനമേഖലയായുണ്ട്. 4027 അംഗങ്ങളാണ് ഉള്ളത്. 95-96 ൽ പതിമൂന്ന് ലക്ഷത്തിൽ പരം രൂപ കർഷകർക്ക് കാർഷിക വായ്പയായി വിതരണം ചെയ്തു. കീടനാശിനി, രാസവളം എന്നിവയുടെ വിതരണവും ഓണച്ചന്തയും നടത്താറുണ്ട്.

ദീർഘകാല കാർഷിക വായ്പ

പെരിന്തൽമണ്ണ താലൂക്ക് പ്രവർത്തന പരിധിയായുള്ള പെരിന്തൽമണ്ണ കാർഷിക വികസന ബാങ്കിനെയാണ് ദീർഘകാല കാർഷിക വായ്പക്കായി പഞ്ചായത്തിലെ കർഷകർ സമീപിക്കുന്നത്. കാർഷിക മേഖലയുടെ ആവശ്യത്തിനായി വേണ്ടത്ര ഫണ്ട് ഈ സ്ഥാപനത്തിൽ ലഭ്യമാണെങ്കിലും വായ്പ ലഭിക്കുന്നതിലുള്ള സാങ്കേതിക ബുദ്ധിമുട്ടുകളും മറ്റു കാരണങ്ങളും മൂലം അർഹരായ എല്ലാ കർഷകർക്കും വായ്പ ലഭിക്കാത്ത സ്ഥിതിയുണ്ട്.

പാർപ്പിട പ്രശ്നം

പഞ്ചായത്തിലെ പാർപ്പിട പ്രശ്നം അതിരൂക്ഷമാണ്. സഹകരണമേഖലയിലെ വിവിധ സംഘങ്ങൾ വഴി വിവിധ ഏജൻസികളിൽ നിന്നും ലഭ്യമാകുന്ന വായ്പയാണ് ഭൂരിഭാഗവും ഉപയോഗിക്കുന്നത്. ഭവനനിർമ്മാണ വായ്പകൾക്കായി പഞ്ചായത്തിലെ ജനങ്ങൾ പെരിന്തൽമണ്ണ ഭൂപണയ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക്, പെരിന്തൽമണ്ണ റൂറൽ ഹൗസിംഗ് സൊസൈറ്റി എന്നിവയെയാണ് ആശ്രയിക്കുന്നത്. ഫണ്ടുകളുടെ അപര്യാപ്തത കാരണം ആവശ്യക്കാരെ തൃപ്തിപ്പെടുത്താൻ ഈ സഹകരണസംഘങ്ങൾക്ക് സാധിക്കുന്നില്ല.

വിവിധ മേഖലയിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

A കാർഷിക മേഖല :

1. മക്കരപ്പറമ്പ് സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തന മേഖല വിപുലീകരിക്കുക.
2. എല്ലാ കർഷകരേയും അംഗങ്ങളാക്കി ഓഹരി മൂലധനം വർദ്ധിപ്പിക്കുക.
3. നിക്ഷേപ സമാഹരണം നടത്തി പ്രവർത്തന മൂലധനം വർദ്ധിപ്പിച്ച് പ്രസ്തുത തുക ലാഭകരമായി വിധത്തിൽ വിനിയോഗിക്കുക.
4. ഉദാരമായ നിയമവ്യവസ്ഥകളോടെ ചിട്ടികൾ നടത്തുക.
5. കർഷകരെ സംബന്ധിച്ച പൂർണ്ണവിവരങ്ങളോടു കൂടിയ ലാൻറ് രജിസ്റ്റർ തയ്യാറാക്കി അതനുസരിച്ച് ഓരോ വർഷത്തിലേക്കും ആവശ്യമായ വായ്പാ തുക തിട്ടപ്പെടുത്തുക.
6. ഓരോ കർഷകനും ഒരു വർഷത്തേക്ക് ആവശ്യമായ കാർഷിക വായ്പ വർഷാരംഭത്തിൽ തന്നെ പാസ്സാക്കി ക്രഡിറ്റ് കാർഡ് സമ്പ്രദായം നടപ്പാക്കുക.
7. സർക്കാറിൽ നിന്ന് അനുവദിച്ച് കിട്ടുന്ന പലിശ സബ്സിഡി യഥാകാലം വായ്പക്കാർക്ക് ലഭ്യമാക്കാനുള്ള സംവിധാനം ഉണ്ടാക്കുക.
8. കാർഷിക വായ്പയുടെ പരിധി ആവശ്യാനുസരണം ഉയർത്തുക.
9. കർഷകർക്ക് ആവശ്യമായ വളങ്ങൾ മിതമായ നിരക്കിൽ ബാങ്കിലൂടെ വിതരണം ചെയ്യുക.

10. കാർഷികോപകരണങ്ങളായ ട്രാക്ടർ, ട്രില്ലർ, കൊയ്ത്തുമെതിയന്ത്രങ്ങൾ എന്നിവ മിതമായ വാടകക്ക് കർഷകർക്ക് നൽകാനുള്ള സംവിധാനം ബാങ്കിൽ നടപ്പിലാക്കുക.
11. കൃഷിക്കാർക്ക് ഉൽപ്പന്നങ്ങൾ ന്യായവും യുക്തവുമായ വിലക്ക് വിപണനം നടത്താനുള്ള സംവിധാനം ഉണ്ടാക്കുക.
12. മക്കരപ്പറമ്പ് സർവ്വീസ് സഹകരണ ബാങ്കിന്റെ ശാഖ വടക്കാങ്ങരയിൽ തുറക്കുന്നതിന് നടപടി സ്വീകരിക്കുക.
13. സഹകരണ ബാങ്കിന്റെ സായാഹ്നശാഖ ആരംഭിക്കുക.
14. ശാസ്ത്രീയമായ നെൽകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിലേക്കായി ഓരോ വാർഡിലും ഗ്രൂപ്പ് ഫാമിംഗ് സഹകരണ സംഘങ്ങൾ രൂപീകരിക്കുക.
15. നെൽകൃഷിക്ക് ഉദാരമായ വായ്പകൾ അനുവദിക്കുക.

B കൺസ്യൂമർ മേഖല

1. പഞ്ചായത്തിൽ സഹകരണ കൺസ്യൂമർ സ്റ്റോർ ആരംഭിക്കുക.
2. മക്കരപ്പറമ്പ് ഗവൺമെന്റ് ഹൈസ്കൂൾ, വടക്കാങ്ങര തങ്ങൾസ് സെക്കൻററി സ്കൂൾ എന്നിവയിലെ സഹകരണസംഘങ്ങളുടെ പ്രവർത്തനം വിപുലീകരിച്ച് യൂണിഫോമുകൾ, മറ്റു പഠനോപകരണങ്ങൾ എന്നിവയും വിതരണം ചെയ്യുക. ഇതിനായി ഓരോ വിൽപനക്കാരനേയും നിയമിക്കുക.
3. പുണർപ്പ യു.പി. സ്കൂൾ, വടക്കാങ്ങര യു.പി. സ്കൂൾ എന്നിവയിൽ സഹകരണസംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക. എല്ലാ പഠനോപകരണങ്ങളും കൃത്യമായ സമയത്ത് ലഭ്യമാക്കാനുള്ള സംവിധാനം ഉണ്ടാക്കുക.
4. എല്ലാ വിദ്യാർത്ഥികളേയും അധ്യാപകരേയും നിർബന്ധമായും ഈ സംഘങ്ങളിൽ അംഗങ്ങളാക്കുക.

മറ്റു നിർദ്ദേശങ്ങൾ

1. ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ സ്ഥാപിക്കുക. പട്ടികജാതിക്കാരുടെ ക്ഷേമത്തിനും തൊഴിൽ നൽകുന്നതിനും പട്ടികജാതി സഹകരണസംഘം രൂപീകരിക്കുക.
3. അസംഘടിത തൊഴിലാളികൾക്ക് സ്ഥിരം തൊഴിൽ നൽകുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ ലേബർ കോൺട്രാക്ട് സഹകരണസംഘം രൂപീകരിക്കുക. തന്മൂലം പഞ്ചായത്ത് നേരിട്ട് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളും മറ്റും ഈ സംഘത്തിന് ഏറ്റെടുത്ത് നടത്താവുന്നതാണ്.
4. കോഴി വളർത്തൽ സഹകരണസംഘം സ്ഥാപിക്കുക.
5. നാളികേര സഹകരണസംഘം സ്ഥാപിക്കുക.
6. എണ്ണയാട്ടു സഹകരണസംഘം സ്ഥാപിക്കുക.
7. ഓരോ വർഡിലുമുള്ള വനിതകൾക്ക് തൊഴിൽ ലഭിക്കുന്നതിനും വിവിധ മേഖലകളിൽ പ്രോത്സാഹിപ്പിക്കുന്നതിനും ജീവിതനിലവാരം ഉയർത്തുന്നതിനും വനിതാ സഹകരണസംഘം സ്ഥാപിക്കുക.
8. സഹകരണമേഖലയിൽ വിദ്യഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുക.
9. സ്വയംതൊഴിൽ കണ്ടെത്തുന്നതിന് സഹകരണ സ്ഥാപനങ്ങൾ മുഖേന ചെറുപ്പക്കാർക്ക് ഉദാരമായ വായ്പകൾ അനുവദിക്കുക.



സായാഹ്നത്തിൽ നീ
പുലരിയെ പ്രതീക്ഷിക്കരുത്
പുലരിയിൽ സായാഹ്നത്തേയും.

മുഹമ്മദ് നബി

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

മക്കരപ്പറമ്പ് പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 10.8 ശതമാനമാണ് പട്ടികജാതി വിഭാഗം. 7 അംഗീകൃത കോളനികളിലും 3 അംഗീകാരത്തിന് സമർപ്പിച്ച കോളനികളിലുമായി 677 കുടുംബങ്ങളും 26 കുടുംബങ്ങളും വേറിട്ടുമായി ആകെ 863 പട്ടികജാതി അംഗങ്ങളും ഉണ്ട്. പട്ടികവർഗ്ഗ അംഗങ്ങളും ഇല്ല.

വിദ്യാഭ്യാസ സാമൂഹിക മേഖലകളിൽ ഏറെ നേട്ടങ്ങളും കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കുന്നതിന് ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. സാമൂഹിക സാമ്പത്തിക, രംഗത്ത് നിരവധി കാലം ചൂഷണത്തിന് വിധേയമായിരുന്ന ഈ വിഭാഗത്തിന് കൂടികിടപ്പവകാശം ലഭിച്ചത് ഒരു പരിധി വരെ സാമൂഹ്യ പുരോഗതി കൈവരിക്കാൻ സഹായകമായിട്ടുണ്ട്. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽ നിന്നും പൂർണ്ണമായി മോചനം നേടാൻ ഇന്നു കഴിഞ്ഞിട്ടുണ്ട്. എല്ലാ ജാതി മതസ്ഥരുടേയും എല്ലാത്തരം ചടങ്ങുകളിലും പങ്കെടുപ്പിക്കുകയും എല്ലാ പൊതു പരിപാടികളിലും അർഹമായ പരിഗണന ലഭിക്കുകയും ചെയ്ത് വരുന്നു.

ഈ വിഭാഗത്തിന്റെ ഉയർച്ചക്ക് വേണ്ടി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൊണ്ട് പദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല. എന്നാൽ സർക്കാർ നൽ

കുന്ന നിരവധി സൗജന്യങ്ങളും ഈ വിഭാഗത്തിന് ഭാഗികമായ നേട്ടങ്ങളും കൈവരിക്കുന്നതിന് സഹായകമായിട്ടുണ്ട്. ഇതിൽ കൂടുതൽ നേട്ടം കൈവരിച്ചത് കോളനികളിൽ താമസിക്കുന്നവരാണ്. കോളനികളുടെ വിവരണം ഒന്നാം പട്ടികയിൽ ചേർക്കുന്നു.

വിദ്യാഭ്യാസം

വിദ്യാഭ്യാസരംഗത്ത് ഈ വിഭാഗത്തിന് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. S.S.L.C. ക്കു ശേഷം തുടർന്ന് പഠിക്കാൻ പലരും താല്പര്യം കാണിക്കുന്നില്ല. കുടുംബ ബാധ്യത ഏറ്റെടുക്കേണ്ടി വരുന്നതും രക്ഷിതാക്കൾ വേണ്ടത്ര ശ്രദ്ധിക്കാത്തതും ആണ് പഠനം തുടരാൻ കഴിയാത്തതിനുള്ള മുഖ്യകാരണം. ഇവിടെ S.S.L.C. പൂർത്തിയാക്കിയവർ 46 പേരും P.D.C. പൂർത്തിയാക്കിയവർ 28 പേരും ഡിഗ്രിയെടുത്തവർ 2 പേരും ഉണ്ട്. ഈ വിഭാഗത്തിൽ സർക്കാർ ജോലിയുള്ളവർ 8 പേരുണ്ട്. വിദ്യാഭ്യാസപരമായി ഇനിയും വളരുവാൻ ഈ സമൂഹത്തിന് വേണ്ട നടപടികൾ സർക്കാർ സ്വീകരിക്കണം.

തൊഴിൽ

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിഭാഗവും കാർഷിക മേഖലയിൽ തൊഴിലെടുത്ത് ജീവിക്കുന്നവരാണ്. അടുത്ത കാലത്തായി കാർഷിക മേഖലയിൽ വന്ന തകർച്ച ഈ വിഭാഗത്തിന് സാരമായ തൊഴിൽ നഷ്ടമുണ്ടാക്കി. ജീവിക്കാനുള്ള തൊഴിലിന് വേണ്ടി മറ്റു മേഖലകളിലേക്ക് നീങ്ങുവാൻ തൊഴിലാളികൾ നിർബന്ധരായിരിക്കുന്നു. ഇവർ പ്രധാനമായും നിർമ്മാണ രംഗമാണ് തെരഞ്ഞെടുത്തിരിക്കുന്നത്. സ്ത്രീ തൊഴിലാളികൾക്ക് കെട്ടിടനിർമ്മാണ ജോലിക്ക് 70 രൂപയും പുരുഷ തൊഴിലാളിക്ക് 100 രൂപയും കൂലി കിട്ടുന്നുണ്ട്. കാർഷിക മേഖലയിൽ തൊഴിൽ നഷ്ടപ്പെടാൻ പ്രധാന കാരണം വയലുകൾ നികത്തി വീട് പണിയുന്നതുകൊണ്ടും വയലുകളിൽ തെങ്ങ്, കമുങ്ങ് തുടങ്ങിയ നാണ്യവിളകൾ ഊൽപ്പാദിപ്പിക്കപ്പെടുന്നത് കൊണ്ടുമാണെന്ന് വിലയിരുത്തപ്പെടുന്നു. കൂടാതെ അന്യസംസ്ഥാനങ്ങളിൽ നിന്ന് കുറഞ്ഞ കൂലിക്ക് തൊഴിലെടുക്കാൻ വരുന്നവരുടെ അതിപ്രസരമാണ്. അതിനാൽ ഈ വിഭാഗത്തിന്റെയും മറ്റും തൊഴിൽ ലഭ്യത ഉറപ്പു വരുത്താനും വിദ്യാഭ്യാസപരമായും തൊഴിൽപരമായുള്ള ഉന്നമനത്തിനും ഉപജീവനത്തിനും വേണ്ട നടപടികൾ ത്വരിതപ്പെടുത്തണമെന്നും അഭ്യർത്ഥിക്കുന്നു.

പാർപ്പിടം

പാർപ്പിടപ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരു പരിധി വരെ വിവിധ വകുപ്പുകളിലായി നടപ്പിലാക്കിയ പദ്ധതികൾ സഹായമായിട്ടുണ്ട്. മിക്ക ഹരിജൻകോളനികളിലും പരിമിതമായ സൗകര്യമാണെങ്കിലും ചെറ്റക്കുടിലിൽ നിന്നും മോചനമായി. എന്നാൽ കോളനികൾക്ക് പുറത്ത് താമസിക്കുന്ന ഒറ്റപ്പെട്ട വീടുകൾക്ക് ഇവക ആനുകൂല്യങ്ങൾ വേണ്ടത്ര ലഭിക്കാറില്ല. വിവിധ ആനുകൂല്യങ്ങൾക്ക് വേണ്ടി സർക്കാർ നൽകുന്ന തുക വളരെ കുറഞ്ഞു പോയതിനാൽ വീടു നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ വരുന്ന അവസ്ഥയുണ്ട്. അതിനാൽ ഇവർക്കനുവദിച്ചിരുന്ന ഭവന വായ്പ കാലോചിതമായി പരിഷ്കരിക്കണം.

പട്ടിക 1

നമ്പർ	വാർഡ്	കോളനിയുടെ പേര്	വീടുകളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം
1	3	ചുവന്നപറമ്പ്	16	77
2	6	പറമ്പാടത്ത്	19	77
3	6	പാറമ്മത്തൊടി	13	62
4	6	പോത്തുകുണ്ട് (IHDP)	12	63
5.	2	കാവുങ്ങപറമ്പ്-ചീനിക്കപറമ്പ്	18	107
6.	7	മേലെപിലാക്കാട്ട്	19	95
7.	8	പടിഞ്ഞാറെ കുന്നത്ത്	17	97
അംഗീകാരത്തിന് സമർപ്പിച്ചത്				
1	2	തൊണ്ടിയിൽ ചാള	6	32
2.	7	അയ്യപറമ്പ്	10	38
3.	8	അരിമ്പ്രത്തൊടി	6	29

പല കോളനികളിലും കക്കൂസ് നിലവിലില്ല. ഓരോ വീടിനും ഓരോ കക്കൂസ് നിർബന്ധമായും അനുവദിക്കണം. കക്കൂസിന്റെ കാര്യത്തിലും ഫണ്ട് അപര്യാപ്തമാണ്. സർക്കാർ അനുവദിക്കുന്ന തുകയും നിബന്ധനകളും വളരെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്ന രീതിയിലാണ്. അതിനാൽ കക്കൂസിനനുവദിക്കുന്ന തുക വർദ്ധിപ്പിക്കണം.

മേൽ പറഞ്ഞ സൗകര്യങ്ങളെ പട്ടിക രണ്ടിൽ ചേർക്കുന്നു.

കാരണം കിട്ടുന്ന സഹായം അപര്യാപ്തമായത് കൊണ്ടാണ്. വീടുപണിക്കുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിക്കണം. കോളനികളിൽ പ്രാഥമിക സൗകര്യങ്ങൾ ഇല്ല.

4. കോളനികളിൽ കുടിവെള്ളം, വൈദ്യുതി എന്നിവ ആവശ്യത്തിനില്ല.
5. പൊതു ശ്മശാനം ഇല്ല. ഉള്ള ശ്മശാനം അന്യാധീനപ്പെട്ടിരിക്കുന്നു. അവ വീണ്ടെടുക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

പട്ടിക 2

നമ്പർ വീടുകൾ	കോളനിയുടെ പേർ	വീടിന്റെ സ്വഭാവം		ആവശ്യമുള്ള കക്കൂസുകളുടെ എണ്ണം
		കോൺക്രീറ്റ്	ഓട് /ഓല	
1	ചുവന്ന പറമ്പ്	-	16	9
2	പറമ്പാടത്ത്	-	19	10
3	പാറമ്മത്തൊടി	-	13	9
4	പോത്തുകുണ്ട്	-	12	8
5	മേലെപിലാക്കാട്ട്	1	18	10
6	പടിഞ്ഞാറെകുന്നത്ത്	-		
7	കാവുങ്ങപറമ്പ് - ചീനിക്കപറമ്പ്		18	15
	അംഗീകാരത്തിന് സമർപ്പിച്ചത്			
	തൊണ്ടിയിൽ ചാള	-	6	4
	അരിമ്പ്രത്തൊടി	1	5	2
	അയ്യപ്പറമ്പ്	-	10	6
	ഒറ്റപ്പെട്ട വീടുകൾ	-	26	

കോളനികളിലെ പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പുരോഗതി വേണ്ടുവോളം സാധിച്ചിട്ടില്ല. കോളനികളിൽ ബോധവൽകരണ ക്ലാസ്സുകൾ ഇടക്കിടെ നടത്തണം.
2. കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞു വരുന്നു. തൊഴിൽ സാധ്യത മങ്ങുന്നു. ജീവിതം കൂടുതൽ ദുസ്സഹമാകുന്നു.
3. എല്ലാവർക്കും സ്വന്തമായി വീടില്ല. ഇതിന്റെ പ്രധാനകാരണം സ്വന്തമായി സ്ഥലമില്ലാത്തതാണ്. വീടുപണി മുടങ്ങാൻ പ്രധാന
6. 4 സെൻറ് കോളനികളുടെ പട്ടയവിതരണം ത്വരിതപ്പെടുത്തുക.
7. കോളനികളിലെ ആരോഗ്യരംഗത്തെ പ്രശ്നങ്ങൾ മെച്ചപ്പെട്ടിട്ടില്ല.
8. നിർധന കുടുംബത്തിലെ അംഗങ്ങളുടെ ചികിത്സക്കും പെൺകുട്ടികളുടെ വിവാഹത്തിനും ധനസഹായം ലഭിക്കണം.
9. IRDP പോലുള്ള പല പദ്ധതികളും ഫലപ്രദമാക്കാൻ സാധിച്ചിട്ടില്ല. കാരണം തൊഴിൽ

മേഖലയിലെ പ്രശ്നങ്ങളും. (തൊഴിൽ ദിനങ്ങളുടെ കുറവ്)

10. പട്ടികജാതി വികസന കോർപ്പറേഷനും ഹരിജനക്ഷേമവകുപ്പും അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് നൽകുന്ന വായ്പകളും ലക്ഷ്യം നേടുന്നില്ല. ഈ വായ്പകളും ഉദാരമാക്കുക.

സാധ്യതകളും

വൈദ്യുതി

പഞ്ചായത്തിലെ കോളനികളിൽ സർക്കാർ രേഖ പ്രകാരം വൈദ്യുതീകരിച്ച വീടുകളും : പറമ്പാടത്ത് 5, മേലെപിലാക്കാട്ട് 10, പടിഞ്ഞാറെകുന്നത്ത് 11, ചീനിക്കപ്പറമ്പ്-കാവുങ്ങപ്പറമ്പ് 4, പോത്തുകുണ്ട് IHDP - 10, എന്നീ ക്രമത്തിലാണ്. ഇതിൽ പോത്തുണ്ട് IHDP കോളനിയിൽ സൗജന്യമായാണ് വയറിംഗ് നടത്തിയത്. മറ്റു കോളനികവിലും വൈദ്യുതീകരിക്കാൻ നടപടി സ്വീകരിക്കണം.

കുടിവെള്ളം

കോളനികളിൽ കുടിവെള്ളക്ഷാമം അതിരൂക്ഷമാണ്. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നീ ഏജൻസികളും കിണറുകളും കുഴൽകിണറുകളും സ്ഥാപിച്ചിട്ടുണ്ടെങ്കിലും പലതും ഉപയോഗശൂന്യമാണ്. ടാപ്പുകളും സ്ഥാപിച്ചിട്ടുള്ള കോളനികളിൽ ജലസംഭരണികളുടെ കപ്പാസിറ്റിയും മോട്ടോറിന്റെ നിലവാര ത്തകർച്ചയും കാരണം ജലം ഉയർന്ന സ്ഥലങ്ങളിലേക്ക് കയറുന്നില്ല. പുതിയ ജലസംഭരണികളും ഉണ്ടാക്കി ആധുനിക രീതിയിലുള്ള മോട്ടോർ സ്ഥാപിക്കണം.

ആരോഗ്യം

എല്ലാ കോളനികളിലും വർഷത്തിൽ രണ്ടുമൂന്ന് പ്രാവശ്യം ആരോഗ്യസെമിനാറുകളും ചർച്ചാക്ലാസ്സുകളും ബോധവൽക്കരണക്ലാസ്സുകളും നടത്തണം. ആറാം വാർഡിൽ സ്ഥിതി ചെയ്യുന്ന IPP സെൻററിൽ മാസത്തിലൊരിക്കലെങ്കിലും ഡോക്ടറുടെ സേവനം ഉറപ്പാക്കണം. ഈ സെൻറർ പോത്തുകുണ്ട് IHDP കോളനിയുടെപരിസരത്താണ്. ഈ സെൻററിൽ അത്യാവശ്യ മരുന്നുകളും ചികിത്സയും പകലും രാത്രികാലങ്ങളിലും സേവനസന്നദ്ധരായ ജീവനക്കാരെയും ഏർപ്പെടുത്തണം. ആറാംവാർഡിലെ നിർദ്ദിഷ്ട ആയുർവേദ ഡിസ്പെൻസറി ഉടൻ സ്ഥാപിക്കണം.

പോത്തുകുണ്ടിൽ ഹരിജനങ്ങളും തലമുറകളായി ഉപയോഗിച്ചിരുന്ന ശ്മശാനം വർഷങ്ങളായി അന്യാധീനപ്പെട്ടു കിടക്കുകയാണ്. ഈ ശ്മശാനം വീണ്ടുകിട്ടാൻ വേണ്ട നടപടികളും സ്വീകരിക്കണം. പാറമ്മൽതൊടിയിലെ ഹരിജനങ്ങളും ഉപയോഗിക്കുന്ന ശ്മശാനം ഇന്ന് ഒരു സ്വകാര്യ വ്യക്തിയുടെ കൈയ്യിലാണ്. അതു വീണ്ടു കിട്ടാൻ നിയമനടപടികളും കൈകൊള്ളണം.

പട്ടികജാതിക്കാരുടെ ക്ഷേമം മുൻനിർത്തി നടപ്പിലാക്കേണ്ട ചില നിർദ്ദശങ്ങളും :

1. കാർഷിക മേഖലയിലെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കാൻ സത്വരനടപടി സ്വീകരിക്കുക.
2. കോളനികളിലെ അഭ്യസ്തവിദ്യരായ പെൺകുട്ടികൾക്ക് സ്വയംതൊഴിൽ കണ്ടെത്താൻ പഞ്ചായത്ത് മുൻകൈ എടുക്കുക ; കൈതൊഴിൽ പരിശീലിപ്പിക്കുകയും തൊഴിൽ മേഖല കണ്ടെത്തുകയും ചെയ്യുക.
3. സഹകരണ മേഖലയിൽ തൊഴിൽ സംരംഭങ്ങൾ തുടങ്ങുക.
4. പഞ്ചായത്തിലെ പൊതുമേഖലയിലും സഹകരണ-സർക്കാർ സ്ഥാപനങ്ങളിലും മതിയായ പ്രാധിനിത്യം ഉറപ്പാക്കുക.
5. വ്യാവസായിക രംഗത്ത് പരിശീലനം നൽകുകയും ചെറുകിട വ്യവസായം പഞ്ചായത്തിൽ പ്രോത്സാഹിപ്പിക്കുകയും ഇതിൽ ഈ വിഭാഗത്തേയും ഉൾപ്പെടുത്തുകയും ചെയ്യുക.
6. സ്ത്രീ തൊഴിലാളികൾക്ക് കാർഷിക മേഖലയിൽ തൊഴിൽ ,നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ, സഹകരണാടിസ്ഥാനത്തിൽ പായനെയ്ത്ത്, കുടിൽ വ്യവസായങ്ങൾ , തയ്യൽ പരിശീലന കേന്ദ്രം തുടങ്ങിയവ ആരംഭിക്കാൻ പഞ്ചായത്ത് മുൻകൈ എടുക്കുക.
7. പട്ടിജാതി സർവ്വീസ് സഹകരണ സംഘം തുടങ്ങുക.
8. വീട് വെയ്ക്കുന്നതിന് ധനസഹായം വർദ്ധിപ്പിക്കുക. ഇതിലെ നിയമങ്ങളും ഉദാരമാക്കുക. വീട് നിർമ്മാണം ഉപഭോക്താവിന്റെ ഇഷ്ടത്തിന് വിടുക. (ഇഷ്ടപ്പെട്ട പ്ലാൻ). വീടിന്റെ കൂടെ കക്കൂസുകളും അനുവദിക്കുക. കക്കൂസിനുള്ള ധനസഹായങ്ങളും വർദ്ദിപ്പിക്കുക.
9. പട്ടികജാതിക്കാർക്ക് ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള ഭവനവായ്പ പൂർണ്ണമായും സൗജന്യമാക്കുക.
10. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും പഞ്ചായത്തിനെ ചുമതലപ്പെടുത്തുക.

11. കുടിവെള്ളക്ഷാമം പരിഹരിക്കുക.
12. എല്ലാ കുടുംബങ്ങൾക്കും വൈദ്യുതി നൽകുക.
13. പഴയ വീടുകൾ പുതുക്കി പണിയാൻ ധനസഹായം നൽകുക.
14. പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭൂരഹിത-ഭവനരഹിത പുനരധിവാസപദ്ധതിയിൽ പെട്ട എല്ലാവർക്കും സൗജന്യമായി വീട് അനുവദിക്കുക.
15. പഞ്ചായത്തിൽ ഹരിജനങ്ങൾക്ക് പൊതു ശ്മശാനം നിർമ്മിക്കുക.
16. 4 സെൻറ് കോളനിയിലെ എല്ലാവർക്കും സൗജന്യമായി വീടും കക്കൂസും കുടിവെള്ളവും ലഭ്യമാക്കുക.
പഞ്ചായത്ത് കൊടുത്ത 4 സെൻറുകാർക്ക് പട്ടയം കൊടുക്കുക.
17. ലക്ഷംവീട് കോളനികളിലെ ശോച്യാവസ്ഥ പരിഹരിക്കുക. വീടുകൾ റിപ്പയർ ചെയ്യുക, വീടുകൾ വേർതിരിച്ച് നൽകുക, ഒരോ കുടുംബത്തിനും ഓരോ കക്കൂസ് സൗകര്യം ഏർപ്പെടുത്തുക.

കോളനി തിരിച്ചുള്ള പ്രശ്നങ്ങൾ

ചീനിക്കപ്പറമ്പ് - കാവുങ്ങപറമ്പ് കോളനി : (വാർഡ് 2)

ഈ കോളനിയിലെ മുഖ്യപ്രശ്നം കുടിവെള്ളക്ഷാമമാണ്. പൈപ്പ്ലൈൻ ഉണ്ടെങ്കിലും ഉയർന്ന പ്രദേശമായതിനാൽ എല്ലായ്പ്പോഴും വെള്ളം ലഭിക്കുന്നില്ല. അതിനാൽ ഈ കോളനിയിൽ 2 പൊതു കിണർ വളരെ അത്യാവശ്യമാണ്. വൈദ്യുതിയും വീട്ടുകാർക്ക് നൽകണം. കോളനിയിലേക്കുള്ള വഴി വാഹനയോഗ്യമാക്കണം.

ചുവന്നപറമ്പ് : കാളാവ് (വാർഡ് 3)

മുഖ്യപ്രശ്നം കുടിവെള്ളക്ഷാമം. ഈ കോളനിയിലേക്കനുവദിച്ച പൊതുകിണർ കോളനിയിൽ നിന്ന് വളരെ ദൂരെയാണ്. അതിനാൽ കോളനിക്കകത്തു തന്നെ ഒരു കിണർ നിർമ്മിച്ചാൽ ഉപകാരപ്രദമായിരിക്കും. കിണറിന് സ്ഥലം ലഭ്യമാണ്. ഈ കോളനിയിൽ ആർക്കും വൈദ്യുതി ലഭിച്ചിട്ടില്ല. തടത്തിലക്കുണ്ടിലേക്ക് റോഡ് സൗകര്യം ഉണ്ടാവണം.

പറമ്പാടത്ത് : (വാർഡ് 6)

കോളനിയിൽ വൈദ്യുതിയുണ്ട്. എല്ലാ വീട്ടുകാർക്കും വൈദ്യുതി ലഭിച്ചിട്ടില്ല. കോളനിയുടെ ഒറ്റത്ത് പൊതുകിണർ ഉണ്ട്. എല്ലാവർക്കും ഉപകാരപ്രദമല്ല. കോളനിയിലേക്കുള്ള റോഡ് വാഹനയോഗ്യമല്ല. ഈ റോഡ് കാളാവിലേക്ക് ബന്ധിപ്പിക്കണം. കോളനിയിൽ ടി.വി. സെറ്റ് അനുവദിക്കണം. എല്ലാ വീട്ടുകാർക്കും കക്കൂസ് അനുവദിക്കണം.

കോളനിയുടെ തെക്കുഭാഗം വയലാണ്. ഈ ഭാഗം കെട്ടിപ്പൊക്കി ഇവരുടെ ഭൂമി സംരക്ഷിക്കണം.

പാറമ്മൽതൊടി : (വാർഡ് 6)

ഈ കോളനി കിഴക്കു പടിഞ്ഞാറായി നീണ്ടു കിടക്കുന്നു. ഇരിക്കപ്പറമ്പ് മുതൽ പാറമ്മൽതൊടി വരെ വൈദ്യുതിയില്ല. പാറമ്മൽതൊടിയിൽ ഒരു പൊതുകിണർ ഉണ്ട്. പക്ഷെ, വേനൽകാലമായാൽ വറ്റും. അതിനാൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. കുടിവെള്ളത്തിന് വേണ്ടി വളരെ ദൂരം പാകണം. അതിനാൽ ഇവിടെ ഒരു കുഴൽകിണൽ സ്ഥാപിക്കണം. ഈ കോളനിയിലേക്കുള്ള റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം. ഇവരുടെ ശ്മശാനം അന്യാധീനപ്പെട്ടുപോകാൻ സാധ്യതയുണ്ട്. ഈ ഭൂമിക്ക് പട്ടയം നൽകി ഹരിജനങ്ങൾക്ക് കിട്ടാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

പോത്തുകുണ്ട് IHDP :(വാർഡ് 6)

ഈ കോളനി പ്രത്യേക ഘടക പദ്ധതിയിൽ വരുന്നു. വൈദ്യുതിയുണ്ട്. എന്നാൽ എല്ലാ വീടുകൾക്കും ഇല്ല. കുടിവെള്ളക്ഷാമം രൂക്ഷമാണ്. ഒരു പൊതുകിണർ ഉണ്ട്. ഈ കിറിൽ നവമ്പർ അവസാനത്തോടു കൂടി വെള്ളം ഇല്ലാതാവും. പിന്നെ മറ്റു വല്ല സ്ഥലത്തും പോയി വെള്ളം ശേഖരിക്കേണ്ട ഗതികേടിലാണ്. ഈ കിണർ തന്നെ കോളനിയുടെ ഒരറ്റത്താണ്. കോളനിയുടെ മധ്യഭാഗത്തായി ഒരു കിണർ അനുവദിക്കുകയാണെങ്കിൽ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും.

കോളനിയിൽ ഒരു കുഴൽ കിണർ ഉണ്ട്. ഈ കിണർ വഴി ഒരളവു വരെ ജലക്ഷാമം പരിഹരിക്കാൻ കഴിയുമെങ്കിലും പമ്പുഫിറ്റിംഗിലെ തകരാറു കാരണം പമ്പു ചെയ്യാൻ കഴിയുന്നില്ല. അതിനാൽ ഈ കുഴൽകിണർ ഉപയോഗയോഗ്യമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ കോളനിയിൽ വൈദ്യുതി ഉണ്ടെങ്കിലും വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്. കോളനികളിൽ കരണ്ട് ഉണ്ട് എന്ന കാരണത്താൽ റേഷൻകടയിൽ നിന്നും കാർഡുടമയ്ക്ക് 2 ലിറ്റർ മണ്ണെണ്ണ മാത്രമാണ് ലഭിക്കുന്നത്. ഇപ്പോൾ കരണ്ടുമില്ല, മണ്ണെണ്ണയുമില്ല എന്ന സ്ഥിതി വിശേഷമാണ്. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് പോത്തുകുണ്ടിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കണം. കോ

ളനിക്കനുവദിച്ച ടി.വി. റിപ്പയർ ചെയ്യുക, കോളനി പരിസരത്ത് ഒരു തൊഴിൽ കേന്ദ്രം അനുവദിക്കുക, കോളനിയിലെ കുട്ടികൾക്ക് ഉപയോഗപ്രദമായ അംഗൻവാടിക്ക് സ്ഥിരം കെട്ടിടം നിർമ്മിക്കുക, കോളനിയുടെ അടുത്തുള്ള എൽ.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്ത് യു.പി. സ്കൂളാക്കുക.

ഹരിജനങ്ങൾ പാരമ്പര്യമായി ഉപയോഗിച്ചിരുന്ന ശ്മശാനം ഇന്ന് സ്വകാര്യവ്യക്തിയുടെ കൈവശമാണ്. അത് വീണ്ട് കിട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.

മേലെപിലാക്കാട്ട് : (വാർഡ് 7)

ഈ കോളനിയിലെ മുഖ്യപ്രശ്നം കുടിവെള്ള പ്രശ്നമാണ്. ഇവിടത്തെ ഭൂമിയിൽ കരിമ്പാറ ഉള്ളത്കൊണ്ട് ഓപ്പൺവെൽ ശാശ്വതമല്ല. കുഴൽകിണർ, പൈപ്പ്ലൈൻ തുടങ്ങിയ വഴിയേ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയുകയുള്ളൂ. വൈദ്യുതിയും എല്ലാവർക്കും വേണം.

പടിഞ്ഞറെകുന്നത്ത് : (വാർഡ് 8)

ഇവിടെ കുടിവെള്ളം, വൈദ്യുതി എന്നിവ പൂർണ്ണമല്ല. കോളനിയിലേക്ക് റോഡ് വളരെ അത്യാവശ്യമാണ്. ഈ കോളനിയിലാണ് പ്രസിദ്ധമായ കാച്ചിനിക്കാട് മുത്തൻ ക്ഷേത്രം. ഈ ക്ഷേത്രം മതസൗഹാർദ്ധത്തിന്റെ ഉറവിടമാണ്. ഹിന്ദുക്കളും, മുസ്ലീങ്ങളും, ഹിന്ദുക്കളുടെ ഇതരഭാഗങ്ങളും ചേർന്ന് നടത്തുന്ന ഈ ക്ഷേത്രത്തിലെ നീരാട്ടുത്സവം, മലപ്പുറം ജില്ലയിലെ പ്രധാനപ്പെട്ട ഉത്സവങ്ങളിൽ ഒന്നാണിത്. എന്നാൽ ഈ ക്ഷേത്രത്തിലേക്ക് നേരിട്ട് ഒരു റോഡില്ല. കാച്ചിനിക്കാട് പള്ളിപ്പടി മുതൽ മുത്തൻക്ഷേത്രം വരെ റോഡ് നിർമ്മിക്കണമെന്ന് കോളനി നിവാസികൾ ആവശ്യപ്പെടുന്നു.

അംഗീകാരമില്ലാത്ത കോളനികൾ :

അയ്യപ്പറമ്പ് : (വാർഡ് 7)

ഈ കോളനിയിൽ 10 വീടുകൾ ഉണ്ട്. അംഗീകാരം ലഭിച്ചിട്ടില്ല. ഇവിടെ കുടിവെള്ളക്ഷാമം രൂക്ഷമാണ്. കുഴൽകിണർ മാത്രമേ ശാശ്വതമാകുകയുള്ളൂ. വൈദ്യുതി, കക്കൂസ് മുതലായവ അത്യാവശ്യമാണ്.

അരിമ്പ്രത്തൊടി : (വാർഡ് 8)

6 കുടുംബങ്ങൾ ഉണ്ട്. കുടിവെള്ള, വൈദ്യുതി, കക്കൂസ് മുതലായ അത്യാവശ്യ സ്വകര്യങ്ങൾ ഇല്ല. നിലവിലുള്ള കിണർ റിപ്പയർ ചെയ്താൽ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും.

തൊണ്ടിയിൽ ചാള : വാർഡ് 2

6 കുടുംബങ്ങൾ ഉണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഇല്ല. കോളനികളിലേക്കുള്ള വഴി സംരക്ഷിക്കണം.

ഒറ്റപ്പെട്ട വീടുകൾ :

പഞ്ചായത്തിന്റെ വിവിധ വീടുകളിലായി 26 കുടുംബങ്ങൾ താമസിക്കുന്നു. ഇവർക്ക് കോളനികളെ അപേക്ഷിച്ച് യാതൊരു ആനുകൂല്യങ്ങളും ലഭിക്കുന്നില്ല. ഏറ്റവും കുറഞ്ഞത് കൃഷിഭവൻ മുഖേന നൽകുന്ന തെങ്ങിൻതൈ വരെ ഇവർക്ക് അന്യമാണ്. വീട്, കിണർ, കക്കൂസ്, വൈദ്യുതി ഇത്യാദി കാര്യങ്ങൾ ഇവർക്ക് ലഭിക്കുന്നില്ല. അതുകൊണ്ട് പഞ്ചായത്ത് ഇടപെട്ട് ഇവർക്ക് വേണ്ട സൗകര്യങ്ങൾ ചെയ്ത് കൊടുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

"ഭൂമിയിൽ അടിച്ചമർത്തപ്പെട്ട വിഭാഗത്തോട്
ഔദാര്യം കാണിക്കാനും
അവരെ നായകന്മാരാക്കാനും
അവരെത്തന്നെ
അനന്തരാവകാശികളാക്കാനുമാണ്
നാം ഉദ്ദേശിക്കുന്നത്"

- വിശുദ്ധ ഖുർആൻ

വിഭവസമാഹരണം

നമ്മുടെ പരാധീനതകൾക്ക് ഒരു പ്രധാന കാരണം ലഭ്യമായ വിഭവങ്ങൾ ശാസ്ത്രീയമായും ആസൂത്രിതമായും ഉപയോഗപ്പെടുത്താൻ കഴിയാത്തതാണ്. വൻകിട വ്യവസായശാലകളൊന്നും മക്കരപ്പറമ്പ പഞ്ചായത്തിൽ ഇല്ല. എന്നാൽ ചെറുകിട വ്യവസായ ശാലകൾ കുറെയൊക്കെ പഞ്ചായത്തിൽ അങ്ങിങ്ങായി ഉണ്ട്. ഉള്ള ചെറുകിട വ്യവസായങ്ങൾ തന്നെ ലോഡ്ഷെഡ്ഡിംഗ്, വോൾട്ടേജ് കമ്മി തുടങ്ങിയ കാരണങ്ങളാൽ അവയുടെ പ്രവർത്തനം ലാഭകരമായി മുമ്പോട്ട് കൊണ്ടുപോകാൻ കഴിയാത്ത അവസ്ഥയിലാണ്. ഈ രംഗത്ത് പുതിയ മുന്നേറ്റം നടത്തണമെങ്കിൽ വിഭവസമാഹരണത്തിന് മറ്റു മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു.

മത്സ്യം വൻതോതിൽ വളർത്താൻ പറ്റിയ ഏതാനും കായികളും കുളങ്ങളും ഈ പഞ്ചായത്തിലെ വടക്കാങ്ങര ഭാഗത്തുണ്ടെങ്കിലും അവ ശാസ്ത്രീയമായി ഉപയോഗപ്പെടുത്തി വേണ്ടത്ര പ്രയോചനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഈ കായികളിലെ വറ്റാത്ത വെള്ളം ആസൂത്രിതമായി ഉപയോഗപ്പെടുത്തിയാൽ വെള്ളക്ഷാമം അനുഭവിക്കുന്ന സ്ഥലങ്ങളിൽ എത്തിക്കാനും കഴിയും. കാർഷിക രംഗത്ത് വിഭവസമാഹരണം വർദ്ധി

ക്കണമെങ്കിൽ കൃഷി സ്ഥലങ്ങൾ നികത്തി വീടു വെക്കുന്നത് നിർത്തലാക്കാൻ പഞ്ചായത്ത് കർശന നിയമങ്ങൾ കൈകൊള്ളണം. പാടം നികത്തി തെങ്ങ്, കമുങ്ങ് എന്നിവ വച്ച് പിടിപ്പിക്കുന്നത് മൂലം സമീപമുള്ള വയലുകളുടെ ഉടമസ്ഥരും കാനൽ പേടിച്ച് അതിന് തന്നെ തയ്യാറാകുന്നു. ഇതൊന്നില്ലാത്ത പാടങ്ങളിൽ നെൽകൃഷിക്ക് പകരം മരച്ചീനി, വാഴ എന്നിവയാക്കിയിരിക്കുന്നു.നെൽകൃഷി ലാഭകരമല്ലാത്തതാണ് ഇതിന് കാരണം. ജൈവവളപ്രയോഗം കുറയുന്നതും രാസവളത്തിന്റെ ഉപഭോഗം ഉണ്ടാക്കുന്ന ദോഷഫലങ്ങളും കർഷകരേയും കർഷകത്തൊഴിലാളികളേയും ബോധ്യപ്പെടുത്തണം. അമിതമായ കൂലിച്ചെലവ് കർഷകരെ ബുദ്ധിമുട്ടിക്കുന്നു. ഇതിനെല്ലാം പരിഹാരം കണ്ടെത്തിയെങ്കിലെ ഉൽപ്പാദന ക്ഷമത വർദ്ധിക്കുകയുള്ളൂ.

നികുതികൾ

നികുതി കൊടുക്കുന്ന കാര്യത്തിൽ ജനങ്ങൾ ബോധവാന്മാരെല്ല. ബന്ധപ്പെട്ട ഓഫീസിൽ ആവശ്യങ്ങൾക്ക് ചെല്ലുമ്പോൾ നിർവ്വാഹമില്ലാത്തതുകൊണ്ടാണ് നികുതി കൊടുക്കുന്നത്. വൻ സാമ്പത്തിക സ്ഥിതിയുള്ള നികുതി ദായകരിൽ ചിലർ കൃത്രിമ രേഖയുണ്ടാക്കി നികുതി കൊടുക്കുന്നതിൽ നിന്നും ഒഴിവാകുന്നു. അങ്ങനെയുള്ളവരെ കണ്ടെത്താൻ സംവിധാനം ഉണ്ടാക്കണം. കണക്കുപ്രകാരമുള്ള നികുതി ഈടാക്കുന്നതിൽ നിന്ന് ഒരാളേയും ഒഴിവാക്കിക്കൂടാ. ഇങ്ങനെ ശേഖരിക്കുന്ന നികുതിപ്പണത്തിന്റെ മുക്കാൽ പങ്കും പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് ചെലവഴിക്കാനുള്ള അധികാരം പഞ്ചായത്തിന് തന്നെ ലഭിക്കണം.

വൻതോതിലല്ലെങ്കിലും മണലാരണ്യത്തിൽ കഷ്ടപ്പെടുന്നവരുടെ വിയർപ്പിന്റെ വേതനമായ ഗൾഫ് പണമാണ് നമ്മുടെ പഞ്ചായത്തിലെ ജീവിതനിലവാരം ഉയരാൻ കാരണം. അതിന് ഇടിവ് സംഭവിക്കുന്നത് പഞ്ചായത്തിലെ എല്ലാ മേഖലയിലും സാരമായി ബാധിക്കും. ഗൾഫിൽ നിന്നും വരുന്ന പണം പ്രത്യുൽപ്പാദനപരമായ മാർഗ്ഗത്തിലേക്ക് തിരിച്ച് വിടുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകാൻ മുൻകയ്യെടുക്കണം.

പഞ്ചായത്തിലെ വരുമാനത്തിലെ വ്യതിയാനം

	ഇനം	1991-92	1995-96	വ്യത്യാസം	ശതമാനം
1.	തനത് വരുമാനം				
a.	കെട്ടിട നികുതി	42,968.00	100,270.00	+ 57302.00	133.35
b.	വിനോദ നികുതി	18,651.00	28,682.00	+ 10031.00	53.78
c.	തൊഴിൽ നികുതി	45,346.00	87,060.00	+ 41714.00	92.00
2.	ഉപാധിരഹിത ഫണ്ട്				
a.	ജനറൽ	140.437.00	215,000.00	+ 74563.00	53.09
b	എസ്.സി.പി.	50,000.00	82.400.00	+ 32400.00	64.80
3.	ജെ.ആർ.വൈ.	183,800.00	239,216.00	+ 55416.00	30.15
4.	ഗ്രാൻറുകൾ, സംഭാവനകൾ	149.437.00	234,594.00	+ 84157.00	56.98
5.	ആകെ വരവ്	630,639.00	997,222.00	+ 366583.00	58.13
	ചെലവ്, എസ്റ്റാബ്ലിഷ്മെൻറ്	91.926.00	232,985.00	+ 141059.00	153.45

വ്യാപാരത്തിൽ നിന്നും തൊഴിലിൽ നിന്നുമുള്ള വരുമാനം അനുസരിച്ച് നികുതി ഈടാക്കണം. സിനിമാ ടാക്കീസിൽ നിന്ന് കളക്ഷൻൻ അനുസരിച്ച് വിനോദ നികുതി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ലഭ്യമാകാത്ത സ്ഥിതി പതിവാണ്. പഞ്ചായത്തിലെ ഏകടാക്കീസിൽ ഓരോ 'ഷോ'ക്കും പരിശോധനകൾ കർശനമാക്കുന്നത് വഴിയാണ് ഇത് പരിഹരിക്കേണ്ടത്.

പഞ്ചായത്തിൽ നിന്നും വമ്പിച്ച തോതിൽ ചെങ്കല്ല്, കരിങ്കല്ല് എന്നിവ പൊട്ടിച്ചെടുക്കുന്നു. ഈ സാമ്പത്തിക വർഷം മുതൽ അതിൽ നിന്നും കിട്ടുന്ന വരുമാനത്തിനനുസരിച്ച് പഞ്ചായത്തിന് നികുതി പിരിച്ചെടുക്കാൻ നിയമമുണ്ടാക്കണം.

മറ്റു ധനാഗമന മാർഗ്ഗങ്ങൾ

ആട് വളർത്തലിന് അനുയോജ്യമായ പറമ്പുകൾ പഞ്ചായത്തിലെ ഓരോ വാർഡിലുമുണ്ട്. ആട്വളർത്തലിന് പാവപ്പെട്ടവർക്ക് ധനസഹായം നൽകിയാൽ അത് ഗ്രാമീണരുടെ വരുമാനം വർദ്ധിപ്പിക്കും.

പഞ്ചായത്തിൽ ഒഴിഞ്ഞ് കിടക്കുന്ന പറമ്പുകൾ കൃഷിയോഗ്യമാക്കുന്നതിന് ഉടമകൾക്കോ, തൽപരരായ വ്യക്തികൾക്ക് പാട്ടം വഴിയോ സഹായവും മാർഗ്ഗനിർദ്ദേശവും നൽകാൻ സംവിധാനം വേണം.

- കാർഷിക വിഭവങ്ങൾ

പഞ്ചായത്തിൽ കൃഷി ചെയ്യുന്ന വിഭവങ്ങൾ പഞ്ചായത്തിൽ തന്നെ ശേഖരിച്ച് വില ഏറ്റവും കൂടുതൽ ലഭ്യമായ മാർക്കറ്റിൽ എത്തിക്കാൻ കഴിഞ്ഞാൽ കർഷകർക്ക് ന്യായമായ വില ലഭിക്കും. അതിന് പഞ്ചായത്ത് നേരിട്ടോ കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിച്ചോ സംവിധാനം ഉണ്ടാക്കിയാൽ കർഷകർക്ക് ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ മാർക്കറ്റ് തേടി നടക്കേണ്ടി വരില്ല. ഇത് ഉൽപ്പാദനത്തിൽ തന്നെ പുതിയ ഉണർവ് ഉണ്ടാക്കും.

പഞ്ചായത്തിന് നടുവിലൂടെ ഒഴുകുന്ന തോടിന്റെ ഇരുകരയും ഇറക്കികെട്ടുന്നത് മൂലം തോട് ഇല്ലാതായിരിക്കുന്നു. ഈ തോട്ടിൽ ഉണ്ടായിരുന്ന ചിറകൾ കെട്ടി നിർത്താൻ പഞ്ചായത്ത് സംവിധാനം ഉണ്ടാക്കുകയാണെങ്കിൽ തോടിന്റെ ഇരുകരയിലുമുള്ള കുളങ്ങളിലും കിണറുകളിലും ജലം നിറയും. ഉള്ള വെള്ളം വേനൽകാലത്ത് നന്നാകാനും പ്രയോജനപ്പെടും.

ബാങ്ക് ഫൈനാൻസിയേഴ്സ്

നമ്മുടെ പഞ്ചായത്തിലെ സഹകരണ ബാങ്ക്, കാത്തലിക് സിറിയൻ ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങൾ കൊടുക്കുന്ന വായ്പകൾ വളരെ പരിമിതമാണ്. ഉള്ളവ തന്നെ കിട്ടാൻ ഏറെ നൂലാമാലകൾ തരണം ചെയ്യണം. വായ്പാ നടപടി ക്രമങ്ങൾ ലഘൂകരിക്കണം. ഈ ബാങ്കുകൾ സമാഹരിക്കുന്ന നിക്ഷേപം പഞ്ചായത്തിൽ തന്നെ വായ്പയായി കൊടുക്കണം. പഞ്ചായത്ത് അംഗീകരിക്കുന്ന പദ്ധതികൾക്ക് ബാങ്കുകൾ മുൻഗണന കൊടുക്കണം. കൃഷിഭവൻ മുഖേനയുള്ള സബ്സിഡി ദുരുപയോഗം ചെയ്യാനുള്ള ശ്രമങ്ങൾ തടയണം.

പഞ്ചായത്തിന് കൂടുതൽ വരുമാനം സാധ്യമാകുന്നതിനുള്ള നിർദ്ദേശങ്ങൾ :

1. അർഹരായവരിൽ നിന്നെല്ലാം നികുതി യഥാസമയം ഈടാക്കാൻ സംവിധാനം വേണം.
2. ജനങ്ങൾ നികുതി കൊടുക്കുന്നതെന്തിനാണെന്നും അത് നാടിന് എങ്ങിനെ പ്രയോജനപ്പെടുത്തുന്നുവെന്നും ബോധ്യപ്പെടുത്തണം.
3. വരുമാനവും പദ്ധതി ചെലവുകളും സംബന്ധിച്ച വിവരങ്ങൾ ജനങ്ങൾക്കറിയാൻ സംവിധാനം ഉണ്ടാക്കണം.
4. നികുതി പിരിക്കാൻ നേതൃത്വം കൊടുക്കാൻ വാർഡ് പ്രതിനിധികളോ വാർഡ് വികസന സമിതികളോ തയ്യാറാവണം.

മനുഷ്യാധ്വാനം

നമ്മുടെ വിഭവങ്ങളിൽ പ്രധാനം മനുഷ്യവിഭവം തന്നെയാണ്. സ്വന്തം നാടിന്റെ വികസനത്തിന് അദ്ധ്വാനം സംഭാവന നൽകുക എന്ന ആശയം മഹത്തരമാണ്. പഞ്ചായത്തിലെ ചെറിയ മൺറോഡുകൾ നന്നാക്കുന്നതിനും നിർമ്മിക്കുന്നതിനും സർക്കാറിൽ നിന്ന് സഹായം കാത്ത് നിൽക്കാതെ മനുഷ്യാധ്വാനം വഴി പൂർത്തിയാക്കാനാവും. സ്കൂൾ കെട്ടിടങ്ങൾ നന്നാക്കുന്നതിനും വിദ്യഭ്യാസനിലവാരം ഉയർത്തുന്നതിനും ഇത് പ്രയോജനപ്പെടുത്താവുന്നതാണ്.

പഞ്ചായത്തിലെ പൊതുസ്ഥാപനങ്ങളുടേയും പൊതുസ്ഥലങ്ങളുടേയും ശുചീകരണം ജനോപകാരപ്രദമായ ചെറുപദ്ധതികളുടെ നിർമ്മാണം തുടങ്ങിയവ ശ്രമദാനങ്ങളിലൂടെ നടത്താവുന്നതാണ്. പൊതുസ്ഥലങ്ങളിൽ രോഗവ്യാപനത്തിന് കാരണമാകുംവിധം മലിനജലം കെട്ടി നിർത്തുന്നത് തടയാനും ഇങ്ങനെയുള്ള സന്നദ്ധപ്രവർത്തനങ്ങൾ കൊണ്ട് കഴിയും. സംഘടിത പ്രവർത്തനങ്ങളിലൂടെ ചെറുകിട വ്യവസായസംരംഭകർ തുടങ്ങുന്ന ഉൽപ്പന്നങ്ങൾക്ക് വിപണി ഒരുക്കുക, അറവു ശാലകളിൽ കുമിഞ്ഞ് കൂടുന്ന എല്ലും തോ

ലും സംസ്കരിച്ച് വ്യാവസായികാടിസ്ഥാനത്തിൽ പ്രയോജനപ്പെടുത്തുക, ഉപയോഗശൂന്യമായ ജലവും മറ്റും മാലിന്യങ്ങളും ചേർന്നുള്ള കമ്പോസ്റ്റ് വളം ഉണ്ടാക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുക, പാഴ്വസ്തുക്കൾ സംസ്കരിച്ച് പുതിയ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന ചെറുകിട ഫാക്ടറികൾ ആരംഭിക്കുക എന്നിവ പരിഗണിക്കാവുന്നതാണ്. ഇതുവഴി വ്യവസായ, കാർഷിക രംഗം അഭിവൃദ്ധിപ്പെടുകയും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും കൂടുതൽ വരുമാനം ലഭ്യമാവുകയും ചെയ്യുന്നു.

ഷോപ്പിംഗ് കോപ്ലക്സ്

മക്കരപ്പറമ്പ് പഞ്ചായത്തിലെ പ്രധാന അങ്ങാടിയായ മക്കരപ്പറമ്പിന്റെ ഹൃദയഭാഗമായ ജംഗ്ഷനിൽ സ്ഥിതി ചെയ്യുന്ന വില്ലേജ് ഓഫീസിന് മറ്റൊരു സ്ഥലം കണ്ടെത്തുകയും ഈ സ്ഥാനത്ത് പഞ്ചായത്ത് വക ഷോപ്പിംഗ് കോപ്ലക്സ് സ്ഥാപിക്കുകയും ചെയ്താൽ പഞ്ചായത്തിന് കാര്യമായ വരുമാനം പ്രതീക്ഷിക്കാവുന്നതാണ്. ടൗണിന്റെ മുഖച്ഛായ മാറ്റാനും ഇത് സഹായകരമാവും. മക്കരപ്പറമ്പ് ജംഗ്ഷനിലെ വാഹനത്തിരക്ക് കാൽനടയാത്രക്കാർക്കും വാഹനഗതാഗതത്തിനും എപ്പോഴും തടസ്സം സൃഷ്ടിക്കുന്നുണ്ട്. ഇതിന് പരിഹാരമായി മോട്ടോർ ടാക്സി സ്റ്റാൻറ് നിർമ്മിക്കുകയാണെങ്കിൽ ഇതും പഞ്ചായത്തിന് ഭാവിയിൽ വരുമാനമാർഗ്ഗമാകും.

"നശിപ്പിക്കാതിരിക്കുക
വലിച്ചു താഴ്ത്താതിരിക്കുക
നിർമിക്കുക
കഴിയുമെങ്കിൽ സഹായിക്കുക
ഇല്ലെങ്കിൽ
മാറിനിന്ന് നോക്കി കാണുക"

- ശ്രീരാമകൃഷ്ണ പരമഹംസർ



ആറ്

ഉപസംഹാരം

ഇനങ്ങളുടെ ബോധപൂർവ്വമായ ഇടപെടലുകൾ വഴി വികസനസംരംഭങ്ങൾ കുറ്റമറ്റതാക്കാൻ ജനകീയാസൂത്രണ പരിപാടിക്ക് കഴിയുമെന്ന് പ്രത്യാശിക്കുകയാണ്. നമ്മുടെ പഞ്ചായത്ത് പ്രദേശത്തിന്റെ ആത്മാവിലേക്കിറങ്ങിച്ചെന്ന് അന്വേഷണങ്ങളുടെ ഫലമാണ് ഈ വികസന റിപ്പോർട്ട്. കഴിഞ്ഞ കാലം വെട്ടിത്തെളിയിച്ച പാതയിലൂടെ സഞ്ചരിക്കെതന്നെ വേറിട്ട വഴിയിലേക്ക് കടന്നു പുതിയ സങ്കേതങ്ങൾ തേടിച്ചെന്നു വിഭവസമാഹരണത്തിന്റെ സാധ്യത പഠിച്ചറിയുകയായിരുന്നു. പ്രയോജനപ്പെടാതെ കിടക്കുന്ന വിഭവസ്രോതസ്സുകൾ ആസൂത്രിതമായ ശ്രമങ്ങൾ വഴി നാടിനുപകാരപ്പെടുത്താനും മനുഷ്യവിഭവശേഷി കൊണ്ടു വികസന മുന്നേറ്റത്തിന് കരുത്ത് പകരാനും ഈ യജ്ഞത്തിന് കഴിയുമെന്ന് പ്രതീ

ക്ഷയുണ്ട്. പഞ്ചായത്തിന്റെ നാടിമിടിപ്പുകൾ അറിയുന്ന പൊതുപ്രവർത്തകരാണ് ഈ അന്വേഷണയാത്രയിൽ ആത്മാർത്ഥമായ സേവനം അർപ്പിച്ചത്. ഇനിയുള്ള യജ്ഞങ്ങളിൽ അവരുടെ കർമ്മശേഷി തന്നെയാണ് ഈ പ്രക്രിയയുടെ വിജയപ്രാപ്തിയുടെ പിൻബലം.

നാടിന്റെ വികസനസങ്കൽപ്പങ്ങളിൽ തന്നെ കാലോചിതമായ മാറ്റം നിർബന്ധമാണ്. ഓരോ കാലവും ആവശ്യപ്പെടുന്ന വികസനം വ്യത്യസ്തമാണ്. അതുകൊണ്ട് തന്നെ പുതിയ ശാസ്ത്ര - സാങ്കേതിക - പാരിസ്ഥിതിക മാറ്റങ്ങൾക്കൊപ്പം ഓടിയെത്താനുള്ള ദൂരത്തിനനുസരിച്ചും വികസന ആശയങ്ങൾ രൂപപ്പെടുത്തണം. ഏതു വളർച്ചയിലും ജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ കിടക്കുന്ന സാഹചര്യങ്ങൾ പതിവുണ്ട്. ഇതിനൊക്കെയുള്ള പരിഹാരം ജനങ്ങളുടെ ആസൂത്രണ മുൻകൈ തന്നെയാണ്. വിസ്തൃതിയിലും ജനസംഖ്യയിലും വിഭവത്തിലും ചെറുതാണ് നമ്മുടെ പഞ്ചായത്തെങ്കിലും പൊതു ആവശ്യങ്ങൾ മനുഷ്യർക്കെല്ലാം തുല്യമാണെന്ന വസ്തുത നമ്മുടെ കണക്കുകളിൽ ഓർമ്മിക്കേണ്ടതുണ്ട്. 9-ാം പഞ്ചവത്സര പദ്ധതിയിൽ നമ്മുടെ പഞ്ചായത്തിൽ നടപ്പാക്കേണ്ട പദ്ധതികൾ നാം തന്നെ ആസൂത്രണം ചെയ്യേണ്ടതുമാണ്. അത് ഏറെ ഗുണവും ഉൾക്കാഴ്ചയും നൽകും. പ്രശ്നങ്ങൾ, പരിഗണനകൾ, പരിഹാരങ്ങൾ എല്ലാം മുൻഗണനാക്രമങ്ങളിൽ നമ്മൾ നാട്ടുകാർ ചെയ്യണം ഈ വിപുലമായ ലക്ഷ്യം വെച്ചുള്ള സമഗ്രവികസന റിപ്പോർട്ടാണ് ഈ പഞ്ചായത്ത് വികസന സെമിനാറിന് നൽകിയിട്ടുള്ളത്. ചെറുതും വലുതുമായ സംഘങ്ങളുടെ ആശയക്കൈമാറ്റം വഴി പുതിയൊരു വികസന പദ്ധതിയിലും വികസന സംസ്കാരത്തിലും പങ്കാളിത്തം നൽകാൻ നമുക്ക് കഴിയട്ടെ. സെമിനാറിൽ സജീവ സാനിധ്യമായി ഈ ജനകീയ പ്രസ്ഥാനം വിജയിപ്പിക്കാൻ സർവ്വാത്മനാ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

കെ.കെ. ആബിദ് ഹുസൈൻ തങ്ങൾ

(പ്രസിഡൻറ്, മക്കരപ്പറമ്പ ഗ്രാമപഞ്ചായത്ത്)

വികസന നിപ്പോർട്ട് തയ്യാറാക്കിയ കോർ ഗ്രൂപ്പ്

ചരിത്ര പഠനം

സി. കൃഷ്ണൻ നായർ (രാജവാഴ്ചയും വിദ്യാഭ്യാസ - രാഷ്ട്രീയ ചരിത്രവും)
സി.പി. സൈതലവി (സ്ഥലനാമവും സാമൂഹ്യ-സാംസ്കാരിക ചരിത്രവും)

പഠന പര്യടനം

ഗ്രൂപ്പ് എ
പി. അഹമ്മദ് മാസ്റ്റർ
കെ. അബൂബക്കർ മൗലവി
സുന്ദരൻ എം.പി.
എം. വാസുണ്ണി മാസ്റ്റർ
സി. പ്രഭാകരൻ
പി. മമ്മദു
കെ. മുഹമ്മദലി മാസ്റ്റർ

ഗ്രൂപ്പ് ബി
പി. മുഹമ്മദ് മാസ്റ്റർ
സി. എം. അബ്ദുറഹിമാൻ
കെ. ഇബ്രാഹിം
ഇ. കൻസുദ്ദീൻ
എ. യൂസുഫ്
കെ.കെ. ബഷീർ ഹുസൈൻ
കെ. സാദിഖ്
കെ. അലവി

കൃഷി ജലസേചനം

പി. അഹമ്മദ് മാസ്റ്റർ
കെ. അബൂബക്കർ മൗലവി
ടി. മമ്മദു
എം.പി. അബ്ദുറഹിമാൻ
വി.എം. കുഞ്ഞാൻ
കെ. മുഹമ്മദ് എന്ന കുഞ്ഞാൻ

മൃഗസംരക്ഷണവും മത്സ്യബന്ധനവും

പി. മൊയ്തീൻകുട്ടി മാസ്റ്റർ
യു. കുഞ്ഞിമൊയ്തു(ലൈവ് സ്റ്റോക് അസിസ്റ്റൻറ്)
പി.ടി. അബൂബക്കർ ''
കെ.പി. നാരായണൻ
ടി. മുസ്തഫ

വ്യവസായം

കെ. ഇബ്രാഹിം മാസ്റ്റർ
കെ. മുഹമ്മദലി
കെ.പി. കുഞ്ഞിക്കോയ
സി.ടി. മായിൻകുട്ടി
വി. സത്താർ
ടി.കെ. അഷ്റഫ്

വിദ്യാഭ്യാസം

കെ. സാദിഖ്
സി. എം. അബ്ദുറഹിമാൻ
ടി.പി. വനജ
കെ.എം. ജലീൽ
കെ. സാറടീച്ചർ
പി. ദിനേശ്

കുടിവെള്ളവും പൊതുജനാരോഗ്യവും

ഇ. മുഹമ്മദ് റാഫി
കെ. മുഹമ്മദലി മാസ്റ്റർ
സി. കരീം
എ.പി. കുട്ടൻ (പി.എച്ച്.സി.)
വി. അബു മാസ്റ്റർ

ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

ടി.വി. സേതുമാധവൻ
കെ.ടി. ഹരിദാസ്
യു. അബൂബക്കർ
എം. ദേവദാസ്
കെ.വി. മുരളീധരൻ

പാർപ്പിടവും സാമൂഹ്യക്ഷേമവും

വി. മഹ്ബൂബ്
കെ. മൂസ്സ
പി.കെ. സുബ്രമണ്യൻ
ശ്രീമതി. വത്സല (LEVO)
പി. മൊയ്തു

സംസ്കാരം

കെ. അലവി മാസ്റ്റർ
ഡോ. സി.പി. അബൂബക്കർ
പി.കെ. റഊഫ്

വനിത

ഇ. സൈനബ ടീച്ചർ
പി. കതീജ
പി. നഫീസ
എം. തുളസി ടീച്ചർ
വി. കതിയക്കുട്ടി

സഹകരണമേഖല

ഇ. കൻസുദ്ദീൻ
പി. അലവി
പെരിഞ്ഞീരി ഹനീഫ
എ.പി. രാമദാസ്

പട്ടികജാതി പട്ടികവ

പി. വേലായുധൻ
പി. ശ്രീധരൻ
എം.പി. രവി
എം. പി. സുന്ദരൻ
എ. നൗഫൽ

വിഭവ സമാഹരണം :

കെ.കെ. ബഷീർ ഹുസൈൻ
എ. യൂസുഫ് മാസ്റ്റർ
സി.പി. അബ്ദുറഹിമാൻ
കെ. അബ്ദുറഹിമാൻ
ടി. അയ്മുട്ടി മാസ്റ്റർ

ചെയർമാൻ
കെ.കെ. ആബിദ് ഹുസൈൻ തങ്ങൾ
കൺവീനർ
പി. മുഹമ്മദ് മാസ്റ്റർ

NOTES

NOTES

NOTES

കേരളം



അധികാരം ജനങ്ങളിലേക്ക്

Type Setting & Printing at DATAFLEX, MANJER